# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലാ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ:** doktm.ksad@kerala.gov.in

**ഫോൺ :** 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെറ്റിഎം പി17-171/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 14/03/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പാലാ മുനിസിപ്പാലിറ്റി

സർ,

**വിഷയം : പാലാ മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലാ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് കോട്ടയം
3.കാര്യാലയപ്രതി

നമ്പർ: കെഎസ്എകെറ്റിഎം പി17-171/24 തീയ്യതി: 14/03/2024

## കോട്ടയം ജില്ലയിലെ പാലാ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാലാ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-02-2023 മുതൽ 30-06-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു സി ജോർജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-01-2024 | 25-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-01-2024 | 25-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മായ ആർ , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

സുധ ജേക്കബ് , ഓഡിറ്റ് ഓഫീസർ

ജയശ്രീ പി ജി , സീനിയർ ഗ്രേഡ് ഓഡിറ്റർ

ഷാജിമോൻ പി ബി , സീനിയർ ഗ്രേഡ് ഓഡിറ്റർ

യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ഉണ്ണികൃഷ്ണൻ എം , ഓഡിറ്റർ (ഹ.ഗ്രേ)
അഗസ്റ്റിൻ സി തേവർകുന്നേൽ ,ഓഡിറ്റർ
ജോബി കുര്യൻ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ആന്റോ ജോസ് പടിഞ്ഞാറേക്കര | ചെയർമാൻ | 01-04-2022 | 18-01-2023 |
| ശ്രീമതി ജോസിൻ ബിനോ | ചെയർപേഴ്സൺ | 19-01-2023 | 31-03-2023 |
| ശ്രീ. ജൂഹി മരിയ ടോം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീഷ്കുമാർ ജി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| സിയാദ് എ | അസി. എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2022 | 31-03-2023 |
| സാം മാത്യു സാബു | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| മെറീന തോമസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ജ്യോതി എസ് കുമാർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2023 | 31-03-2023 |
| ഡോ. ഷമ്മി രാജൻ | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ | 01-04-2022 | 31-03-2023 |
| ഡോ. ശ്രീലത എസ് | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 13-06-2022 |
| ഡോ. അമ്പിളി കുമാരി | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 14-06-2022 | 31-03-2023 |
| ഡോ. വി എം ശശിധരൻ | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 13-07-2022 |
| ഡോ. സാജൻ ചെറിയാൻ | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ | 14-07-2022 | 31-03-2023 |
| ഡോ. സാജൻമോൻ കെ ആന്റണി | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| കമറുദ്ധീൻ എൻ ഐ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| ചന്ദ്രൻ പി | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ബ്ലെസ്സി ജോഷി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| സനിത്ത് കുമാർ എൻ റ്റി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23 | 1-1 |
| 2 | ക്യാരി ഓവർ ചെയ്ത മുനിസിപ്പൽ ഫണ്ടിൽ വ്യത്യാസം | 1-1-1 |
| 3 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-2 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-3 |
| 5 | ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ശുചിത്വമിഷൻ ഫണ്ട്- താൽക്കാലികമായി വകമാറ്റിയ തുകയുടെ അക്കൗണ്ടിംഗ് ക്രമീകരണം നടത്താത്തതിനാൽ 1.97 കോടി രൂപ ബാധ്യതയായി പ്രതിഫലിക്കുന്നില്ല. | 1-1-5 |
| 7 | വേറിട്ട് സൂക്ഷിക്കേണ്ട ഫണ്ടുകളിൽ നിന്നുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്നും നേരിട്ട് നിർവ്വഹിക്കുന്നത് മൂലമുള്ള തെറ്റായ അക്കൗണ്ടിങ്ങ്. | 1-1-6 |
| 8 | ഡെപ്പോസിറ്റ് പ്രവൃത്തി- മുഴുവൻ തുകയും അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-7 |
| 9 | വിവിധ ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല | 1-1-8 |
| 10 | ബി-8 ഷെഡ്യൂളിൽ Deposit Works-Civil Works എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-9 |
| 11 | സ്ഥിരനിക്ഷേപ സാക്ഷ്യപത്രം,രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-1-10 |
| 12 | ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ്-നീക്കിയിരിപ്പ് നെഗറ്റീവ് | 1-1-11 |
| 13 | ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ആസ്തികളുടെ മൂല്യശോഷണം-വിശദാംശങ്ങൾ ലഭ്യമല്ല | 1-1-13 |
| 15 | ലോൺ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-1-14 |
| 16 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-1-15 |
| 17 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-16 |
| 18 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-17 |
| 19 | പ്രത്യക ഉദ്ദേശ ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല | 1-1-18 |
| 20 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-19 |
| 21 | പ്രയർ പീരീഡ് ആയി ക്രമീകരിച്ച തുകകളുടെ കൃത്യത വ്യക്തമല്ല. | 1-1-20 |
| 22 | അക്രൂവൽ വരവിനങ്ങളുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-21 |
| 23 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-22 |
| 24 | ബജറ്റ് | 1-2 |
| 25 | സാമ്പത്തിക വിശകലനം | 1-3 |
| 26 | ഫണ്ട് വിനിയോഗം | 1-4 |
| 27 | പദ്ധതി അവലോകനം | 1-5 |
| 28 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 29 | ക്ഷേമ പദ്ധതികൾ | 1-7 |
| 30 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 31 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 32 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 33 | നഗരസഭയുടെ സാമ്പത്തികാവസ്ഥയുടെ അവലോകനം-കടുത്ത സാമ്പത്തിക പ്രതിസന്ധി വെളിവാക്കുന്നു. | 1-11 |
| 34 | അധിക വിഭവ സമാഹരണം | 1-12 |
| 35 | മുനിസിപ്പൽ പെൻഷൻ ഫണ്ട് | 1-13 |

| | | |
|---|---|---|
| 36 | കെ-സ്മാർട്ട് അവലോകനം | 1-14 |
| 37 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഗ്രാന്റുകൾ-മുനിസിപ്പൽ ഫണ്ടിന് ബാദ്ധ്യത | 1-15 |
| 38 | ശബരിമല സ്പെഷ്യൽ ഗ്രാന്റ് -പൂർണ്ണമായും വിനിയോഗിക്കുന്നില്ല-കണക്കുകൾ കൃത്യമല്ല | 1-16 |
| 39 | 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം-അവലോകനം | 1-17 |
| 40 | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം പരിഗണിക്കാതെ കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കപ്പെട്ടു-നികുതി നിർണ്ണയത്തിൽ നഷ്ടം. | 1-18 |
| 41 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല-ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു. | 1-19 |
| 42 | തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കിലെടുക്കാത്തത് മൂലം നികുതി നിർണ്ണയത്തിൽ കുറവ്. | 1-20 |
| 43 | വസ്തുനികുതി കുടിശ്ശിക -കണക്കുകളിൽ അവ്യക്തത-കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വികരിക്കപ്പെടുന്നില്ല. | 1-21 |
| 44 | വസ്തുനികുതി നിർണ്ണയം-യഥാർത്ഥ ഉപയോഗക്രമം സംബന്ധിച്ച് ശരിയായ പരിശോധന നടത്താതെ നികുതി നിർണ്ണയം നടത്തി | 1-22 |
| 45 | സ്വിമ്മിംഗ് പൂൾ നടത്തിപ്പും പരിപാലനവും - കരാർ വ്യവസ്ഥകൾ നിലനിൽക്കെ വൈദ്യുതി ചാർജ് നഗരസഭ ഫണ്ടിൽ നിന്നും ഒടുക്കി-മറ്റ് അപാകതകൾ | 1-23 |
| 46 | തൊഴിൽ നികുതി-ടേൺഓവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കാത്തത് മൂലം ഭീമമായ വരുമാന നഷ്ടം. | 1-24 |
| 47 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-സമഗ്രമായ ഡാറ്റബേസ് സൂക്ഷിച്ചിട്ടില്ല | 1-25 |
| 48 | വിനോദ നികുതി ഈടാക്കിയതിൽ കുറവ് | 1-26 |
| 49 | മൂന്നാനി ലോയേഴ്സ് ചേമ്പർ - ആസ്തി നിഷ്ക്രിയമായി കിടക്കുന്നത് മൂലം കോടികളുടെ ബാധ്യതയും വരുമാന നഷ്ടവും | 1-27 |
| 50 | നഗരസഭാ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കരാർ ചമയ്ക്കുന്നതിൽ വീഴ്ച. | 1-28 |
| 51 | തൻവർഷ വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-29 |
| 52 | മുൻവർഷങ്ങളിലെ വാടക കുടിശ്ശിക ഈടാക്കിയില്ല - കണക്കുകളിൽ അവ്യക്തത | 1-29-1 |
| 53 | വിവിധ ലേലങ്ങൾ - ലേല തുക പൂർണ്ണമായി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല | 1-30 |
| 54 | മൂല്യം നിർണ്ണയിക്കപ്പെട്ട വൃക്ഷങ്ങൾ / തടികളുടെ ലേല നടപടികൾ പൂർത്തീകരിച്ച് തുക തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല. | 1-31 |
| 55 | ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സ് (FDT) അടവാക്കിയില്ല | 1-32 |
| 56 | ജിപിഎഫ് വിഹിതം അടവാക്കുന്നതിൽ കാലതാമസം - പിഴ ഒടുക്കേണ്ടി വരുന്നു- | 1-33 |
| 57 | ലൈബ്രറി സെസ് അടവാക്കുന്നില്ല-51 ലക്ഷം രൂപ കുടിശ്ശിക | 1-34 |
| 58 | ശമ്പളവും പെൻഷനും നൽകുന്നതിന് വകമാറ്റിയ ശുചിത്വമിഷൻ ഫണ്ട്- തുടർ നടപടികൾ സ്വീകരിച്ചില്ല | 1-35 |
| 59 | തിരിച്ചടയ്ക്കുവാനുള്ള ലോൺ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-36 |
| 60 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു | 1-37 |
| 61 | ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും എഞ്ചിനീയറിംഗ് വിംഗ് സാലറി കൂടുതലായി കുറവ് ചെയ്യുന്നത്- | 1-38 |
| 62 | പൊതുടാപ്പുകളുടെ വെള്ളക്കരം-ടാപ്പുകളുടെ എണ്ണം കുറവ് വരുത്തിയില്ല | 1-39 |
| 63 | ഹോമിയോ ആശുപത്രിയുടെ വെള്ളക്കരം- കുടിശ്ശിക കണക്കിൽ വ്യക്തത വരുത്താതെ 13.67 ലക്ഷം രൂപ അടവാക്കി | 1-40 |
| 64 | അമൃത് 2 .0പദ്ധതി -തുടർനടപടിയുടെ അഭാവം മൂലം 4.96 കോടിയുടെ കേന്ദ്രവിഹിതം നഷ്ടമാകാൻ സാധ്യത | 1-41 |
| 65 | നഗരസഭയുടെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കോവിഡാനന്തരം പ്രവർത്തനം നിലച്ചു.അറ്റകുറ്റപണികൾ പൂർത്തീകരിച്ചതിന് ശേഷവും ഉപയോഗിക്കപ്പെടാതെ അവശേഷിക്കുന്നു. | 1-42 |
| 66 | പൂതക്കുന്ന് കുടിവെള്ള പദ്ധതി- 7520000 രൂപ നിക്ഷേപിച്ചിട്ടും പദ്ധതി പൂർത്തിയായില്ല | 1-43 |

| | | |
|---|---|---|
| 67 | തെരുവ് വിളക്കുകൾക്ക് എ.എം.സി - അപാകതകൾ | 1-44 |
| 68 | സോഡിയം വേപ്പർ ലാമ്പുകൾക്ക് എഎംസി- നടപടിക്രമം നഗരസഭയുടെ സാമ്പത്തിക താത്പര്യം സംരക്ഷിക്കുന്നില്ല | 1-44-1 |
| 69 | ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ– ബൈബാക്ക് സംവിധാനം പ്രയോജനപ്പെടുത്തിയില്ല | 1-45 |
| 70 | മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-46 |
| 71 | മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല- | 1-46-1 |
| 72 | വൗച്ചർ പരിശോധന- സബ് വൗച്ചർ/ അനുബന്ധ രേഖകളില്ലാത്തത്- | 1-47 |
| 73 | ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ തികഞ്ഞ അനാസ്ഥ- | 1-48 |
| 74 | ഗ്യാസ് ക്രിമറ്റോറിയം പൂർത്തീകരണപ്രവൃത്തികൾ– പ്രൊജക്റ്റ് നടപടിക്രമങ്ങളിൽ അപാകത- ജിഎസ് ടി അധികം തുക നൽകി | 1-49 |
| 75 | പരമലക്കുന്ന് കുടിവെള്ളപദ്ധതി- പ്രൊജക്റ്റ് പൂർത്തീകരിച്ചില്ല. | 1-50 |
| 76 | മുണ്ടാങ്കൽ പുലിമലക്കുന്ന് കുടിവെള്ളപദ്ധതി- പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. | 1-50-1 |
| 77 | വിവിധ കുടിവെള്ളപദ്ധതികൾ– പൂർത്തീകരിക്കാതെ പാതി വഴിയിൽ ഉപേക്ഷിച്ച നിലയിൽ | 1-51 |
| 78 | ബില്ലിൽ നിന്നും കാലിബാരൽ വില കുറവ് ചെയ്തില്ല- കരാറുകാരന് സർക്കാർ ഫണ്ട് അധികം നൽകി | 1-52 |
| 79 | പ്രവർത്തി പൂർത്തീകരണത്തിന് കാലതാമസത്തിന് ഈടാക്കുന്ന പിഴ- തനത് ഫണ്ടിൽ നിക്ഷേപിക്കുന്നില്ല. | 1-53 |
| 80 | തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണപ്ലാന്റ്- പ്രവർത്തനം ഫലപ്രദമല്ല- | 1-54 |
| 81 | ആർ–ട്രാക്ക് ആസ്തി രജിസ്റ്റർ തയ്യാറാക്കൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 1-55 |
| 82 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. - തുക തടസ്സപ്പെടുത്തുന്നു | 1-56 |
| 83 | ഖരമാലിന്യ സംസ്കരണം ഫലപ്രദമായില്ല- പിഴയിനത്തിൽ നഗരസഭ ഒടുക്കേണ്ടത് വൻതുക | 1-57 |
| 84 | മാലിന്യം വലിച്ചെറിയൽ നിരീക്ഷണ ക്യാമറ എ എം സി പ്രോജക്ട് പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടും ക്യാമറകൾ പ്രവർത്തനക്ഷമമായിട്ടില്ല | 1-58 |
| 85 | മാലിന്യം വലിച്ചെറിയൽ നിരീക്ഷണ ക്യാമറ നന്നാക്കൽ തുക നൽകൽ എന്ന പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-59 |
| 86 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- മൂല്യനിർണ്ണയത്തിൽ അധികരിച്ച് തുക അനുവദിച്ചു | 1-60 |
| 87 | റ്റി ഡി എസ് ഈടാക്കിയിട്ടില്ല | 1-61 |
| 88 | ജനറൽ ആശുപത്രി പോസ്റ്റമോർട്ടം ഓങ്കോളജി പാലിയേറ്റീവ് യൂണിറ്റുകളിലേക്ക് ഉപകരണങ്ങളും ഡയാലിസിസ് യൂണിറ്റിലേക്ക് ടെലിവിഷൻ വാങ്ങലും -ടിഡിഎസ് ഈടാക്കിയില്ല | 1-62 |
| 89 | കുട്ടികൾക്ക് കായികപരിശീലനം- പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണം ഫലപ്രദമായി ഉപയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല | 1-63 |
| 90 | സ്വയം തൊഴിൽ സബ്സിഡി നൽകൽ വനിത വ്യക്തിഗതം - പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ | 1-64 |
| 91 | ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം ആരംഭിക്കാതെ ഫർണ്ണിച്ചറുകൾ വാങ്ങിയത് ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-65 |
| 92 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-66 |
| 93 | കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല- | 1-67 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | മുൻവർഷ വാടക കുടിശ്ശിക - വിശദാംശം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23

1. പാലാ നഗരസഭയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19.07.2023 തീയതിയിലെ 16-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 21.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലികാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാലാ നഗരസഭയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ക്യാരി ഓവർ ചെയ്ത മുനിസിപ്പൽ ഫണ്ടിൽ വ്യത്യാസം

സാംഖ്യ 31/03/2022 ബാലൻസ് ഷീറ്റ് പ്രകാരം മുനിസിപ്പൽ ജനറൽ ഫണ്ട്(310100101) 255398907.53 ആണ്. എന്നാൽ 31/03/2023 ലെ ബാലൻസ് ഷീറ്റിൽ ജനറൽ ഫണ്ട് 246898329.53/- രൂപയാണ്.

മേൽ സാഹചര്യത്തിൽ 31/03/2023 ലെ നഗരസഭയുടെ ആകെ ജനറൽ ഫണ്ട് കൃത്യമല്ല.

**1-1-2 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല**

സ.ഉ.(എം.എസ്)152/2011/തസ്വഭവ/26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് നഗരസഭയുടെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. നഗരസഭ കാലാകാലങ്ങളിൽ ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.വിവിധങ്ങളായ ആസ്തികളുടെ മൂല്യത്തിലുണ്ടാകുന്ന വർദ്ധനവും മൂല്യശോഷണവും കണക്കിലെടുത്തതിന് ശേഷമുള്ള വർഷാവസാനത്തെ ആസ്തി മൂല്യം (31-03-23 പ്രകാരമുള്ളത്) കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. തേയ്മാന ചെലവുകൾ (Depreciation) പ്രത്യേകമായി കണക്കാക്കിപ്പോരുന്നതിനാലും അതാത് ആസ്തികളുടെ വർഷാവസാന മൂല്യത്തിൽ ക്രമീകരിച്ച് കാണിക്കപ്പെടാത്തതിനാലും നാളിതുവരെയുള്ള സഞ്ചിത തേയ്മാനച്ചെലവ് (Accumulated Depreciation) ആസ്തി മൂല്യത്തെ അധീകരിച്ചാലും ശ്രദ്ധിക്കപ്പെടാതെ പോകാനുള്ള സാധ്യത നിലനിൽക്കുന്നു.ബാലൻസ് ഷീറ്റ് പ്രതിഫലിപ്പിക്കുന്ന ആസ്തി മൂല്യത്തിൽ പല ആസ്തികളും ഉൾപ്പെട്ടിട്ടില്ല. (ഉദാ-നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ബസ്റ്റാന്റുകളുടെ മൂല്യം)

**1-1-3 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല**

2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് അക്കൗണ്ടിൽ ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദാംശങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

**1-1-4 ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ഹെൽത്ത് ഗ്രാന്റുകളുടെ വിനിമയത്തിനായി തൻ വർഷം കാനറാ ബാങ്കിൽ ആരംഭിച്ച 2 അക്കൗണ്ടുകളിലെ വിനിമയസംഗ്രഹം (അക്കൗണ്ട് നം.110048958180, 110048960090 എന്നിവ) വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല . ഇതിൽ 110048958180 നമ്പർ അക്കൗണ്ടിൽ 31.03.23 ൽ 8327096 രൂപ നീക്കിയിരിപ്പുണ്ട്.

**1-1-5 ശുചിത്വമിഷൻ ഫണ്ട്- താൽക്കാലികമായി വകമാറ്റിയ തുകയുടെ അക്കൗണ്ടിംഗ് ക്രമീകരണം നടത്താത്തതിനാൽ 1.97 കോടി രൂപ ബാധ്യതയായി പ്രതിഫലിക്കുന്നില്ല.**

ശുചിത്വമിഷൻ ഫണ്ടിന്റെ വിനിമയം നടത്തുന്ന എസ്.ബി.ഐ പാല ടൗൺ ബ്രാഞ്ചിലെ 32842590800 നമ്പർ അക്കൗണ്ടിൽ 15.06.2020 ൽ നീക്കിയിരിപ്പുണ്ടായിരുന്ന 19785400 രൂപ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പളം,പെൻഷൻ എന്നിവ നൽകുന്നതിനായി 15.06.2020 ൽ നഗരസഭയുടെ തനത് ഫണ്ട് സൂക്ഷിക്കുന്ന 57028192109 നമ്പർ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് അക്കൗണ്ടിംഗ് ക്രമീകരണം വാർഷികകണക്കുകളിൽ വരുത്തിയിട്ടില്ല. ഖരമാലിന്യ സംസ്കരണം എന്ന പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച തുക നിലവിൽ വാർഷികകണക്കുകളിൽ ബാദ്ധ്യതയായി അവശേഷിക്കുന്നില്ല. കൂടാതെ പ്രസ്തുത തുകയിൽ നിന്നും തനത് ഫണ്ടിലേക്ക് ചെലവുകൾക്കായി മാറ്റിയ തുക സംബന്ധിച്ചും വാർഷികകണക്കുകളിൽ രേഖപ്പെടുത്തലില്ല.

**1-1-6 വേറിട്ട് സൂക്ഷിക്കേണ്ട ഫണ്ടുകളിൽ നിന്നുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്നും നേരിട്ട് നിർവ്വഹിക്കുന്നത് മൂലമുള്ള തെറ്റായ അക്കൗണ്ടിങ്ങ്.**

നഗരസഭയുടെ തനത് ഫണ്ടുമായി ഇടകലർത്താതെ വേറിട്ട് സൂക്ഷിക്കേണ്ട പെൻഷൻ ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതുമായ പെൻഷൻ ചെലവുകൾ തനത് ഫണ്ടിൽ നിന്നും നേരിട്ട് ചെലവഴിച്ച് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നു. റഗുലർ/കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ അംശദാനം ഒടുക്കുന്ന ഇനത്തിലെ ചെലവ് കണക്കുകൾ അക്കൗണ്ട് ചെയുന്നതിനുള്ള അക്കൗണ്ട് ഹെഡുകൾ മാത്രമാണ് വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടുള്ളത്. (പെൻഷൻ ചെലവുകൾ തനത് ഫണ്ടിൽ നിന്നും

നിർവ്വഹിക്കപ്പെടാവുന്ന ഒരിനമല്ലാത്തതിനാൽ).എന്നാൽ നഗരസഭയുടെ ശോചനീയമായ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ വർഷങ്ങളായി കൃത്യമായി പെൻഷൻ അംശദാനം ഒടുക്കുകയോ പെൻഷൻ ഫണ്ടുകൾ വേറിട്ട് സൂക്ഷിക്കുകയോ ചെയ്യുന്നില്ല. തനത് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പെൻഷൻ ബാധ്യത തനത് ഫണ്ടിൽ നിന്നും നൽകി വരുന്നു. മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ളതായി കണക്കാക്കിയിട്ടുള്ള വിഹിതം ബാലൻസ് ഷീറ്റിൽ തനത് ഫണ്ടിലേയ്ക്കുള്ള റിസീവബിൾ ആയി ആസ്തിയിൽ ഉൾപ്പെടുത്താൻ കഴിയില്ല.( ആയത് പെൻഷൻ ഫണ്ടിലേയ്ക്ക് ലഭിക്കാനുള്ള തുകയായതിനാൽ.) പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുള്ള തുകയുടെ ബാധ്യത പെൻഷൻ ഫണ്ടിന്റെ ബാധ്യതയായി കണക്കാക്കപ്പെടേണ്ട തുക ആയതിനാൽ തനത് ഫണ്ടിന്റെ ബാധ്യതയായും കണക്കാക്കാൻ കഴിയില്ല. നഗരസഭയിൽ തനത് ഫണ്ടിൽ നിന്നും നേരിട്ട് നിർവ്വഹിക്കുന്ന പെൻഷൻ ചെലവുകൾ പെൻഷൻ അംശദാനം ഇനത്തിലെ ചെലവ് കാണിക്കേണ്ട അക്കൗണ്ട് ഹെഡിലാണ് ഉൾപ്പെടുത്തി വരുന്നത്. ഇക്കാരണത്താൽ പെൻഷൻ അംശദാനം ഇനത്തിൽ മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കും നഗരസഭയിൽ തന്നെ സൂക്ഷിക്കേണ്ട മുനിസിപ്പൽ കണ്ടിൻജന്റ് പെൻഷൻ ഫണ്ടിലേയ്ക്കും ഒടുക്കാൻ അവശേഷിക്കുന്ന തുക കൃത്യമായി നിർണ്ണയിച്ച് ബാധ്യത കണക്കിൽ ഉൾപ്പെടുത്തുന്നതിനും സാധിച്ചിട്ടില്ല. സമാനമായ സാഹചര്യം മറ്റ് നഗരസഭകളിലും നിലനിൽക്കുന്നതിനാൽ ഇത് പാലാ നഗരസഭയിൽ മാത്രം നിലനിൽക്കുന്ന ഒരു ഒറ്റപ്പെട്ട അപാകതയായി കണക്കാക്കാനാവില്ലയെങ്കിലും ശരിയായ ശീർഷകങ്ങളിലുള്ള കണക്കുകളുടെ ക്രോഡീകരണത്തേയും ശരിയായ ആസ്തി ബാധ്യതാ നിർണ്ണയത്തെയും പ്രതികൂലമായി ബാധിക്കുന്ന അപാകതയായി തുടരുന്നു.

**1-1-7 ഡെപ്പോസിറ്റ് പ്രവൃത്തി- മുഴുവൻ തുകയും അക്കൗണ്ട് ചെയ്തിട്ടില്ല**

പൂതക്കുന്ന് കുടിവെള്ള പദ്ധതിക്കായി 2018-19 വർഷം മുതൽ 2022-23 വരെ ആകെ 7520000 രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് പ്രവൃത്തിക്കായി നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. എന്നാൽ 2022-23 വർഷം നിക്ഷേപിച്ച 2160000 രൂപ മാത്രമേ വാർഷികകണക്കുകളിൽ ആസ്തി ശീർഷകത്തിൽ ക്രമീകരിക്കാനുള്ള അഡ്വാൻസായി( സിവിൽ) അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. വർഷങ്ങളായി നിക്ഷേപിക്കപ്പെട്ടിട്ടുള്ള തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുള്ളതിന്റെ നിജസ്ഥിതി പരിശോധിച്ച് അതാത് ആസ്തി ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതും ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ച് മുഴുവൻ തുകയും ക്രമീകരിക്കാനുള്ള സിവിൽ അഡ്വാൻസായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

**1-1-8 വിവിധ ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല**

നഗരസഭ ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ (B-7ഷെഡ്യൂൾ) വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, പ്രോജക്ട്/പ്രവൃത്തി, നിക്ഷേപ കാലയളവ്, രസീത് നം.) വ്യക്തമാക്കുന്ന രജിസ്റ്റർ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ്, തൻവർഷ വിശദാംശങ്ങൾ എന്നിവയുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ വാടക നിക്ഷേപം, നീക്കിയിരിപ്പ് റീഫണ്ട് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല .

**1-1-9 ബി-8 ഷെഡ്യൂളിൽ Deposit Works-Civil Works എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

ബി-8 ഷെഡ്യൂളിൽ Deposit Works-Civil Works എന്ന ഹെഡ്ഡിൽ 31-03-2023 ൽ നിലനിൽക്കുന്ന നീക്കിയിരിപ്പ് തുകയുടെ(343037/-രൂപ) കൃത്യത ലഭ്യമല്ല.

**1-1-10 സ്ഥിരനിക്ഷേപ സാക്ഷ്യപത്രം,രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.**

ബി-12 ഷെഡ്യൂൾ പ്രകാരം സ്ഥിരനിക്ഷേപം ഇനത്തിൽ 94416 രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ

സ്ഥിരനിക്ഷേപ സാക്ഷ്യപത്രം,രജിസ്റ്റർ എന്നിവ ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

**1-1-11 ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ്-നീക്കിയിരിപ്പ് നെഗറ്റീവ്**

ധനകാര്യ കമ്മീഷൻ ഗ്രാന്റ്അൺടൈഡ് ഫണ്ടിൽ അലോട്ട്മെന്റ് ലഭിക്കാതെ ചെലവ് അക്കൗണ്ട് ചെയ്തതിനാൽ ടി ഫണ്ടിന്റെ 31/03/2023 ലെ നീക്കിയിരിപ്പ് നെഗറ്റീവായാണ് ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നത്.

**1-1-12 ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല**

B-5 ഷെഡ്യൂൾ Secured Loans , B-16 ഷെഡ്യൂൾ Prepaid Expenses എന്നിവ തമ്മിലുള്ള വ്യത്യാസം വിശദീകരിച്ചില്ല .

**1-1-13 ആസ്തികളുടെ മൂല്യശോഷണം-വിശദാംശങ്ങൾ ലഭ്യമല്ല**

2022-23 വർഷം ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്ത I-17(a) ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. മൂല്യശോഷണം കണക്കാക്കിയതിന് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

**1-1-14 ലോൺ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

ബി-6 ഷെഡ്യൂളിലെ അൺസെക്യൂർഡ് ലോൺ ഇനത്തിലുള്ള 3,83,000/- രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

**1-1-15 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല**

തൻവർഷം പാർട്ട് ബിൽ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കാത്തതിനാൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസായി ബി-11 ഷെഡ്യൂളിൽ നിലനിൽക്കുന്ന നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

**1-1-16 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ 2011 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന വിവിധങ്ങളായ സാമ്പത്തിക സൂചകങ്ങൾ സംബന്ധിച്ച അനുപാതങ്ങൾ (റേഷ്യോസ്) ജനറേറ്റ് ചെയ്യപ്പെടാത്തതിനാൻ ഇതിന്റെ അടിസ്ഥാനത്തിലുള്ള അനുപാത വിശകലനം (Ratio Analysis) നടത്തുന്നതിനോ ഓഡിറ്റ് നിഗമനം/നിർദ്ദേശം പുറപ്പെടുവിക്കുന്നതിനോ സാധിച്ചിട്ടില്ല.വാർഷിക ധനകാര്യപത്രികയോടൊപ്പം കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ( നോട്സ് ഓൺ അക്കൗണ്ട്സ് )വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ സ്ഥിരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ച് സെക്രട്ടറി വെളിപ്പെടുത്തൽ നടത്തിയിട്ടില്ല.അക്കൗണ്ട്സിന്മേലുള്ള അധിക വിശദീകരണം , സ്വമേധയായുള്ള വെളിപ്പെടുത്തൽ എന്നിവയ്ക്കായി കുറിപ്പുകൾ തയ്യാറാക്കേണ്ടത് ആവശ്യമാണ്.

**1-1-17 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-9 ഷെഡ്യൂളിലെ ശീർഷകങ്ങളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.B-9 ഷെഡ്യൂൾ പ്രകാരം ഇത് ഉൾപ്പടെ വിവിധ അക്കൗണ്ട് കോഡുകളിലായി 31-03-2023ലെ ബാധ്യത 4.54 കോടി രൂപയാണ്. ഇതിന്റെ കൃത്യത വ്യക്തമല്ല.

**1-1-18 പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല**

പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-4 ഷെഡ്യൂളിലെ 31-03-2023 ലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. (ടി ഇനത്തിൽ 31-3-23 ലെ ബാധ്യത തുക

1.89/- കോടി രൂപയാണ്)

**1-1-19 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ ബി-18ഷെഡ്യൂളിൽ 31-3-23 പ്രകാരം അവശേഷിക്കുന്ന മുൻകൂറുകളുടെ(55.07ലക്ഷം രൂപ) കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

**1-1-20 പ്രയർ പീരീഡ് ആയി ക്രമീകരിച്ച തുകകളുടെ കൃത്യത വ്യക്തമല്ല.**

അടിസ്ഥാന രേഖകളുടെ അഭാവത്തിൽ I-18 ഷെഡ്യൂൾ പ്രകാരമുള്ള പ്രയർ പീരിയഡ് ക്രമീകരണങ്ങളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

**1-1-21 അക്രൂവൽ വരവിനങ്ങളുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല**

അക്രൂവൽ വരവിനങ്ങളുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ബി-15 ഷെഡ്യൂളിലെ ലഭിക്കാനുള്ള വരവുകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.( വിവിധ നികുതി നികുതിയേതര ഇനങ്ങളിലായി 31-3-23 പ്രകാരം പിരിച്ചെടുക്കാനുള്ള കുടിശ്ശിക ഇനത്തിൽ 11.15 കോടി രൂപ ആസ്തിയായി കാണിച്ചിട്ടുണ്ട്.)

**1-1-22 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.**

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 10/03/2023 തീയതിയിലെ 3(1) നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. പ്രതീക്ഷിത ബജറ്റ് പ്രകാരമുള്ള വരവുചെലവു കണക്കുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള കണക്കുകളും ചുവടെ ചേർക്കുന്നു.കൃത്യമായ വിഭവസമാഹരണത്തിനും ശാസ്ത്രീയമായ ധനവിനിയോഗനിയന്ത്രണത്തിനും അടിസ്ഥാനമാക്കേണ്ട ഒരു ഡോക്കുമെന്റ് എന്ന നിലയിൽ ബജറ്റിനെ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

| ഇനം | പ്രതീക്ഷിച്ചത് | യാഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 64,87,600/- | 27,64,000/- |
| വരവ് | 34,57,59,330/- | 26,70,98,735/- |
| ആകെ | 35,22,46,930/- | 26,98,62,735/- |
| ചെലവ് | 34,78,70,030/- | 26,33,41,735/- |
| നീക്കിയിരിപ്പ് | 43,76,900/- | 65,21,000/- |

**1-3 സാമ്പത്തിക വിശകലനം**

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 37394857.53 |
| ഓഡിറ്റ് വർഷത്തെ വരവ് | 218350774 |
| ആകെ | 255745631.53 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 252017673 |
| നീക്കിയിരിപ്പ് | 3727958.53 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 217823312 |
| ആകെ ചെലവ് | 226217276 |
| വരുമാന നഷ്ടം | 8393964 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (1578033) |
| അറ്റ പ്രവർത്തന നഷ്ടം | 9971997 |

**ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,92,90,561 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17204000 (172040) | 17031960 | 15390568 | 1641392 | 90.36 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2580000 | 2580000 | 2038769 | 541231 | 79 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 30388000 | 30388000 | 23456539 | 6931461 | 77.20 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 11540000 | 11540000 | 11368688 | 2867612 | 98.52 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 5938687 | 12218440 | 18157127 | 13739941 | 4417186 | 75.67 |
| ധനകാര്യ | 2108323 | 4100471* | 6208794 | 6446331 | -237537 | - |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | | | | | | |
| പി.എം.എ.വൈ | 3014444 | 13911314 | 16925758 | 11130075 | 5795683 | |
| എസ്.ബി.എം | 1419987 | 34345 | 1454332 | 847783 | 606549 | |
| എൻ.യു.എൽ.എം | 0 | 1262261 | 1262261 | 1262261 | 0 | |
| ഐ.സി.ഡി.എസ് | 1119705 | 680426 | 1800131 | 289799 | 1510332 | |

* ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 163655 രൂപ ഉൾപ്പെടെ

1. വികസനഫണ്ടിന്റെ പൊതുവിഭാഗം വിഹിതത്തിൽ നിന്ന് യഥാക്രമം 960000 രൂപ, 1095000 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം എന്നീ ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് നഗരസഭയ്ക്ക് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും , അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2. 2021-22 വർഷം ഡിമാൻഡ് ചെയ്ത തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്ത നഗരസഭകളുടെ 1% വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ (കൈ) നം. 179/2022/ധന. തീ. 18.10.2022) 172040/- രൂപ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്തതിന് ശേഷമാണ് നഗരസഭയ്ക്ക് ലഭിച്ചത്.

3. സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ 08.04.22 ലെ സ.ഉ(സാധാ)നം.2862/2022/ധന. ഉത്തരവ് പ്രകാരം ഒന്നാം ഗഡുവായി 14236300 രൂപ അനുവദിച്ചിരുന്നു. എന്നാൽ 05.09.2022 ലെ സ.ഉ(സാധാ)നം.6267/2022/ധന. ഉത്തരവ് പ്രകാരം 6542967 രൂപ സർക്കാരിലേക്ക് തിരികെ മുതൽ കൂട്ടിയിട്ടുണ്ട്. തുടർന്ന് 05.12.2022ലെ സ.ഉ(സാധാ)നം.8253/2022/ധന. ഉത്തരവ് പ്രകാരം മൂന്നാം ഗഡുവായി 3846667 രൂപയും അനുവദിച്ചു. ആയതിനാൽ സംരക്ഷണ ഗ്രാന്റ് -റോഡിതരത്തിലുള്ള തൻ വർഷത്തെ യഥാർത്ഥ വരവ് 11540000 രൂപയാണ് (14236300-6542967+3846667).

4. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

5. ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡിൽ അലോട്ട്മെന്റ് ലഭിക്കാതെ ചെലവ് അക്കൗണ്ട് ചെയ്തതിനാൽ ടി ഫണ്ടിന്റെ നീക്കിയിരിപ്പ് 31/03/2023 ൽ നെഗറ്റീവ് തുകയാണ്.

6.ഹെൽത്ത് ഗ്രാന്റ്(വെൽനെസ് സെന്റേഴ്സ്) വിനിമയത്തിനായി തൻ വർഷം കാനറാ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ (അക്കൗണ്ട് നം.110048958180) തൻ വർഷം പലിശയുൾപ്പെടെ 8327096 രൂപ വരവുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ട് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല .

7. പാസ്സാകാത്ത ബില്ലുകൾ ചെലവായി രേഖപ്പെടുത്തൽ വരുത്തിയതിനാൽ വികസന ഫണ്ട്(ജനറൽ), സംരക്ഷണ ഗ്രാന്റ് (റോഡ്) എന്നീ ഫണ്ടുകളുടെ സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ ചെലവിനേക്കാൾ യഥാക്രമം 12179, 802674 രൂപ കൂടുതലായാണ് സാംഖ്യ എ.സി.ആറിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

8. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 163655/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല

മേൽ വിശദീകരണങ്ങൾക്കും അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം 2 ആയി പുറപ്പെടുവി ക്കുന്നത്.

## 1-5 പദ്ധതി അവലോകനം

2022-23 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 30-01-2022 ലും പദ്ധതിരൂപീകരണ ഗ്രാമസഭകൾ 25-01-2022 മുതൽ 05-02-2022 വരെയും നടക്കുകയുണ്ടായി. വിവിധ തലങ്ങളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 16-02-2022 ലെ വികസനസെമിനാറിൽ വാർഷികപദ്ധതിക്ക് അന്തിമരൂപം നല്കി. 09-03-2022 ലെ നഗരസഭാ കൗൺസിൽ അന്തിമ അംഗീകാരം നല്കിയ വാർഷിക പദ്ധതി 01-03-2023 തീയതിയിലെ 82898/22 /DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

**വാർഷികപദ്ധതിയുടെ വിവരം**

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 255 | 197 | 119113336 | 74454318 | 62.51 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത വാർഷിക പദ്ധതി വിശദാംശങ്ങൾ സുലേഖ സോഫ്റ്റ്‌വെയറിൽനിന്നുള്ള ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക | ചെലവ് | ചെലവ്% |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 950000 | 948000 | 99.79 |
| 2 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 500000 | 500000 | 100 |
| 3 | കൃഷി ഫീൽഡ് ഓഫീസർ | 3 | 3 | 295000 | 224250 | 76.02 |
| 4 | സെക്രട്ടറി | 34 | 23 | 25434076 | 11646847 | 45.79 |
| 5 | വെറ്ററിനറി സർജൻ | 4 | 4 | 824000 | 496500 | 60.25 |
| 6 | ഹെൽത്ത് ഓഫീസർ | 17 | 13 | 9658527 | 7067245 | 73.17 |
| 7 | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ആശുപത്രി | 10 | 9 | 5350000 | 5133337 | 95.95 |
| 8 | മുനിസിപ്പൽ എൻജിനീയർ | 6 | 6 | 4184048 | 3236960 | 77.36 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 5538085 | 4252084 | 76.78 |
| 10 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 140000 | 56000 | 40 |
| 11 | ഇൻഡസ്ട്രീസ്എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 941086 | 868320 | 92.27 |
| 12 | അസിസ്റ്റന്റ് എൻജിനീയർ | 169 | 128 | 65298514 | 40024775 | 61.30 |
| | | 255 | 197 | 119113336 | 74454318 | 62.51 |

അംഗീകാരം ലഭിച്ച 255 പ്രോജക്ടുകളിൽ 197 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ആകെ അംഗീകാരം

ലഭിച്ചവയിൽ 57 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. ഇവയിൽ 44 എണ്ണം നടപ്പാക്കി. സ്പിൽ ഓവർ പ്രോജക്ടുകളായി അംഗീകാരം വാങ്ങിയതിൽ 13 എണ്ണം നടപ്പാക്കിയില്ല. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 58 എണ്ണം നടപ്പാക്കിയില്ല. ഇതിൽ നിന്ന് ശരിയായ ആസൂത്രണത്തിന്റെയും ആവശ്യകതയുടെയും അഭാവം പദ്ധതി രൂപീകരണ നിർവഹണ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാവുന്നു. അംഗീകാരം നേടുന്ന പ്രോജക്ടുകൾ എല്ലാം നടപ്പിലാക്കാതെ വരുന്നത് ലഭ്യമായ ഫണ്ടുകൾ ലാപ്സാവുന്നതിനും ജനകീയാവശ്യങ്ങൾ സാധ്യമാകാത്ത അവസ്ഥയ്ക്കും കാരണമാകുന്നു. അസിസ്റ്റന്റ് എൻജിനീയർ ഒഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥരിലൂടെ നാമമാത്ര പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

**മോണിറ്ററിംഗ്**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**സഞ്ചിതനിധിയിലേയ്ക്ക് 1.22 കോടിയിലധികം രൂപ തിരികെ എടുക്കപ്പെട്ടു- ക്യാരി ഓവർ വിഹിതം പൂർണ്ണമായി ലഭിക്കുന്നുവെന്നത് ഉറപ്പാക്കണം.**

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും സമയബന്ധിതമായി ബില്ലുകൾ മാറാൻ നഗരസഭയ്ക്ക് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 1641392 |
| വികസന ഫണ്ട്-SCSP | 541231 |
| വികസന ഫണ്ട്-TSP | 0 |
| മെയിന്റനൻസ്ഗ്രാന്റ്-Road | 6931461 |
| മെയിന്റനൻസ്ഗ്രാന്റ്-Non Road | 2867612 |
| ആകെ | 1,19,81,696 |

തൻവർഷം ഓരോ വിഭാഗത്തിലും മേഖലയിലും ലഭിച്ചതും വകയിരുത്തിയതുമായ തുകയുടെ 80% എന്ന പ്രാഥമികമായ വിനിയോഗ ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാൽ തുടർ വർഷത്തിൽ മേഖലാടിസ്ഥാനത്തിൽ പരിഹാരവകയിരുത്തൽ നടത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. മാത്രമല്ല സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുകകൾ തുടർവർഷത്തിൽ ക്യാരി ഓവർ വിഹിതമായി ലഭിക്കാനുള്ള അർഹതയുമുണ്ട്.( പരമാവധി 20% വരെ) തുടർ വർഷത്തിൽ ലഭ്യമാകുന്ന വിഹിതം പൂർണ്ണമായി വിനിയോഗിച്ച് ക്യാരി ഓവർ വിഹിതം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തൻവർഷം നടപ്പിലാക്കിയ പ്രോജക്ടുകൾ എല്ലാം തന്നെ ജനജീവിതത്തെ സഹായിക്കുന്നതിനും, നഗരസഭയുടെ പൊതുവായ പുരോഗതി ലക്ഷ്യമാക്കിയും നഗരസഭയിൽ നിക്ഷിപ്തമായ അനിവാര്യവും മേഖലാടിസ്ഥാനത്തിലുള്ളതുമായ ചുമതലകൾ നിർവ്വഹിക്കുന്നതിനുമാണ്. എങ്കിലും പല പ്രോജക്ടുകളും പൂർത്തീകരിച്ച് ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് തുടർ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു. വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ എല്ലാംതന്നെ പൂർത്തീകരിക്കുന്നതിനും ലക്ഷ്യപ്രാപ്തി

കൈവരിക്കുന്നതിനും നഗരസഭാ കൗൺസിലിന്റെയും, ഉദ്യോഗസ്ഥരുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനം ആവശ്യമാണ്. കാര്യക്ഷമമായ മോണിറ്ററിങ്ങിലൂടെ ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്.

**1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി**

2022-23 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 214 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 74പദ്ധതികളിൽ 74 എണ്ണവും പൂർത്തീകരിച്ചു. തൻവർഷം 25004 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 220 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. നീർച്ചാൽ തെളിക്കൽ, മഴക്കാലപൂർവ്വ ശുചീകരണം, മാലിന്യശേഖരണവും സംസ്കരണവും, ജൈവകൃഷി മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2022-23 വർഷത്തെ ക്യാഷ്ബുക്ക് പ്രകാരം വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 1224138.82 |
| വരവ് | 2022-23 വർഷത്തെ അലോട്ട്മെന്റ് | 5000000 | |
| | ബാങ്ക് പലിശ | 14231 | |
| ആകെ (മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 6238369.82 |
| ചെലവ് | വേതനം | 5434897 | 6206182 |
| | സാധന ഘടകം | 165894 | |
| | ശമ്പളം(ഭരണച്ചെലവ്) | 605391 | |
| നീക്കിയിരിപ്പ് | | | 32187.82<br>Bank-2652.89<br>Treasury-29535 |

വാർഷികധനകാര്യപത്രിക പ്രകാരം വരവ്4984696/-രൂപയാണ്.

**1-7 ക്ഷേമ പദ്ധതികൾ**

തൻവർഷം നഗരസഭ നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9,68,000 | 88 |
| വിധവാ പെൻഷൻ | 5,450,800 | 501 |
| വാർദ്ധക്യകാല പെൻഷൻ | 16,476,700 | 1533 |
| വികലാംഗ പെൻഷൻ | 1,613,800 | 147 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 492,200 | 46 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധന സഹായം | 60,000 | 2 |

**1-8 ക്യാഷ്ബാലൻസ് പരിശോധന**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് പാലാ നഗരസഭയുടെ ക്യാഷ് ബാലൻസ് പരിശോധന 15/01/2023-ന് 03:15 PM സമയത്ത്

അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 8087/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പല സെക്ഷനുകളിലെയും ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഓരോ മാസത്തെയും ശമ്പളം/പെൻഷൻ ചെലവുകൾ പോലും യഥാസമയം നിർവ്വഹിക്കാൻ പറ്റാത്ത രീതിയിലുള്ള സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് നഗരസഭ കടന്നു പോകുന്നതെങ്കിലും നഗരസഭയുടെ തനതുഫണ്ട് വർദ്ധിപ്പിയ്ക്കുന്നതിനോ, നിലവിലുള്ള വിവിധ നികുതി/നികുതിയേതര വരവിനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനോ ഭരണതലത്തിൽ വേണ്ടത്ര നടപടികൾ സ്വീകരിയ്ക്കപ്പെട്ടിട്ടില്ല.. വസ്തുനികുതി/തൊഴിൽനികുതിയിനങ്ങളിൽ തന്നെ 1.8 കോടി രൂപ കുടിശ്ശികയായി അവശേഷിക്കുന്നു. അതുപോലെ വാടകയിനത്തിൽ 36 ലക്ഷത്തോളവും കുടിശ്ശിക നിലനിൽക്കുന്നു. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 7.5കോടി രൂപയും നഗരസഭയ്ക്ക് ലഭിയ്ക്കാനുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പെൻഷൻ അംശദാനം കൃത്യമായി ഒടുക്കാത്തതിനാൽ സെൻട്രൽ പെൻഷൻ ഫണ്ടുമായുള്ള വിനിമയകണക്കുകൾ പരസ്പരം അംഗീകരിക്കപ്പെട്ട നിലയിൽ സെറ്റിൽ ചെയ്യാൻ സാധിച്ചിട്ടില്ല. വരവിനങ്ങളിൽ കുടിശ്ശികയായി കോടികൾ നിലനിൽക്കുമ്പോൾ തന്നെ വായ്പാ കുടിശ്ശികയിനത്തിലും, പെൻഷൻ കോൺട്രിബ്യൂഷൻ, വെള്ളക്കരം, ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ, ഡെപ്പോസിറ്റ് റീഫണ്ട് , ഗ്രാന്റുകളുടെ തിരിച്ചടവ് എന്നീയിനങ്ങളിലും കോടികൾ ബാധ്യതയായും ശേഷിയ്ക്കുന്നു.

നികുതി നികുതിയേതര വരുമാനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഡി.സി.ബി കൃത്യമായി തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ വർഷം തിരിച്ചുള്ള മുന്നിരിപ്പ് വിശദാംശങ്ങളും, വർഷാന്ത്യക്ലോസിംഗുകളും ഉൾപ്പെടുത്തി പൂർണമാക്കിയിട്ടില്ല. ആയതിനാൽ മുൻകാല അഡ്വാൻസുകൾ ക്രമീകരിയ്ക്കുന്നതിനോ കാലഹരണപ്പെട്ട തുകകൾ മുതൽക്കൂട്ടുന്നതിനോ, സാധിച്ചിട്ടില്ല. ഗവൺമെന്റ്/അദർ ഡ്യൂസ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല.

വൌച്ചറുകൾ മാസം തിരിച്ച് സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമായി അടുക്കിയോ, ചെലവനുബന്ധരേഖകൾ പൂർണമായി ഉൾക്കൊള്ളിച്ചോ സൂക്ഷിയ്ക്കുന്നില്ല. ചില വൌച്ചറുകൾ പല മാസങ്ങളിലെ വൌച്ചറുകൾക്കൊപ്പം ഇടകലർത്തിയും സൂക്ഷിയ്ക്കുന്നു. തനതുഫണ്ടിൽ നിന്നുള്ള ചെലവുകൾ ഒഴികെയുള്ള പ്രോജക്ട്ചെലവുകൾ വൌച്ചർ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വൗച്ചർ ഫയൽ സൂക്ഷിപ്പ്, അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പ് എന്നീ കാര്യങ്ങളിൽ വർഷങ്ങളായി തുടരുന്ന തെറ്റായ ചില രീതികൾ ഒരു കീഴ്വഴക്കം എന്ന നിലയിൽ പരിഹരിക്കപ്പെടാതെ തുടരുന്നു.

നിരവധി ലാന്റ് അക്വിസിഷൻ നടപടികളും അതിനെ തുടർന്ന് കോടതി വ്യവഹാരങ്ങളിലൂടെ സ്ഥലഉടമകൾക്ക് വൻതുകകൾ വർഷങ്ങൾക്ക് ശേഷം പലിശസഹിതം നൽകേണ്ടി വരുന്ന സാഹചര്യവും നിലനിൽക്കുന്നു. വിവിധ കേസുകളുടെ നടത്തിപ്പിനായി വളരെയധികം തുക ചെലവഴിക്കുന്നുണ്ടെങ്കിലും നഗരസഭയ്ക്ക് അനുകൂലമായി വിധിയുണ്ടാകുന്നില്ലാത്ത സാഹചര്യം പരിശോധിക്കേണ്ടതും കോടതി ഉത്തരവുകൾക്ക് കാലവിളംബം കൂടാതെ തീർപ്പുണ്ടാകുന്നതിനുമുള്ള നടപടികൾ നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതുണ്ട്.

ശാസ്ത്രീയവും സമഗ്രവുമായ ഫയൽമാനേജ്മെന്റിന്റെ പ്രാധാന്യം വർഷങ്ങളായി ചൂണ്ടികാണിക്കപ്പെട്ടിട്ടും പരിശീലനം നൽകിയിട്ടും നിർവ്വഹണോദ്യോഗസ്ഥരുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല. ആവശ്യമായ പല രേഖകളും ഉൾപ്പെടുത്താതേയും പലപ്പോഴും ബില്ലുകളുടെ പകർപ്പ് പോലുമില്ലാതെയാണ് പ്രോജക്ട് ഫയലുകൾ സൂക്ഷിയ്ക്കുന്നത്. ചില വാങ്ങൽ പ്രോജക്ടുകളിൽ ടാക്സ് ഇൻവോയ്സുകൾ ഉൾപ്പെടുത്തിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിലൊന്നും എസ്റ്റിമേറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. സ്പിൽ ഓവർ പ്രോജക്ടുകളുടെ ഫയലുകളിൽ മുൻവർഷം ചെയ്ത പ്രവൃത്തികളുടെ

വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടില്ല. ചില മരാമത്ത് ഫയലുകളിൽ തൻവർഷത്തെ ചെലവുകൾ ഏതെന്ന് നിർവ്വഹണോദ്യോഗസ്ഥന് പോലും തിരിച്ചറിയാനാകാത്ത വിധമാണ് സൂക്ഷിച്ചിരുന്നത്. (ഉദാ-പ്രോജക്ട് നം293/23 ഗ്യാസ് ക്രിമറ്റോറിയം പൂർത്തീകരണപ്രവർത്തികൾ). പ്രോജക്ട് ഫയലുകൾക്കൊപ്പം അനുബന്ധ രജിസ്റ്ററുകൾ ( സ്റ്റോക്ക്, തെരുവ് വിളക്ക് എന്നിവ ) ആവശ്യമായവയിൽ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുമില്ല. നഗരസഭയിലെ ഫയൽ മാനേജ്മെന്റിലെ ന്യൂനത ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പ്രധാന ന്യൂനതയായി ഓഡിറ്റ് വിലയിരുത്തുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളും നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയതായി ഒരു ഫയലിലും കാണുന്നില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.2007 | 2006-07 | എഫ്-3517(8)/08 തീയതി : 17.10.2008 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.06.2023 മുതൽ 22.06.2023 വരെ | 2018-19 മുതൽ 2022-23വരെ | Audit-I/AMG-I/(HQ)II/I/C-3 /8A-19/2023-24/194 തീയതി: 15.09.2023 |

## 1-11 നഗരസഭയുടെ സാമ്പത്തികാവസ്ഥയുടെ അവലോകനം-കടുത്ത സാമ്പത്തിക പ്രതിസന്ധി വെളിവാക്കുന്നു.

പാലാ നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്ന് പോകുന്നത്. കോവിഡ് അനന്തരസാഹചര്യവും ദീർഘവീക്ഷണമില്ലാതെ വിവിധ കെട്ടിടനിർമ്മാണ പ്രോജക്ടുകൾക്കായി എടുത്ത ലോണും നികുതി പിരിവിലെ അലംഭാവവും നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമാക്കി. ലോക്ക്ഡൗൺ നഗരസഭയുടെ വാടക, ലേലം മുതലായ തനത് വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തനത് ഫണ്ടിനത്തിൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി വലിയൊരു സാമ്പത്തിക ബാദ്ധ്യതയും പ്രയത്നവും നഗരസഭയ്ക്ക് ഏറ്റെടുക്കേണ്ടി വന്നു. നഗരസഭയിൽ റഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ കൃത്യമായി നൽകുവാനോ മറ്റ് ദൈനംദിനചെലവുകൾ നടത്തുന്നിനു പോലുമോ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്.

നഗരസഭയുടെ തനത് വാർഷിക വരുമാനം 7 കോടി രൂപ മാത്രമാണ്. ലഭ്യമായ വിവരങ്ങൾ പ്രകാരം റഗുലർ വിഭാഗത്തിലും കണ്ടിജന്റ് വിഭാഗത്തിലുമായി 75 ജീവനക്കാരും ഇരുവിഭാഗങ്ങളിലായി 108 പെൻഷൻകാരും നഗരസഭയിലുണ്ട്. ശമ്പളം, പെൻഷൻ ഹോണറേറിയം എന്നീ ഇനങ്ങളിൽ മാത്രമായി 60 ലക്ഷത്തോളം രൂപ നഗരസഭയ്ക്ക് പ്രതിമാസം ചെലവ് വരുന്നുണ്ട്. വാർഷികകണക്കുകൾ പ്രകാരം തനത് ഫണ്ട് ബാങ്ക് അക്കൗണ്ടുകളിലെ 31.03.2023 ലെ ആകെ നീക്കിയിരിപ്പ് 1,90,77,508 രൂപയാണ്. ഇതിൽ 7,33,8433 രൂപ തനത് ഫണ്ട് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള വിവിധ പ്രത്യേക ഉദ്ദേശ

ഗ്രാന്റുകളുടെ നീക്കിയിരിപ്പായതിനാൽ യഥാർത്ഥ തനത് ഫണ്ട് നീക്കിയിരിപ്പ് 1,17,39,075 രൂപ മാത്രമാണ്. ഇതിൽ നിന്നും തനത് വരുമാനം കൊണ്ട് മാത്രം നഗരസഭയുടെ ചെലവുകൾ പൂർണ്ണമായും നടത്തുവാൻ സാധിക്കുകയില്ലായെന്ന് വ്യക്തമാണ്. സർക്കാരിന്റെ പ്രത്യേക അനുമതിയോടെ ശുചിത്വമിഷൻ ഫണ്ടിൽ 15.06.2020 ൽ നീക്കിയിരിപ്പുണ്ടായിരുന്ന 19785400 രൂപ നഗരസഭയുടെ 2020 മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ ശമ്പളവും പെൻഷനും നൽകുന്നതിന് വിനിയോഗിച്ചതിനാലാണ് നഗരസഭ കോവിഡ് കാലത്തെ വലിയ പ്രതിസന്ധിയിൽ നിന്നും താല്ക്കാലികമായി കരകയറിയത്. എന്നാൽ 6 മാസത്തിനകം തിരിച്ചടയ്ക്കണമെന്ന നിദ്ദേശത്തോടെ ലഭ്യമായ പ്രസ്തുത തുക ഇപ്പോൾ വർഷങ്ങളായി നഗരസഭയുടെ ബാദ്ധ്യതയായി മാറിയിരിക്കുകയാണ്.

നഗരസഭയുടെ സാമ്പത്തികസ്ഥിതി ഇത്രയും പ്രതികൂലമാകുവാൻ കാരണമായ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നവയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**1.നികുതി പിരിവ് കാര്യക്ഷമമല്ല**

നികുതി വരവുകൾ പിരിച്ചെടുക്കുന്നതിൽ നഗരസഭ തികഞ്ഞ അലംഭാവം കാണിക്കുന്നതായാണ് വലിയ കുടിശ്ശിക തുകകളിൽ നിന്നും വ്യക്തമാകുന്നത്. 2022-23 ലെ വാർഷികകണക്കുകൾ പ്രകാരം വസ്തുനികുതിയിനത്തിൽ 1,31,17,839/-രൂപയും തൊഴിൽ നികുതിയിനത്തിൽ 47,59,268/-രൂപയും നഗരസഭയ്ക്ക് കുടിശികയിനത്തിൽ പിരിഞ്ഞുകിട്ടാനവശേഷിക്കുന്നു. വസ്തുനികുതി കുടിശിക ഈടാക്കുന്ന കാര്യത്തിൽ നഗരസഭയുടെ ഭാഗത്തുനിന്നും ഊർജ്ജിത ശ്രമങ്ങളുണ്ടായിട്ടില്ല. വസ്തുനികുതി കുടിശ്ശികയിൽ 11,68,965 രൂപ മൊബൈൽ ടവറുകളുടെ മാത്രം 2022-23 വരെയുള്ള കുടിശ്ശികയാണ്. 10% സേവന ഉപനികുതി പിരിക്കാൻ നഗരസഭ തീരുമാനമെടുത്തിരുന്നുവെങ്കിലും കോവിഡ് സാഹചര്യത്തെത്തുടർന്ന് താൽക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായി.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെയും ജീവനക്കാരുടേയും കൃത്യമായ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല. അഡ്വക്കേറ്റുമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, കരാറുകാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഡേറ്റാബേസ് തയ്യാറാക്കി ഡിമാന്റ് ചെയ്യാത്തതുമൂലം തൊഴിൽ നികുതി ഇനത്തിൽ നഗരസഭാ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് നഗരസഭയിൽ തയ്യാറാക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽനികുതി അടയ്ക്കുന്നുണ്ട് എന്ന് ഉറപ്പാക്കാൻ നഗരസഭയിൽ യാതൊരു സംവിധാനങ്ങളുമില്ല. കൂടാതെ ലൈസൻസ് പരിധിയിൽ നഗരസഭാ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ഉൾപ്പെടുന്നില്ല.

**2.വാടക- വൻ തുക കുടിശ്ശിക-മുറികൾ ലേലത്തിൽ പോകാതെ ഒഴിഞ്ഞുകിടക്കുന്നു.**

വാടകയിനത്തിൽ 35,77,745 രൂപ മുൻകുടിശ്ശികയുൾപ്പെടെ നഗരസഭയ്ക്ക് ലഭിക്കുവാൻ അവശേഷിക്കുന്നുണ്ട്. വാടക കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ അതേ കുത്തകക്കാർക്ക് വീണ്ടും വാടകയ്ക്ക് നൽകുന്ന സാഹചര്യവും നഗരസഭയിലെ വിവിധഷോപ്പിങ്ങ് കോംപ്ലക്സുകളിലെ ധാരാളം മുറികൾ ഒഴിഞ്ഞുകിടക്കുന്നതും നഗരസഭയിലെ തനത് വരുമാനത്തെ സാരമായി ബാധിക്കുന്നുണ്ട്. എത്ര മുറികൾ ഒഴിഞ്ഞു കിടക്കുന്നുവെന്നതിന്റെ കൃത്യമായ കണക്ക് പോലും നഗരസഭയിലില്ല. കോവിഡ് അനന്തരസാഹചര്യത്തെത്തുടർന്ന് വാടക ലൈസൻസികൾ മുറികൾ ഒഴിഞ്ഞതിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഭീമമായ തുകകൾ തിരികെ നൽകേണ്ടി വന്നതും നഗരസഭയുടെ സാമ്പത്തികസ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്.

**3.ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണത്തിനായി എടുത്ത ലോൺ നഗരസഭയ്ക്ക് ബാദ്ധ്യതയായി**

തെക്കേക്കര ഷോപ്പിംഗ് കോപ്ലക്സ്, കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ്, മൂന്നാനി ലോയേഴ്സ് ചേമ്പർ ഷോപ്പിംഗ് കോപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിനായി നഗരസഭ കെ.യു.ആർ.ഡി.എഫ്.സി യിൽ

നിന്നും 86390086 രൂപ ലോൺ എടുത്തിരുന്നു. ലഭ്യമായ രേഖകൾ പ്രകാരം ഇതിൽ 55052977 രൂപ നഗരസഭ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ 2017-18 വർഷം മുതൽ നഗരസഭ വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തുകയും കുടിശ്ശിക വരുത്തുകയും ചെയ്തിരുന്നു. 31.03.2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം KURDFC ലോണിനത്തിൽ 44161598 രൂപ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നുണ്ട്. കൊട്ടാരമറ്റം, തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും ലോൺ ഇനത്തിൽ വലിയ കുടിശിക നിലനിൽക്കുമ്പോൾ തന്നെ മൂന്നാനി ഷോപ്പിംഗ് കോംപ്ലക്സിനുകൂടി തിരിച്ചടവിന് മാർഗ്ഗമില്ലാതെ ലോണെടുത്ത് കോടിക്കണക്കിന് രൂപയുടെ പുതിയ ബാധ്യത വരുത്തിവെച്ചു.

**4. മൂന്നാനി ലോയേഴ്സ് ചേമ്പേഴ്സ്- കൃത്യമായ ആസൂത്രണമില്ലാത്ത നിർമ്മാണം മൂലം നിഷ്ക്രിയാസ്തിയായി**

അഡ്വക്കേറ്റമാർക്ക് ഓഫീസ് ആരംഭിക്കുന്നതിന് മുറികൾ വാടകയ്ക്ക് നൽകി നഗരസഭയുടെ തനത് വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കെ.യു.ആർ.ഡി.എഫ്.സി ലോൺ ഉപയോഗിച്ച് നിർമ്മിച്ച മൂന്നാനി ലോയേഴ്സ് ചേമ്പേഴ്സ് നിലവിൽ നിഷ്ക്രിയാസ്തിയായി തുടരുന്നു. കോടികൾ വായ്പയെടുത്ത് നഗരസഭ നിർമ്മിച്ച കെട്ടിടത്തിന്റെ മുറികൾ ഒഴിഞ്ഞുകിടക്കുന്നത് മൂലം നഗരസഭയ്ക്ക് വലിയ വരുമാന നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ലോയേഴ്സ് ചേംബറിൽ മൂന്ന് നിലകളിലായുള്ള 72 മുറികൾ 19.10.2022 തീയതിയിൽ ലേലം ചെയ്തപ്പോൾ ആകെ 5 മുറികൾ മാത്രമാണ് ലേലം കൊണ്ടതായി കാണുന്നത്. വിശദമായ പഠനമോ ആവശ്യകത നിർണ്ണയമോ നടത്താതെയാണ് കെട്ടിടത്തിന്റെ പ്ലാൻ ഉണ്ടാക്കിയതും നിർമ്മാണം നടത്തിയതെന്നുമാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സായി മാറുമെന്ന് കരുതിയിരുന്ന ലോയേഴ്സ് ചേമ്പേഴ്സ് നിഷ്ക്രിയാസ്തിയായി മാറിയത് സാമ്പത്തിക പ്രതിസന്ധിക്ക് ആക്കം കൂട്ടി.

**5. ഉപയോഗ ശൂന്യമായ വാഹനങ്ങൾ**

മുൻവർഷങ്ങളിലായി നഗരസഭ വാങ്ങിയ 7 ആപ്പേ ഓട്ടോറിക്ഷകൾ പ്രവർത്തിക്കാതെ ടാക്സ്, ഇൻഷുറൻസ് എന്നിവ ഒടുക്കി വരുന്നുണ്ട്. ടി വാഹനങ്ങൾ ലേലം ചെയ്ത് മുതൽ കൂട്ടാൻ കൗൺസിൽ തീരുമാനമെടുത്തിരുന്നുവെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. മാലിന്യനീക്കത്തിനായി ടിപ്പർ ലോറിയും മറ്റ് വാഹനങ്ങളും ഉണ്ടായിരിക്കെ പ്രസ്തുത വാഹനങ്ങൾ വാങ്ങി നിരത്തിലിറക്കാതെ ഉപയോഗശൂന്യമാക്കി മാറ്റിയത് നഗരസഭാ ഫണ്ടിന്റെ ദുരുപയോഗമായി വിലയിരുത്തുന്നു.

**6. കേന്ദ്രപെൻഷൻഫണ്ട് വിഹിതം ലഭിക്കാൻ അവശേഷിക്കുന്നത് 7.57 കോടി രൂപ**

റഗുലർ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിലേക്കായി 31-3-23വരെ കേന്ദ്രപെൻഷൻഫണ്ടിൽ നിന്നും ലഭിക്കേണ്ട തുക 7,57,20,065/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്.എന്നാൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് യഥാസമയം ഒടുക്കേണ്ടിയിരുന്ന വിഹിതം ഒടുക്കാത്തത് മൂലം പലിശ/പിഴപലിശ ഉൾപ്പടെ അടയ്ക്കാനുള്ള ബാധ്യത തുകയിൽ തട്ടിക്കിഴിച്ച് എത്ര രൂപയാണ് ലഭിക്കാനുള്ളതെന്നും ഇത് സംബന്ധമായ കണക്കുകൾ സെൻട്രൽ പെൻഷൻ ഫണ്ടിന്റെ കസ്റ്റോഡിയൻ സൂക്ഷിക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടോയെന്നും വ്യക്തമല്ല. പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ പെൻഷൻ വിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക വകമാറ്റി ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. വലിയ സാമ്പത്തിക ബുദ്ധിമുട്ടിലൂടെ കടന്ന് പോകുന്ന നഗരസഭയ്ക്ക് ആയത് കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിരവധിയായ കേസുകൾ പ്രതിരോധിക്കുന്നതിനും തുക ചെലവഴിക്കേണ്ടി വരുന്നു.പെൻഷൻ ഫണ്ടുകൾ വേറിട്ട് സൂക്ഷിച്ച് പ്രസ്തുത ഫണ്ടിലൂടെയാണ് പെൻഷൻ ചെലവുകൾ നിർവ്വഹിക്കേണ്ടത്.പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ട വിഹിതം കൃത്യമായി ഒടുക്കിയും പെൻഷൻ വിതരണത്തിനാവശ്യമായ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നേടിയെടുത്തും വേറിട്ട് സൂക്ഷിക്കേണ്ട പെൻഷൻ ഫണ്ടിലൂടെ ബാധ്യത നിർവ്വഹിക്കാൻ കഴിയാത്ത പക്ഷം ആയത് ചട്ടവിരുദ്ധമായ വകമാറ്റി ചെലവഴിക്കലിനും സങ്കീർണ്ണമായ സാമ്പത്തിക തകർച്ചയ്ക്കും ഇടയാക്കിയേക്കാം.

**7. വിവിധ ഭൂമി ആർജ്ജിക്കൽ നടപടികളും അതിനെതുടർന്നുള്ള കോടതി വ്യവഹാരങ്ങളും**

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥലമെടുപ്പ്, എസ് സി കമ്യൂണിറ്റിഹാൾ സ്ഥലമെടുപ്പ്, മൂന്നാനി ബസ് സ്റ്റാന്റ് സ്ഥലമെടുപ്പ് തുടങ്ങി നിരവധി ലാന്റ് അക്വിസിഷൻ നടപടികളും അതിനെ തുടർന്ന് കോടതി വ്യവഹാരങ്ങളിലൂടെ സ്ഥലഉടമകൾക്ക് വൻതുകകൾ വർഷങ്ങൾക്ക് ശേഷം പലിശസഹിതം നൽകേണ്ടി വരുന്നതും നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചു

**8.പൊതുടാപ്പുകളുടെ വെള്ളക്കരം-ടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയില്ല**

വാട്ടർ അതോറിറ്റിയുമായി ചേർന്നുള്ള 25/05/2019 ലെ സംയുക്ത പരിശോധനയിൽ 22 പൊതു ടാപ്പുകൾ മാത്രമാണ് നിലവിലുള്ളതെന്ന് കണ്ടെത്തുകയും ആയതിന്റെ സ്റ്റേറ്റ്മെന്റ് വാട്ടർ അതോറിറ്റി പ്രതിനിധി അംഗീകരിച്ച് ഒപ്പിട്ടിട്ടുള്ളതുമാണ്.എന്നാൽ നാളിതുവരെ 22 ടാപ്പുകളുടെ ബിൽ ക്രമീകരിച്ച് നൽകിയിട്ടില്ല. ടാപ്പുകളുടെ എണ്ണം കുറവ് ചെയ്യുന്നത് സംബന്ധിച്ച് ക്രിയാത്മകമായ ഇടപെടലുകൾ നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടായതായും കാണുന്നില്ല. ഫയലിൽ ലഭ്യമായിട്ടുള്ള 2023 നവംബർ മാസത്തെ ബില്ലിലും 32 ടാപ്പുകളുടെ നിരക്കാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ആയതിൽ കൃത്യത വരുത്താതെ നിലവിലും 32 ടാപ്പുകളുടെ വെള്ളക്കരം അടവാക്കി വരുന്നു. 2023 ഫെബ്രുവരി മുതൽ പുതുക്കിയ നിരക്ക് അനുസരിച്ച് ഒരു പൊതുടാപ്പിന്റെ നിരക്ക് 21838.68 രൂപയാണ്. പ്രസ്തുത നിരക്കിൽ 10 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 218381 രൂപ ഒരു വർഷം അധികമായി അടവാക്കേണ്ടി വരുന്നു.

**നഗരസഭയുടെ പ്രധാന ബാദ്ധ്യതകൾ**

അടിയന്തിരമായി കൊടുത്ത് തീർക്കേണ്ടതായ വലിയ തുകകൾ നഗരസഭയ്ക്ക് ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. എന്നാൽ ഇത്തരം ബാദ്ധ്യതകൾ സംബന്ധിച്ച ആധികാരികമായ രേഖകൾ നഗരസഭയിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് വാർഷികകണക്കുകളിലും കൃത്യമായ കണക്കുകളില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വലിയ ബാദ്ധ്യത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | തുക |
|---|---|
| പെൻഷൻ കോൺട്രിബ്യൂഷൻ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുവാനുള്ള തുക | 1,53,59,714 |
| വെള്ളക്കരം കുടിശ്ശിക (മുനിസിപ്പൽ ഓഫീസ്, കാന്റീൻ, ലൈബ്രറി, ടൗൺ ബസ് സ്റ്റാന്റ്, വിവിധ ശൗചാലയങ്ങൾ, മുനിസിപ്പൽ ക്വാർട്ടേഴ്സ്) | 2,93,41,069 |
| കെ.യു.ആർ.ഡി.എഫ്.സി വായ്പ കുടിശിക | 4,41,61,598 |
| ശമ്പളവും പെൻഷനും നൽകുന്നതിന് അനുവദിച്ച ശുചിത്വമിഷൻ ഫണ്ട് തിരിച്ചടയ്ക്കാനുള്ളത് | 1,97,85400 |
| പെൻഷൻ പറ്റിയ ജീവനക്കാർക്ക് നൽകാനുള്ള കുടിശ്ശികകൾ (കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി, പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക) | 1,71,30,823 |
| ജീവനക്കാർക്ക് നൽകുവാനുള്ള ആനുകൂല്യങ്ങൾ | 67,01,616 |
| ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ഒഴിഞ്ഞവർക്ക് നല്കാനുള്ള ഡെപ്പോസിറ്റ് തുകകൾ | 1,33,74,969 |
| ലൈബ്രറി സെസ് ഇനത്തിൽ ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുവാനുള്ള തുകകൾ | 51,71,116 |

കുടിശ്ശികയിനത്തിലും മറ്റും പിരിഞ്ഞ് കിട്ടുവാനുള്ള തുകകളെ അപേക്ഷിച്ച് അതി ഭീമമായ ബാദ്ധ്യതകളാണ് നഗരസഭയ്ക്ക് കൊടുത്ത് തീർക്കുവാൻ അവശേഷിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഈ അവസ്ഥ ഇതേരീതിയിൽ തുടർന്നാൽ സമീപഭാവിയിൽ തന്നെ നഗരസഭ വലിയ

പ്രതിസന്ധിയിലേക്ക് നീങ്ങുമെന്നും ഉറപ്പാണ്. ഒരു കാലത്ത് വളരെ നല്ല സാമ്പത്തിക ഭദ്രതയുണ്ടായിരുന്ന നഗരസഭ ഇത്രയും ഗുരുതരമായ പ്രതിസന്ധിയിൽ അകപ്പെട്ടുകയും വിടവ് നികത്തൽ ഫണ്ട് ശുപാർശ ചെയ്യുന്നതിനുള്ള അവസ്ഥ സംജാതമാവുകയും ചെയ്തിട്ടും ആയതിൽ നിന്ന് കരകയറുന്നതിന് ഭരണസമിതിയുടെ ഭാഗത്തുനിന്നോ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നോ ക്രിയാത്മകമായ നടപടികൾ നാളിതുവരെ ഉണ്ടായിട്ടില്ല. ആയതിനാൽ സാമ്പത്തിക അടിയന്തിരാവസ്ഥയിൽ നിന്നും നഗരസഭയെ കരകയറ്റുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

**ഓഡിറ്റ് നിഗമനങ്ങളും ശുപാർശകളും**

തെറ്റായ ധനകാര്യ മാനേജ്മെന്റും ദീർഘ വീക്ഷണമില്ലാത്ത പ്രോജക്ടുകളിലൂടെ എത്തിപ്പെട്ട സ്വയം സൃഷ്ടിച്ച പ്രതിസന്ധിയും വർദ്ധിച്ചു വരുന്ന റവന്യൂ ചെലവ് ബാധ്യതയും വരുമാന സ്രോതസ്സുകൾ പൂർണ്ണമായി പിരിച്ചെടുക്കുന്നതിലുള്ള ഇച്ഛാ ശക്തിയില്ലാത്തതും സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാന കാരണങ്ങളായി ഓഡിറ്റ് വിലയിരുത്തുന്നു.നഗരസഭയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കുന്നതിനും സ്വീകരിക്കാവുന്ന ശുപാർശകൾ പരിഗണനയ്ക്കായി ചുവടെ ചേർക്കുന്നു.

1. തനത് ഫണ്ട് വരുമാനം കുറവായ നഗരസഭയ്ക്ക് ആശ്വാസമാകുന്ന രീതിയിൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയുടെ പിരിവ് ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയും കുടിശ്ശികയുടെ കൃത്യമായ കണക്കുണ്ടാക്കി പിരിച്ചെടുക്കുകയും ചെയ്യുക.
2. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് പാലാ നഗരസഭാ ഭരണസമിതി 15/12/2023 ലെ 1 നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്ത് അടിയന്തിരമായി പുതുക്കിയ നികുതി ഈടാക്കി തുടങ്ങുക.
3. നഗരസഭയുടെ ഉടമസ്ഥതയിലുള്ള തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് ,കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന മുറികൾ അടിയന്തിരമായി ലേലം ചെയ്ത് നൽകി വാടകയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുക.
4. കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും വൻതുക ലോണെടുത്ത് നിർമ്മിച്ച മൂന്നാനി ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിഷ്ക്രിയ ആസ്തി ആയി മാറാതെ കെട്ടിടത്തിന്റെ പൂർത്തിയാക്കാനുള്ള പണികൾ കൂടി പൂർത്തിയാക്കി വരുമാനദായകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക .
5. നഗരസഭ അടിയന്തിരമായി കൊടുത്ത് തീർക്കുവാനുള്ള ബാദ്ധ്യതകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തി ഇളവുകൾ നേടുകയോ സമയ പരിധി ദീർഘിപ്പിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുക.
6. നഗരസഭ പരിധിയിലുള്ള കെട്ടിടങ്ങളിൽ നിന്നും സേവന ഉപനികുതി ഈടാക്കുന്നതിന് 9.10.20 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നിശ്ചയിച്ച് തീരുമാനമെടുത്തിരുന്നുവെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ സേവന ഉപനികുതി ഈടാക്കുന്നത് തൽക്കാലം മാറ്റി വെക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെ സേവന ഉപനികുതി പിരിവ് പുനഃസ്ഥാപിച്ചിട്ടില്ല. സേവന ഉപനികുതി പിരിവ് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ആവശ്യമായ നടപടികൾ കൗൺസിൽ തീരുമാനമെടുത്ത് നടപ്പാക്കുക.
7. നഗരസഭയ്ക്ക് ബാദ്ധ്യതയായിട്ടുള്ള ഉപയോഗശൂന്യമായ വാഹനങ്ങൾ അടിയന്തിരമായി ലേലം ചെയ്ത് തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുക.
8. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. തനതുവരുമാന വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽ കൗൺസിൽ യോഗങ്ങളിൽ അവതരിപ്പിക്കുകയും തുടർ നടപടികൾ

സ്വീകരിക്കുകയും ചെയ്യുക.

9. കേന്ദ്രപെൻഷൻഫണ്ട് വിഹിതം ലഭിക്കാൻ അവശേഷിക്കുന്നത് 7.57 കോടി രൂപ അടിയന്തിരമായി ലഭ്യമാക്കുവനുള്ള നടപടികൾ ഭരണ തലത്തിൽ കൈക്കൊള്ളുക.
10. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പൊതുടാപ്പുകളുടെ എണ്ണം അടിയന്തിരമായി കുറവ് ചെയ്യുക.
11. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടുക.
12. ചെലവുകളിൽ കൃത്യമായ സാമ്പത്തിക മിതത്വം പാലിക്കുകയും അനാവശ്യചെലവുകൾ ചുരുക്കി സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്യുക.
13. അധിക വിഭവ സമാഹരണം സംബന്ധിച്ച് ഖണ്ഡിക 1-12 കൂടി കാണുക

അവലോകന റിപ്പോർട്ടിന്മേലുള്ള വിശദമായ ന്യൂനതാ പരിഹാര റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-12 അധിക വിഭവ സമാഹരണം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(V) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തികമാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 08.01.2021 ലെ സർക്കാർ ഉത്തരവ് (പി) നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി പാലാ നഗരസഭാ ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. തനതുവരുമാനമായ വസ്തു നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽ കൗൺസിൽ യോഗങ്ങളിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റു വരവിനങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടില്ലെന്നു കാണുന്നു. സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീ. 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 05.04.2023-ലെ സ.ഉ (അച്ചടി) നം 26/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 25.04.2023 ലെ II/1 തീരുമാനപ്രകാരം കൗൺസിൽ തീരുമാനമെടുക്കുകയുണ്ടായി. കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷികവസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് നഗരസഭയുടെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 01.04.2023 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി 13.10.2023 ലെ R1-3896/2023 പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.ആക്ഷേപങ്ങൾ ഇല്ലാത്തതിനാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് 15/12/2023 തീയതിയിലെ 1-ാം നം. തീരുമാന പ്രകാരം കൗൺസിൽ തീരുമാനിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭയുടെ പ്രധാന തനത് വരുമാന സ്രോതസ്സായ വസ്തുനികുതിയിൽ 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം 1,31,17,839 രൂപ കുടിശ്ശികയുണ്ട്. വസ്തു

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയോ പിരിവ് നടത്തുകയോ ചെയ്തിട്ടില്ല.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെയും ജീവനക്കാരുടേയും കൃത്യമായ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല. അഡ്വക്കേറ്റുമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, കരാറുകാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഡേറ്റാബേസ് തയ്യാറാക്കി ഡിമാന്റ് ചെയ്യാത്തതുമൂലം തൊഴിൽ നികുതി ഇനത്തിൽ നഗരസഭാ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് പരിധിയിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല. ലൈസൻസ് നൽകുന്നതിന് വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസും എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം 37 ലക്ഷത്തിലധികം രൂപ വാടക കുടിശ്ശികയുണ്ട്. വാടകയിനത്തിൽ ദീർഘനാളായി അവശേഷിക്കുന്ന കുടിശ്ശിക നഗരസഭയ്ക്ക് ഈടാക്കാൻ സാധിക്കില്ല എന്ന് ഉത്തമബോധ്യമുള്ള സംഗതികളിൽ ആയത് ഈടാക്കുന്നതിന് നിയമ നടപടികൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. വാടക കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ അതേ കുത്തകക്കാർക്ക് വീണ്ടും വാടകയ്ക്ക് നൽകുന്ന സാഹചര്യം ഒഴിവാക്കിയാൽ കുടിശ്ശിക വീണ്ടും ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കാവുന്നതാണ്. നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിച്ചാൽ മുറികളുടെ ലേലത്തിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്നതാണ്. തിയേറ്ററുകളിൽ നിന്നും കൃത്യമായ ഡി സി ആർ ഇല്ലാതെയാണ് വിനോദ നികുതി അടവാക്കുന്നത്. ആയതിനാൽ ചില തീയറ്ററുകൾ കൃത്യമായ വിനോദ നികുതി അടവാക്കുന്നില്ല. അടവാക്കുന്ന വിനോദ നികുതിയിൽ കൃത്യമായ പരിശോധന നടത്തി ടിക്കറ്റ് നിരക്കിനനുസരിച്ച് വിനോദ നികുതി ഈടാക്കേണ്ടതാണ്. ടർഫ് കോർട്ടുകളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ചിട്ടില്ല.

## 1-13 മുനിസിപ്പൽ പെൻഷൻ ഫണ്ട്

നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാർ, കണ്ടിജന്റ് വിഭാഗം ജീവനക്കാർ എന്നിവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പിടിച്ചതിന്റെയും, അടച്ചതിന്റെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നഗരസഭയിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2022-23 വർഷം നിലനിന്നിരുന്ന പെൻഷൻ ബാദ്ധ്യതയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | റഗുലർ വിഭാഗം | കണ്ടിജന്റ് വിഭാഗം |
|---|---|---|
| സർവ്വീസ് പെൻഷൻകാരുടെ എണ്ണം | 46 | 28 |
| കുടുംബപെൻഷൻകാരുടെ എണ്ണം | 12 | 22 |
| 2022-23 വർഷം സർവ്വീസ് പെൻഷൻ വിതരണത്തിന് വേണ്ടി ചെലവഴിച്ച തുക. | 14881879 | 7983185 |
| 2022-23 വർഷം കുടുംബ പെൻഷൻ വിതരണത്തിന് വേണ്ടി ചെലവഴിച്ച തുക. | 2034840 | 3491772 |
| 2022-23 വർഷം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ / മുൻസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ | 0 | 0 |

| | | |
|---|---|---|
| തുക. | | |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിൽ നിന്നും തൻ വർഷം ലഭിച്ച അലോട്ട്മെന്റ്. | 10458157 | 0 |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിലേക്ക് ഒടുക്കാൻ അവശേഷിക്കുന്ന തുക. | 15359714 | 0 |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന തുക | 75720065 | 0 |

മേൽ കണക്കുകളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2019 ജൂൺ മുതൽ 2023 മാർച്ച് വരെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് 15359714 രൂപ അടവാക്കുവാൻ അവശേഷിക്കുന്നുണ്ട്. 2022-23 വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുവാൻ അവശേഷിക്കുന്ന തുക 75720065 രൂപയാണ്. പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ പെൻഷൻ വിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. വലിയ സാമ്പത്തിക ബുദ്ധിമുട്ടിലൂടെ കടന്ന് പോകുന്ന നഗരസഭയ്ക്ക് ആയത് കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. പെൻഷൻ ഫണ്ടിലേക്ക് തുക അടവാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/22.01.24) നഗരസഭയുടെ റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ടിനത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന തുകയ്ക്ക് അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ നഗരസഭ പെൻഷൻ ആനുകൂല്യങ്ങൾ തനത് ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിക്കേണ്ടി വന്നുവെന്നും തനത് ഫണ്ടിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടയ്ക്കുവാനുള്ള തുക അടവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

1996ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ പതിനഞ്ച് ശതമാനം പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള സമയപരിധിക്കുള്ളിൽ പെൻഷൻ വിഹിതം അടയ്ക്കാത്തപക്ഷം വീഴ്ച വരുത്തിയ കാലയളവിലേയ്ക്ക് തൽസമയം പ്രാബല്യത്തിലുള്ള പലിശ കൂടി നൽകുവാൻ മുനിസിപ്പാലിറ്റിക്ക് ബാധ്യതയുണ്ടായിരിക്കുന്നതാണ്. ആയതിനാൽ പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടവാക്കുന്നതിനും പെൻഷൻ ഫണ്ട് അലോട്ട്മെന്റ് പൂർണ്ണമായും ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു. കൂടാതെ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കാനുള്ള തുകയുടെയും പ്രസ്തുത ഫണ്ടിൽ നിന്നും തിരികെ ലഭിക്കാനുള്ള തുകയുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആധികാരിക വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 കെ-സ്മാർട്ട് അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കുന്നതിനായി സംസ്ഥാന ഐടി വകുപ്പിന്റെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച ആപ്ലിക്കേഷനാണ് കെ-സ്മാർട്ട് (കേരള സൊല്യൂഷൻസ് ഫോർ മാനേജ്മെന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോർമേഷൻ ആൻഡ് ട്രാൻസ്ഫോർമേഷൻ) . പൗരന്മാർക്കും ജീവനക്കാർക്കും തദ്ദേശ സ്ഥാപനങ്ങൾ വഴി സേവനങ്ങൾ തേടുന്ന ഏതൊരാൾക്കും മികച്ചതും കാര്യക്ഷമമായതുമായ സേവനം ഉറപ്പാക്കാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും സ്മാർട്ട് ഇ - ഗവേണൻസ് സംവിധാനം ഉപയോഗിക്കാൻ കെ - സ്മാർട്ട് ലക്ഷ്യമിടുന്നു. തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളെ ഏകീകരിക്കുകയും ലളിതമാക്കുകയും ചെയ്യുന്ന മൊബൈൽ ആപ്പ് അധിഷ്ഠിത സംവിധാനമായാണ് കെ-സ്മാർട്ട് വിഭാവനം ചെയ്തത്. എല്ലാ സേവനങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു മൊബൈൽ ആപ്പും വെബ്സൈറ്റും കെ - സ്മാർട്ടിൽ ലഭ്യമായിട്ടുണ്ട്. കെ-സ്മാർട്ടിൽ രജിസ്റ്റർ

ചെയ്യുന്നതിനായി ആധാർ കാർഡ് മൊബൈൽ നമ്പറുമായി ബന്ധിപ്പിക്കേണ്ടതാണ്. പ്രാരംഭ ഘട്ടത്തിൽ, ജനനം, മരണം, വിവാഹം എന്നിവയുടെ രജിസ്ട്രേഷൻ പോലുള്ള സേവനങ്ങൾ; കുറഞ്ഞ അപകടസാധ്യതയുള്ള നിർമ്മാണത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റുകൾ; വസ്തു നികുതി പേയ്മെന്റുകൾ; ലൈസൻസുകൾ; തൊഴിൽ നികുതി പേയ്മെന്റ് തുടങ്ങിയ സേവനങ്ങൾ ലഭ്യമായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും നഗര ഗ്രാമ പ്രദേശങ്ങളിലേക്ക് അവർ നൽകുന്ന സേവനങ്ങളും കെ-സ്മാർട്ടിൽ 35 മോഡ്യൂളുകളിലായി ഏകീകരിച്ചിരിക്കുന്നു. ബ്ലോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ജിഐഎസ്/സ്പെഷ്യൽ ഡേറ്റ, ചാറ്റ് ബോട്ട്, വിവിധ സ്റ്റോഫ്റ്റ്‌വെയറുകളുടെ എ പി ഐ ഇന്റഗ്രേഷൻ, മെഷീൻ ലേണിങ്, ഡേറ്റ സയൻസ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, വെർച്വൽ റീഡിങ്, ഇൻറർനെറ്റ് എന്നിവ ഉൾപ്പെടുന്ന വൈവിധ്യമാർന്ന സാങ്കേതിക സംവിധാനങ്ങളുപയോഗിച്ചുകൊണ്ടാണ് കെ-സ്മാർട്ട് പ്രവർത്തിക്കുന്നത്.

പ്രാരംഭഘട്ടത്തിൽ കെ-സ്മാർട്ടിൽ 8 മൊഡ്യൂളുകൾ ആണ് ഉള്ളത്.

1. സിവിൽ രജിസ്ട്രേഷൻ (ജനനം, മരണം, വിവാഹം)

2. ബിസിനസ് ഫെസിലിറ്റേഷൻ (വ്യാപാരത്തിനും വ്യവസായത്തിനുള്ള ലൈസൻസുകൾ)

3. വസ്തുനികുതി

4. ഉപയോക്തൃ മാനേജ്മെൻറ്

5. ഫയർ മാനേജ്മെന്റ് സിസ്റ്റം

6. സാമ്പത്തിക മോഡ്യൂൾ

7. ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ

8. പൊതുപരാതി പരിഹാരം

സംസ്ഥാനത്തുടനീളമുള്ള ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റത്തിൽ (ILGMS) നിന്നാണ് K-സ്മാർട്ട് വികസിച്ചു വരുന്നത്. ആയതിനാൽ കെ-സ്മാർട്ടിനെ ഐ എൽ ജി എം എസിന്റെ രണ്ടാം പതിപ്പ് എന്നും വിളിക്കാവുന്നതാണ്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമാണ് ആദ്യഘട്ടത്തിൽ കെ-സ്മാർട്ട് സേവനങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. തുടർന്ന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവനം വ്യാപിപ്പിക്കും ഐ എൽ ജി എം എസ് - ൽ നിന്നും കെ-സ്മാർട്ടിലേക്ക് സേവനങ്ങൾ ക്രമേണ മൈഗ്രേറ്റ് ചെയ്യപ്പെടും.

**പ്രധാന ഫീച്ചറുകൾ**

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളുടെ എല്ലാ സേവനങ്ങളും ജനങ്ങൾക്ക് വിരൽത്തുമ്പിൽ ലഭ്യമാകുമെന്നതാണ് കെ-സ്മാർട്ടിന്റെ സവിശേഷത. അപേക്ഷിച്ച് 30 സെക്കൻഡ് സമയത്തിനുള്ളിൽ 3000 സ്ക്വയർ ഫീറ്റ് വരെയുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് കെ - സ്മാർട്ട് വഴി ലഭ്യമാകുന്നതാണ്. ' Know Your Land ' എന്ന ഫീച്ചറിലൂടെ ഒരു സ്ഥലത്ത് എന്തെല്ലാം തരത്തിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സാധിക്കുമെന്ന വിവരം അറിയുവാൻ സാധിക്കും. പരിസ്ഥിതി ലോല പ്രദേശം, എയർപോർട്ട് സോൺ, റയിൽവേ സോൺ തുടങ്ങിയ നിർമ്മാണ പ്രവർത്തികൾക്ക് നിയന്ത്രണങ്ങളുള്ള പ്രദേശങ്ങളുടെ വിവരങ്ങൾ മുൻകൂട്ടി അറിയുവാൻ സാധിക്കുന്നതിനാൽ ജനങ്ങൾക്ക് അറിവില്ലായ്മ മൂലം സംഭവിക്കാവുന്ന അബദ്ധങ്ങൾ ഒഴിവാക്കുവാൻ സാധിക്കും. എത്ര ഉയരത്തിൽ കെട്ടിടം നിർമ്മിക്കാം, സെറ്റ് ബായ്ക്ക് എത്രവേണം തുടങ്ങിയ കാര്യങ്ങളും മുൻകൂട്ടി അറിയുവാൻ സാധിക്കും.

സിവിൽ രജിസ്ട്രേഷനുകളുടെ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ഡൗൺലോഡ് ചെയ്യാം എന്നുമാത്രമല്ല വാട്സാപ്പ് നമ്പർ കെ -സ്മാർട്ടിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ സർട്ടിഫിക്കറ്റുകൾ പി ഡി എഫ് ഫോർമാറ്റിൽ അയച്ചുകിട്ടുകയും ചെയ്യും. പരാതികൾ 9446300500 എന്ന വാട്സ്ആപ്പ് നമ്പരിലേക്ക് അയക്കാം. പരാതികൾ പരിശോധിക്കാൻ ജില്ലാ-സംസ്ഥാന തലങ്ങളിൽ പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## നഗരസഭയിലെ കെ-സ്മാർട്ട് പ്രവർത്തനം

പാലാ നഗരസഭയിൽ 01/01/2024 മുതൽ പ്രാരംഭ ഘട്ടത്തിൽ സജ്ജമായ 8 മൊഡ്യൂളുകളിലെ സേവനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സിവിൽ രജിസ്ട്രേഷൻ മൊഡ്യൂൾ മുഖേനയുള്ള സേവനങ്ങൾ മാത്രമാണ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നത്. വസ്തുനികുതി ഡേറ്റാബേസിലെ ഡാറ്റ കെ-സ്മാർട്ടിലേക്ക് ഭാഗികമായി മാത്രമാണ് ലഭ്യമായിട്ടുള്ളത്. കെട്ടിട ഉടമകളുടെ ആധാർ നമ്പർ വസ്തുനികുതി ഡേറ്റാബേസിലേക്ക് ചേർക്കുന്ന നടപടികൾ പുരോഗമിക്കുന്നു. വാടക, തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയവയുടെ ഡേറ്റാബേസ് വസ്തുനികുതി ഡേറ്റാബേസിനെ ആധാരമാക്കി സജ്ജമായിട്ടില്ല എന്നതിനാൽ ഇടപാടുകൾ കെ സ്മാർട്ടിലൂടെ നിർവ്വഹിക്കാൻ നിലവിൽ സാധിക്കുന്നില്ല. നഗരസഭയിൽ വാർഡ് അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി കൈകാര്യം ചെയ്യുന്നതിനുള്ള സ്ഥാപനം - ട്രേഡർ ഡേറ്റാബേസിലെ വിവരം സോഫ്റ്റ്‌വെയറിലേക്ക് ഉൾപ്പെടുത്താനുള്ള ക്രമീകരണം IKM ന്റെ സഹായത്തോടെ നടത്തേണ്ടതാണ്. കെ-സ്മാർട്ട് ആപ്ലിക്കേഷൻ നടപ്പാക്കിയതിൽ നിലവിൽ ചില ബുദ്ധിമുട്ടുകൾ നഗരസഭ നേരിടുന്നുണ്ട്. വസ്തു നികുതി സോഫ്റ്റ് വെയർ സഞ്ചയ കെ സ്മാർട്ടുമായി സംയോജിപ്പിച്ചപ്പോൾ നിലവിൽ അടവാക്കിയ പഴയ വർഷങ്ങളിലെ തുകകളെല്ലാം കെ സ്മാർട്ടിലേക്ക് സംയോജിക്കപ്പെട്ടിട്ടില്ല. ആയതിനാൽ നിലവിൽ കുടിശ്ശിക ഇല്ലാത്ത കെട്ടിടങ്ങളും കുടിശ്ശിക ഉള്ളതായി കാണപ്പെടുന്നു. മേൽ പ്രശ്നം നിലവിൽ ഉള്ളതിനാൽ തൻവർഷത്തെ വസ്തു നികുതി ഇത്തരം കെട്ടിടങ്ങളിൽ നിന്ന് ഈടാക്കുവാൻ കെ സ്മാർട്ടിൽ സാധിക്കുന്നില്ല. ആയത് നഗരസഭകളുടെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. വരവിനങ്ങളുടെ ഡേറ്റാബേസ്, നഗരസഭ വിവിധ മേഖലകളിലെ അവസ്ഥ റിപ്പോർട്ട് ഡാറ്റ എന്നിവ ഓൺലൈനായി ലഭ്യമാക്കി നഗരസഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭ കൈകാര്യം ചെയ്യുന്ന ഡേറ്റയിൽ നിന്ന് വിവിധ രജിസ്റ്ററുകൾ, റിപ്പോർട്ടുകൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയ ജനറേറ്റ് ചെയ്യാനുള്ള സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.

## 1-15 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഗ്രാന്റുകൾ-മുനിസിപ്പൽ ഫണ്ടിന് ബാദ്ധ്യത

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ പൂർണ്ണമായും ചെലഴിക്കാതെയും തിരിച്ചടയ്ക്കാതെയും മുനിസിപ്പൽ ഫണ്ടിന് ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത ഗ്രാന്റുകളുടെ വിശദാംശങ്ങൾ അടങ്ങിയ ACR നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. വാർഷികകണക്കുകളിലെ ബി-4 ഷെഡ്യൂളിൽ ഇത്തരത്തിൽ ബാധ്യതയായി അവശേഷിക്കുന്ന ചില തുകകൾ ഏതൊക്കെ ആവശ്യത്തിന് ലഭിച്ചതാണെന്ന് വ്യക്തമല്ല. തുകകൾ പൂർണ്ണമായും ചെലവഴിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/18.01.24) ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക | ലഭ്യമാക്കിയ മറുപടി അനുസരിച്ച് ഇനം തിരിച്ചുള്ള തുകയുടെ വിവരം | തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ |
|---|---|---|---|---|---|
| 1 | 320100100 | Grants, Contribution For Specific Purposes-Central Government | 7424431 | പി.എം.എ.വൈ-5795683<br>SNP ഷെയർ-1510332<br>ശുചിത്വമിഷൻ ഫണ്ട്(എഫ്.ഡി)-94416<br>അങ്കണവാടി നെയിം ബോർഡ്-240000 | 1534332 (1510332+ 24000) |

| | | | | | |
|---|---|---|---|---|---|
| 2 | 320200205 | Fund For Transferred Institution-Social Welfare Capital | 18013 | എന്ത് ആവശ്യത്തിനെന്ന് വ്യക്തമാക്കിയിട്ടില്ല | 18013 |
| 3 | 320300100 | Other Government Agencies | 1200000 | NRHMഫണ്ട്-1200000 | - |
| 4 | 320500100 | Welfare Bodies | 1741780 | എന്ത് ആവശ്യത്തിനെന്ന് വ്യക്തമാക്കിയിട്ടില്ല | 1741780 |
| 5 | 320802000 | Grant For Projects | 606549 | എസ്.ബി. എം- 606549 | - |
| 6 | 320809900 | Other Grants & Contributions For Specific Purpose | 6212396 | ശബരിമല സ്പെഷ്യൽ ഗ്രാന്റ്-2168088 ബസ് ടെർമിനൽ ഫണ്ട്-4044308 | 4044308 |
| | ആകെ | | 17203169 | | 7338433 |

വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ് തുകയിൽ 31-03-23 തീയതി പ്രകാരം 1.72 കോടി രൂപ വിനിയോഗിയ്ക്കപ്പെടാതെ അവശേഷിയ്ക്കുന്നു. ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിയ്ക്കാത്ത അവസ്ഥ ആശാസ്യമല്ല. ഇതിൽ 7338433 രൂപ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. മേൽ പറഞ്ഞ ഫണ്ടുകൾ ആയതുമായി ബന്ധപ്പെട്ട പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവഴിക്കുവാനോ അല്ലാത്തപക്ഷം ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് തിരിച്ചടയ്ക്കുവാനോ നടപടി സ്വീകരിക്കേണ്ടതാണ്. തനത് ഫണ്ട് സൂക്ഷിയ്ക്കുന്ന അക്കൌണ്ടുകളിൽ അവശേഷിയ്ക്കുന്ന ഗ്രാന്റ് തുക വകമാറ്റി ചെലവഴിയ്ക്കപ്പെടാനുള്ള സാധ്യത ഒഴിവാക്കേണ്ടതാണ്. കൂടാതെ പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് ആധികാരികമായ വിധം ACR സൂക്ഷിക്കേണ്ടതാണ്.

**1-16 ശബരിമല സ്പെഷ്യൽ ഗ്രാന്റ് -പൂർണ്ണമായും വിനിയോഗിക്കുന്നില്ല-കണക്കുകൾ കൃത്യമല്ല**

ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും, ശുചീകരണ പ്രവർത്തനങ്ങൾക്കുമായി നഗരസഭയ്ക്ക് 2015-2016 മുതൽ എല്ലാ വർഷവും 10 ലക്ഷം രൂപ വീതം സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചിരുന്നു. ശബരിമല സ്പെഷ്യൽ ഗ്രാന്റിന്റെ വിനിമയത്തിനായി സി.എസ്.ബി പാലാ ബ്രാഞ്ചിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ വാർഷികകണക്കുകൾ പ്രകാരം 01.04.22 ൽ 2031509 രൂപ മുന്നിരിപ്പുണ്ട്. നഗരകാര്യ ഡയറക്ടറുടെ 10.01.23 ലെ DUA/8977/2022-DC3 നമ്പർ ഉത്തരവ് പ്രകാരം 2022-23 വർഷത്തേയ്ക്ക് പാല നഗരസഭയ്ക്ക് അനുവദിച്ച 1000000 രൂപ 21.01.2023 ൽ ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിലാണ് (നം.799013000000144) ക്രഡിറ്റായിട്ടുള്ളത്. പ്രസ്തുത തുക നഗരസഭാ സെക്രട്ടറിയുടെ 23.01.2023 ലെ എച്ച്3-11639/15 നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഗ്രാന്റിന്റെ സി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും ആയത് നാളിതുവരെ ട്രാൻസ്ഫർ ചെയ്യുകയോ ചെലവഴിക്കുകയോ ചെയ്തതായി കാണുന്നില്ല. 2020-21 വർഷം ലഭിച്ച തുകയിൽ നിന്നും 911211 രൂപ തൻവർഷം ചെലവഴിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെങ്കിലും ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 31.03.2023 ൽ സി.എസ്.ബി. അക്കൗണ്ടിലെ നീക്കിയിരിപ്പ്

1168088 രൂപയാണ്. റ്റി.എസ്.ബി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 1000000 രൂപ കൂടി ചേർത്താൽ 2168088 രൂപ ആകെ നീക്കിയിരിപ്പുള്ളതായി കാണുന്നു. തുകകളുടെ വിനിമയത്തിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ 2018-19 ന് ശേഷം രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള തുകയുടെ ചെലവിന്റെയും നീക്കിയിരിപ്പിന്റെയും കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ 2022-23 വർഷം ലഭ്യമായ തുക പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റാത്തതിനും തുക യഥാസമയം വിനിയോഗിക്കാതെ സൂക്ഷിക്കുന്നതിനും നിലവിൽ ഗ്രാന്റിനത്തിൽ അവശേഷിക്കുന്ന തുകയുടെ കൃത്യമായ കണക്കുകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/17.01.24) ടി തുക അടിയന്തിരമായി ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും 2022-23 വർഷത്തെ ശബരിമല സ്പെഷ്യൽ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതുമാണെന്നും മറുപടി ലഭ്യമാക്കി. 2023-24 വർഷത്തെ ശബരിമല സീസൺ കഴിഞ്ഞിട്ടും 2022-23 വർഷത്തെ പദ്ധതികൾ ആരംഭിച്ചിട്ടില്ലായെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലഴിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ആയത് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. സ്പെഷ്യൽ ഗ്രാന്റ് ഇനത്തിൽ ട്രഷറി അക്കൗണ്ടിൽ ലഭ്യമായ തുക അടിയന്തിരമായി ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി കണക്കുകളിലെ അപാകതകൾ പരിഹരിക്കേണ്ടതും ചെലവ് രേഖകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതുമാണ്. ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ പല അടിസ്ഥാനസൗകര്യങ്ങളും ലഭ്യമല്ലാത്തതും ഗുണനിലവാരം വർദ്ധിപ്പിയ്ക്കേണ്ടതുമായ സാഹചര്യത്തിൽ അനുവദിക്കപ്പെട്ട ഫണ്ട് വിനിയോഗിയ്ക്കപ്പെടാത്തത് ഉചിതമല്ല. അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക ടി ആവശ്യത്തിന് ഗുണപരമായ രീതിയിൽ അടിയന്തരമായി ചെലവഴിക്കുകയോ അല്ലാത്ത പക്ഷം സർക്കാരിലേക്ക് തിരികെ അടയ്ക്കുകയോ ചെയ്യേണ്ടതാണ്.

### 1-17 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം-അവലോകനം

ഫയൽ നമ്പർ : ആർ1/3896/23

05/04/2023 ലെ സ.ഉ.(അച്ചടി)നം.26/2023/LSGD പ്രകാരം നഗരസഭയിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്.

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് പാലാ നഗരസഭാ ഭരണസമിതി 15/12/2023 ലെ 1-ാം നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. നഗരസഭാ കൗൺസിലിന്റെ 09/05/2023 ലെ 1-ാം നമ്പർ തീരുമാനത്തിലൂടെയും 30/09/2023 ലെ 7-ാം നമ്പർ തീരുമാനത്തിലൂടെയും പാലാ നഗരസഭയിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട അടിസ്ഥാന നികുതി നിരക്കുകളുടെയും മേഖലയുടെയും, റോഡുകളുടെയും കരട് വിജ്ഞാപനം അംഗീകരിച്ച് പ്രസിദ്ധീകരിക്കുകയും കരട് വിജ്ഞാപനത്തിന്മേൽ ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി 18.10.2023 ലെ R2/R1-2327/2023 പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. നിശ്ചിത കാലാവധിയായ 30 ദിവസങ്ങൾക്കുള്ളിൽ ആക്ഷേപങ്ങളൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ നികുതി നിരക്കുകൾ അന്തിമമാക്കാവുന്നതാണെന്ന് റെവന്യൂ വിഭാഗം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 15/12/2023 ലെ പാലാ നഗരസഭാ കൗൺസിലിന്റെ 1-ാം നമ്പർ തീരുമാനപ്രകാരം കരട് വിജ്ഞാപനം അന്തിമമാക്കുന്നതിന് തീരുമാനിച്ചു.

നിലവിലെ നികുതി നിരക്കും പുതുക്കിയ നിരക്കും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | നിലവിലെ നിരക്ക് | പുതുക്കിയത് |
|---|---|---|
| പാർപ്പിടാവശ്യം | 12/- | 14/- |
| റിസോർട്ട് | 90/- | 95/- |
| അസംബ്ലി കെട്ടിടം | 40/- | 50/- |
| മൊബൈൽ ടവർ | 500/- | 700/- |

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളുടെ പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത് ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം അന്തിമ വിജ്ഞാപനം, നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ഉൾപ്പെടെ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

**1-18 കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം പരിഗണിക്കാതെ കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കപ്പെട്ടു-നികുതി നിർണ്ണയത്തിൽ നഷ്ടം.**

നഗരസഭയിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതും ചുവടെയുള്ള പട്ടികയിൽ വിവരിക്കുന്നതുമായ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം കുറഞ്ഞ നിരക്കിലുള്ള അടിസ്ഥാന വസ്തുനികുതി പരിഗണിച്ചതിനാൽ നികുതി നിർണ്ണയത്തിൽ നഷ്ടം സംഭവിച്ചതായി വ്യക്തമായിട്ടുണ്ട്. മുറികൾ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ . നഗരസഭയിലെ വസ്തുനികുതി വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 75 രൂപ നിരക്കിലാണ് അടിസ്ഥാന നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ പട്ടികയിൽ പരാമർശിക്കുന്ന കെട്ടിടത്തിന്റെ വസ്തുനികുതി വിഭജിക്കപ്പെട്ട പ്രകാരം കണക്കാക്കിയതിനാൽ കുറഞ്ഞ നിരക്കായ 50/-രൂപ അടിസ്ഥാന നിരക്കായി പരിഗണിച്ചു. ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നമ്പർ/ വിസ്തീർണ്ണം (ച.മീ) | വില്ലേജ്/ സർവ്വേ നം. | നിർണ്ണയിക്കേണ്ട വസ്തു നികുതി (75 രൂപ/ ച.മി) | | | | നിർണ്ണയിച്ച വസ്തു നികുതി | കുറവ് (സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന വസ്തുനികുതി (രൂപ) | വർദ്ധനവ് (വഴി സൗകര്യം-20%) | കുറവ് (കുറഞ്ഞതരം മേൽക്കൂര-10%) | ആകെ | | |
| ജെറി ജോസഫ് | 19/420(1),(2) 111.17 ച.മീ | മീനച്ചിൽ S 860/9 | 8337.75 | ഇല്ല | ഇല്ല | 8338 | 6115 | 2223 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ: 43/23.01.2024) മറുപടി ലഭ്യമാക്കിയില്ല. ടി കെട്ടിടങ്ങളുടെ സ്ഥലപരിശോധന നടത്തി നികുതി പുനർനിർണയിക്കേണ്ടതും പുതുക്കിയ വസ്തു

നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.സമാനമായ അപാകത മൂലം മറ്റ് കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ബാധകമായ അസസ് മെന്റുകൾ പുതുക്കേണ്ടതുമാണ്.

**1-19 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല-ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു.**

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് (നിരക്ക് 500/ച.മീ). പാലാ നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | വാർഷിക വസ്തുനികുതി (വർദ്ധനവുകൾക്കും ഇളവുകൾക്കുംശേഷം) | നികുതി ഒടുക്കാത്ത കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 5/189 | എ ടി സി ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ | 18480 | 2022-23 | 18480 |
| 2 | 6/90 | വൊഡാഫോൺ സെല്ലുലാർ ലിമിറ്റഡ് | 13050 | 2020-21 മുതൽ 2022-23 വരെ | 39150 |
| 3 | 11/75 | ഇന്ഡസ് ടവേഴ്സ്, പാലാരിവട്ടം | 9771 | 2018-19 മുതൽ 2022-23 വരെ | 48855 |
| 4 | 12/675 | ഡബ്ലിയു.എൽ.എൽ പ്ലാസ | 10503 | 2018-19 മുതൽ 2022-23 വരെ | 52515 |
| 5 | 13/279(1) | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 10514 | 2018-19 മുതൽ 2022-23 വരെ | 52570 |
| 6 | 16/236(1) | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 10514 | 2018-19 മുതൽ 2022-23 വരെ | 52570 |
| 7 | 17/197 | ഭാരതി ഇൻഫ്രാടെൽ | 8975 | 2018-19 മുതൽ 2022-23 വരെ | 44875 |
| 8 | 20/1097(1) | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 7409 | 2018-19 മുതൽ 2022-23 വരെ | 37045 |
| 9 | 20/1097(2) | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 21263 | 2018-19 മുതൽ 2022-23 വരെ | 106315 |
| 10 | 20/1456 | വൊഡാഫോൺ എസ്സാർ ലിമിറ്റഡ് | 4386 | 2018-19 മുതൽ 2022-23 വരെ | 21930 |
| 11 | 20/1924 | ഭാരതി ടെലി വെഞ്ചേഴ്സ് ലിമിറ്റഡ്, കൊച്ചി | 25200 | 2018-19 മുതൽ 2022-23 വരെ | 126000 |
| 12 | 21/150 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 6149 | 2018-19 മുതൽ 2022-23 വരെ | 40745 |
| 13 | 21/171 | ടാറ്റ ടെലികോം സർവീസസ് | 6067 | 2018-19 മുതൽ 2022-23 വരെ | 30335 |

| | | | | | |
|---|---|---|---|---|---|
| 14 | 23/152(1) | എ.ടി.സി ടെലികോം ഇൻഫ്രസ്ടക്ച്ചർ | 8501 | 2018-19 മുതൽ 2022-23 വരെ | 42505 |
| 15 | 24/79 | ഭാരതി എയർടെൽ ലിമിറ്റഡ് | 7324 | 2018-19 മുതൽ 2022-23 വരെ | 36620 |
| 16 | 24/79 | എ.ടി.സി ടെലികോം ഇൻഫ്രസ്ടക്ച്ചർ | 4669 | 2018-19 മുതൽ 2022-23 വരെ | 23345 |
| 17 | 26/104 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 26460 | 2018-19 മുതൽ 2022-23 വരെ | 132300 |
| 18 | 26/160 | വൊഡാഫോൺ എസ്സാർ ലിമിറ്റഡ് | 25998 | 2018-19 മുതൽ 2022-23 വരെ | 129990 |
| 19 | 3/199 | റിലയൻസ് കമ്മ്യൂണിക്കേഷൻ ഇൻഫ്രസ്ടക്ച്ചർ ലിമിറ്റഡ് | 2478 | 2018-19 മുതൽ 2022-23 വരെ | 12390 |
| 20 | 26/105 | വൊഡാഫോൺ മൊബൈൽ | 1910 | 2018-19 മുതൽ 2022-23വരെ | 9550 |
| ആകെ | | | | | 10,57,085/- |

മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ: 19/20.1.2024) മറുപടി ലഭ്യമാക്കിയില്ല. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന നഗരസഭയിൽ മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്ന സാഹചര്യം വ്യക്തമല്ല. തുടർനടപടികൾ സ്വീകരിച്ച് കുടിശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-20 തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കിലെടുക്കാത്തത് മൂലം നികുതി നിർണ്ണയത്തിൽ കുറവ്.

കേരള മുനിസിപ്പൽ ആക്ട് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6(3) പ്രകാരം തറനിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധന വരുത്തേണ്ടതാണ്. നഗരസഭയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കിലെടുത്താത്തത് മൂലം നികുതി നിർണ്ണയത്തിൽ കുറവ് സംഭവിച്ചു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമ | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച.മീ) | തറനിർമ്മിതിയുടെ തരം |
|---|---|---|---|---|
| സുരേഷ്ജോൺ | 19/434 (1),(2),(3),(4),(5),(6) | പാർപ്പിടാവശ്യം | 655.56 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് , മറ്റ് വിലയേറിയ വസ്തുക്കൾ |

ടി കെട്ടിടത്തിന്റെ ഫോം-6 പരിശോധിച്ചതിൽ കെട്ടിടത്തിന്റെ തറ ഭാഗം മേൽത്തരം വസ്തുക്കൾ കൊണ്ടുള്ള നിർമ്മിതിയാണെന്ന് കാണുന്നു. വസ്തുനികുതി ചട്ട പ്രകാരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് , മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവ കൊണ്ട് നിർമ്മിച്ചിട്ടുള്ള തറയുടെ ആകെ വിസ്തീർണ്ണം 250 ച.മീ - ന് മുകളിലായാൽ അത്രയും ഭാഗത്തിന് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമാക്കേണ്ടതാണ്.

കെട്ടിടത്തിന്റെ നിലവിലുള്ള അടിസ്ഥാന വസ്തു നികുതി = 655.56 X 12 = 7866.72/-

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വരുത്തേണ്ടിയിരുന്ന വർദ്ധനവ് (15%) = 7866.72 X 15/100 = 1180/-

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ 1180 രൂപയുടെ വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ മേൽ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ നിയമപ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 42/23.01.2024 ) മറുപടി ലഭ്യമാക്കിയില്ല. മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. 15% നികുതി വർദ്ധന ഉൾപ്പെടെ നികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ മറുപടിയിൽ അറിയിക്കേണ്ടതും സമാനമായ രീതിയിൽ മറ്റ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ കുറവ് സംഭവിച്ചിട്ടില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-21 വസ്തുനികുതി കുടിശ്ശിക -കണക്കുകളിൽ അവ്യക്തത-കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വികരിക്കപ്പെടുന്നില്ല.

നഗരസഭയുടെ 2022-23 വാർഷികധനകാര്യപത്രിക പ്രകാരം 431100100- Receivables For Property Taxes (Current) ശീർഷകത്തിൽ 7,486,405 രൂപയും 431100200- Receivables For Property Taxes (Arrears) ശീർഷകത്തിൽ 5,631,434 രൂപയും ഉൾപ്പടെ ആകെ 1,31,17,839 രൂപ വസ്തുനികുതിയിനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 18/20.01.2024) മറുപടിയായി സഞ്ചയ പ്രകാരമുള്ള കുടിശിക തുകയും യഥാർത്ഥത്തിലുള്ള കുടിശിക തുകയും തമ്മിൽ വ്യത്യാസം ഉണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ നികുതി ഇനത്തിൽ ലഭിച്ച വരവുകളും, വേക്കൻസി റെമിഷൻ, വിമുക്ത ഭടന്മാരുടെ നികുതി ഇളവ്, കേസ് നിലനിൽക്കുന്നവ എന്നിവ യഥാസമയം സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താത്തത് മൂലമാണ് വ്യത്യാസം വന്നിട്ടുള്ളത്. ടി കണക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ദിവസ വേതന അടിസ്ഥാനത്തിൽ 4 ആളുകളെ നിയമിച്ചെങ്കിലും കെ-സ്മാർട് വെബ്സൈറ്റിൽ മുൻകാല രസീതുകൾ വരവ് വയ്ക്കുന്ന ഓപ്ഷൻ നിലവിൽ വരാത്തതുമൂലം ടി പ്രവർത്തികൾ പൂർത്തീകരിക്കാനായില്ല. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന സ്ഥാപനമായിട്ട് പോലും വസ്തുനികുതിയുടെ കൃത്യമായ ഡിമാന്റ് നിർണ്ണയിക്കപ്പെടാത്തത് ഉചിതമല്ല. ഇത് സംബന്ധമായ ഡാറ്റബേസ് കൃത്യമാക്കി കുടിശ്ശിക കണക്കുകൾ കൃത്യമാക്കി നികുതി പൂർണ്ണമായി പിരിച്ചെടുക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 വസ്തുനികുതി നിർണ്ണയം-യഥാർത്ഥ ഉപയോഗക്രമം സംബന്ധിച്ച് ശരിയായ പരിശോധന നടത്താതെ നികുതി നിർണ്ണയം നടത്തി

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളോടൊപ്പം സർക്കാർ ഏൽപ്പിക്കുന്ന മറ്റ് ചുമതലകളും ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. പ്രസ്തുത ചുമതലകൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും തനത് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാണ് വസ്തുനികുതി. എന്നാൽ ഈയിനത്തിലുള്ള വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ യാതൊരു നടപടികളും നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടാവുന്നില്ല. തൻമൂലം നികുതി വരുമാനത്തിന്റെ ഒരു ഭാഗം നഷ്ടപ്പെട്ടുപോകുന്നതിനും ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നതിനും ഇടയാക്കുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തിലെ നിരവധി കെട്ടിടങ്ങളെ യഥാർത്ഥ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.നഗരസഭയിൽ നിന്നും ഒക്യുപ്പൻസി ലഭിച്ചതിനു ശേഷം കെട്ടിടങ്ങളിൽ വ്യാപകമായ അനധികൃത നിർമ്മാണം നടത്തുന്നുണ്ട്. കെട്ടിടങ്ങളിൽ അനധികൃതമായ കൂട്ടിച്ചേർക്കലുകൾ വരുത്തുക, പാർക്കിംഗ് സ്ഥലങ്ങൾ കെട്ടി അടച്ച്

കടമുറികളാക്കുക, കെട്ടിടത്തിന് ചുറ്റും നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലങ്ങളിൽ നിർമ്മാണങ്ങൾ നടത്തുക എന്നിവയാണ് കൂടുതലായി കണ്ടുവരുന്നത്. ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള ഇത്തരം അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. തൻമൂലം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു. പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നതിനും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിന്റെ ഭാഗമായി ലഭ്യമായ ഫയൽ പരിശോധനയിലും അധികൃതരുടെ സാന്നിദ്ധ്യത്തിൽ പരിമിതമായ തോതിൽ നടത്തിയ സ്ഥല പരിശോധനയിലും ചില കെട്ടിടങ്ങളുടെ വിശദാംശങ്ങൾ, തരം, ഉപയോഗക്രമം, ചിത്രങ്ങൾ എന്നിവ ലഭ്യമാവുന്ന ചില വെബ്സൈറ്റുകളുമായി തുലനപ്പെടുത്തി നടത്തിയ പരിശോധനയിലും കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

**1. 'നസ്രാണി തറവാട്' ഹോംസ്റ്റേ - ലൈസൻസ് സമ്പാദിച്ചതിന്റെയും മുഴുവൻകെട്ടിട ഭാഗങ്ങൾക്കും വസ്തു നികുതി നിർണ്ണയിച്ചതിന്റെയും വിവരം ലഭ്യമായില്ല.**

പാലാ നഗരസഭ, 20-ാം വാർഡിൽ ശ്രീ. ജോൺ തോമസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള പ്രോപ്പർട്ടിയിൽ 'നസ്രാണി തറവാട്' എന്ന പേരിൽ ഹോംസ്റ്റ ആയി ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്.പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പിനായി നഗരസഭയിൽ നിന്നും എഫ് ടി ഇ ആൻഡ് ഓ എസ് ലൈസൻസ് സമ്പാദിച്ചിട്ടുള്ളതായി കാണുന്നില്ല. ഓഡിറ്റിന്റെ ഭാഗമായി അധികൃതരോടൊപ്പം നടത്തിയ ഭൗതിക പരിശോധനയിൽ ടി സ്ഥാപനം പ്രവർത്തിക്കുന്ന കോമ്പൗണ്ടിൽ 4 കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതായി കണ്ടു. എന്നാൽ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം രണ്ട് കെട്ടിടങ്ങൾക്ക് മാത്രമാണ് വസ്തുനികുതി നിർണയിച്ചിട്ടുള്ളത് ( 20/1708-789.14 ച.മീ. , 20/1709 -215.02 ച.മീ.). സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽത്തന്നെയുള്ള മറ്റ് രണ്ട് കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണയിച്ചിട്ടുള്ളതായി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നില്ല. ആയതിൽ ഒരു കെട്ടിടം സ്ഥാപനത്തിന്റെ റിസെപ്ഷൻ/ഫ്രണ്ട് ഓഫീസ് ആയി പ്രവർത്തിക്കുന്നതാണ് .





നഗരസഭയിൽ നിന്നുമുള്ള ലൈസൻസ് കൂടാതെ സ്ഥാപനം പ്രവർത്തിക്കുന്നത് സംബന്ധിച്ചും സ്ഥാപനകോമ്പൗണ്ടിലെ മുഴുവൻ കെട്ടിടങ്ങൾക്കും ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാത്തതും ഇത് സംബന്ധമായ നിയമ വ്യവസ്ഥകളുടെയും ചട്ടങ്ങളുടെയും ലംഘനമാണ്.

നഗരസഭയിൽ നിക്ഷിപ്തമായ നിയന്ത്രണാധികാരങ്ങൾ (Regulatory Powers And Functions) നടപ്പിലാക്കുന്നതിലെ കാര്യക്ഷമതയില്ലായ്മയാണ് ഇത് വെളിപ്പെടുത്തുന്നത്. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ : 49/23.01.2024)മറുപടിയായി പ്രസ്തുത സ്ഥാപനം ലൈസൻസ് എടുത്തിട്ടില്ലായെന്ന് അറിയിച്ചിരുന്നു. വസ്തുനികുതി പൂർണ്ണമായും നിർണ്ണയിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (നമ്പർ : 56/25.01.2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഭൗതിക പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതും നികുതി/ഫീസ് ഇനത്തിൽ അർഹമായ തുക പൂർണ്ണമായി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**2.ഹോം സ്റ്റേ നടത്തിപ്പിനായി ലൈസൻസ് നൽകപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിലും ലൈസൻസ് ഫീ ഈടാക്കലിലും അപാകതകൾ-കൃത്യമായ സ്ഥലപരിശോധനയുടെ അഭാവം വ്യക്തം.**

2022-23 വർഷം നഗരസഭയിൽ നിന്നും F T E& O S ലൈസൻസ് (Issue Of License To Factories,Trades,Entrepreneurship Activities And Other Services ) എടുത്തിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ' Orchard River Mansion ' എന്ന സ്ഥാപനത്തിന് (കെട്ടിട നം. 13/32(2)) ശ്രീമതി ലിമോൾ ബിനു എന്ന വ്യക്തി ഹോംസ്റ്റേ നടത്തുന്നതിനായി ലൈസൻസ് സമ്പാദിച്ചിട്ടുള്ളതായി വ്യക്തമായി. (ഫയൽ നമ്പർ : 400158/RPTL03 /Temp/2023/694). പ്രസ്തുത കെട്ടിടത്തെ സംബന്ധിച്ചുള്ള സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ ഫോം - 6 പരിശോധിച്ചതിൽ ടി കെട്ടിടത്തിന് 22.13 ച.മീ വിസ്തീർണ്ണം കണക്കാക്കി ലോഡ്ജ് (40 രൂ./ച.മീ.) എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതായി വ്യക്തമായി. ശ്രീ. ബിനു പി എസ്, പുളിക്കകണ്ടത്തിൽ എന്നയാളുടെ ഉടമസ്ഥതയിലാണ് പ്രസ്തുത കെട്ടിടം. (ശ്രീമതി ലിമോൾ ബിനുവിന് കൂട്ടുടമസ്ഥാവകാശം ഉണ്ടോയെന്ന് വ്യക്തമല്ല) സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചത് പ്രകാരം പ്രസ്തുത സ്ഥാപനത്തിൻറെ കോംപൗണ്ടിൽ സ്ഥിതി ചെയ്യുന്ന 351.61 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള പ്രധാന കെട്ടിടത്തിന് 'പാർപ്പിടാവശ്യം' എന്ന ഉപയോഗക്രമത്തിലും യഥാക്രമം 59.25 ച. മീ., 49.89 ച. മീ. വിസ്തീർണമുള്ള 13/31, 13/32 നമ്പർ അനുബന്ധ കെട്ടിടങ്ങൾക്ക് കൺവെൻഷൻ സെൻറർ/ലോഡ്ജ് എന്ന ഉപയോഗ ക്രമത്തിലും നികുതി നിശ്ചയിച്ചിരിക്കുന്നതായി കാണപ്പെട്ടു.

**കോമ്പൗണ്ടിൽ നിലനിൽക്കുന്ന വിവിധ കെട്ടിടങ്ങളുടെയും കെട്ടിടഭാഗങ്ങളുടെയും നികുതി നിർണ്ണയത്തിനായി പരിഗണിച്ച ഉപയോഗക്രമത്തിന്റെ കൃത്യത വ്യക്തമല്ല.**

ടി സ്ഥാപനം ലിസ്റ്റ് ചെയ്തിട്ടുള്ള വിവിധ ടൂറിസം വെബ്സൈറ്റുകൾ പ്രകാരം അടുക്കള, ഓപ്പൺ ഓഡിറ്റോറിയം, ഓപ്പൺ സ്റ്റേജ്, ബോട്ടിങ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തികൊണ്ടാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് കാണുന്നു. ഇതിൽ നിന്നും സാധാരണ പാർപ്പിടാവശ്യത്തിനല്ല കെട്ടിടം ഉപയോഗിക്കുന്നതെന്ന് വ്യക്തമാണ്. പ്രധാന കെട്ടിടത്തിന് സമീപത്തായാണ് ഓപ്പൺ സ്റ്റേജ്, ഓപ്പൺ ഓഡിറ്റോറിയം എന്നിവ നിർമിച്ചിട്ടുള്ളത്. നഗരസഭയിൽ നിന്നും 'ഹോംസ്റ്റേ' നടത്തിപ്പിനായി ലൈസൻസ് എടുത്തിട്ടുള്ളത് 13/32(2) നമ്പർ കെട്ടിടത്തിനാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ ഫോം - 6 പരിശോധിച്ചപ്പോൾ ടി നമ്പർ കെട്ടിടത്തിന് 22.13 ച.മീ മാത്രം വിസ്തീർണമുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി അധികൃതരുടെ സാന്നിദ്ധ്യത്തിൽ സ്ഥാപനത്തിൽ 24.01.2024 തീയതിയിൽ നടത്തിയ ഭൗതിക പരിശോധനയിലും വെബ്സൈറ്റിൽ നിന്ന് ലഭ്യമാവുന്ന വിവരം പ്രകാരവും സ്ഥാപനത്തിന്റെ കോംബൗണ്ടിൽ സ്ഥിതി ചെയ്യുന്ന ഏകദേശം 3500 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള (സഞ്ചയ പ്രകാരം) പ്രധാന കെട്ടിടം ( കെട്ടിട നമ്പർ: 13/32(1) ) റിസോർട്ട് നടത്തിപ്പിന്റെ ഭാഗമായി ആളുകൾക്ക് താമസ ആവശ്യത്തിനായി വാടകയ്ക്ക് നല്കുന്നതായാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അങ്ങനെയാണെങ്കിൽ ടി കെട്ടിടത്തിന് 'റിസോർട്ട്' എന്ന ഉപയോഗക്രമത്തിൽ ച.മീറ്ററിന് 90 രൂപ എന്ന അടിസ്ഥാന നിരക്കിൽ (2013 ലെ വസ്തുനികുതി പരിഷ്കരണ പ്രകാരമുള്ള നിരക്ക്)വസ്തുനികുതി അസസ്സ് ചെയ്യേണ്ടിയിരുന്നതാണ്. എന്നാൽ ഇതിന് പകരം 'പാർപ്പിടാവശ്യം' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 12 രൂപ നിരക്കിലാണ്

വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്. ഇത് സംബന്ധമായി നഗരസഭാ തലത്തിൽ കൂടുതൽ അന്വേഷണം നടത്തിയും കെട്ടിട ഉടമയിൽ നിന്ന് വിശദാംശങ്ങൾ ശേഖരിച്ചും നികുതി നിർണ്ണയത്തിന്റെ നിജസ്ഥിതി ഉറപ്പാക്കേണ്ടതാണ്. സമാനമായ രീതിയിൽ പാലാ നഗരസഭാ പരിധിയിലുള്ളതും ഉപയോഗക്രമം സംബന്ധിച്ച് കൂടുതൽ വ്യക്തത വേണ്ടതുമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് ആവശ്യമായവയുടെ നികുതി പുനർനിർണ്ണയത്തിനായി ഒരു "സ്പെഷ്യൽ ഡ്രൈവ് " ഏറ്റെടുക്കുന്നത് നഗരസഭയുടെ സാമ്പത്തിക താൽപ്പര്യത്തിനനുഗുണമാകുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പ്രധാന കെട്ടിടത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഇരുനില കെട്ടിടം, ഓപ്പൺ സ്റ്റേജ് എന്നിവ നഗരസഭയുടെ വസ്തുനികുതി അസസ്മെന്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതിന് വ്യക്തതയില്ല . റിസോർട്ട് കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന മുഴുവൻ കെട്ടിടങ്ങൾക്കും നഗരസഭയിൽ നിന്നുമുള്ള നിയമാനുസൃത നിർമാണാനുമതി (പെർമിറ്റ്) ലഭ്യമായിട്ടുണ്ടോ എന്നതും പരിശോധിക്കേണ്ടതുണ്ട്.



**ബോട്ട് സർവീസ് – വിവിധ വകുപ്പുകളിൽ നിന്നുമുള്ള അനുമതികൾ സംബന്ധിച്ച രേഖകൾ ലഭ്യമല്ല**

സ്ഥാപനത്തിൽ താമസിക്കുന്ന ടൂറിസ്റ്റുകൾക്കായി ബോട്ട് സർവീസ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ബോട്ട് സർവീസ് നടത്തുന്നതിനായി വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള അനുമതിപത്രം ലഭ്യമായിട്ടുണ്ടോ എന്നത് സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്കു ലഭ്യമാക്കിയില്ല. കൂടാതെ സർവീസ് നടത്തുന്ന ബോട്ടിന് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ടോ എന്നതിലും വ്യക്തതയില്ല . സർവീസ് നടത്തുന്ന ബോട്ടിന് ഇൻലാൻഡ് വെസ്സൽ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. ബോട്ടിന് 2010 ലെ കേരള ഉൾനാടൻ ജലവാഹന നിയമം അനുസരിച്ചുള്ള ലൈസൻസും പോർട്ട് വകുപ്പിൽ നിന്നുമുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഉണ്ടാവേണ്ടതാണ് . ബോട്ട് ഓടിക്കുന്നയാൾക്ക് കേരളം മാരിടൈം ബോർഡ് നൽകുന്ന സ്രാങ്ക് ലൈസൻസ് ഉണ്ടായിരിക്കണം. ഒരു പ്രദേശത്ത് ബോട്ട് സർവീസ് നടത്തണമെങ്കിൽ ആ പ്രദേശത്തെ പ്രാദേശിക ഭരണകൂടത്തിന്റെ അനുമതി പത്രം വേണം. അപ്രകാരമുള്ള അനുമതി പത്രം നഗരസഭയിൽ നിന്നും നൽകിയിട്ടുള്ളതായി രേഖകൾ ഇല്ല. ടൂറിസത്തിന്റെ ഭാഗമായി ബോട്ട് സർവീസ് നടത്തുന്നതിന് ടൂറിസം വകുപ്പിന്റെ അനുമതി പത്രവും ആവശ്യമാണ് .



**ബോട്ട് ജെട്ടി നിർമ്മാണം -നഗരസഭയുടെ അനുമതി സംബന്ധിച്ച രേഖകൾ ലഭ്യമായില്ല.**

ബോട്ട് കരക്കടുപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനായി മീനച്ചിലാറ്റിലേക്കിറക്കി നടത്തിയിട്ടുള്ള നിർമ്മാണത്തിന് വസ്തു നികുതി ചുമത്തിയിട്ടില്ല. കൂടാതെ ടി നിർമ്മിതിക്ക് നഗരസഭയിൽ നിന്നും ബിൽഡിങ് പെർമിറ്റ് എടുത്തിട്ടുണ്ടോ എന്നതിനും വ്യക്തതയില്ല . ആയത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട് . പെർമിറ്റ് സംബന്ധമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല . പെർമിറ്റില്ലാതെയുള്ള നിർമ്മാണമാണെങ്കിൽ ക്രമവൽക്കരിക്കേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി ഇല്ലാതെ ബോട്ട് ജെട്ടികൾ നിർമ്മിക്കുവാനോ ഓപ്പറേറ്റ് ചെയ്യുവാനോ പാടില്ല. കൂടാതെ ബോട്ട് ജെട്ടികളുടെ സുരക്ഷ സംബന്ധിച്ച സാക്ഷ്യപത്രം ഫയർ ആൻഡ് റെസ്ക്യൂ സർവീസിൽ നിന്നും ലഭ്യമാക്കണം.

**ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്**

2023-24 സാമ്പത്തിക വർഷം ടി സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസായി ഈടാക്കിയിരിക്കുന്നത് 500/- രൂപ (രസീത് നമ്പർ: 7018622001116/26.02.2023) മാത്രമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17 ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ, മിനി, സ്മോൾ, മീഡിയം എന്റർപ്രൈസസ് വിഭാഗങ്ങളിൽ വരുന്ന സേവനങ്ങൾക്കും ഉല്പാദനങ്ങൾക്കും ഫീസ് നിശ്ചയിക്കുന്നത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് . ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 ലക്ഷം രൂപ വരെയുള്ളതിന് 500 രൂപയും 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടി രൂപയിൽ അധികാരിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് ആയിരം രൂപയും ഒരു കോടി രൂപയിൽ കൂടുതലും അഞ്ചു കോടി രൂപയിൽ അധികരിക്കാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപയുമാണ് ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ്. സേവന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 10 ലക്ഷം രൂപ വരെയുള്ളതിന് 500 രൂപയും 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് 1000 രൂപയും 50 ലക്ഷം രൂപയിൽ കൂടുതലും രണ്ട് കോടി രൂപയിൽ അധികരിക്കാത്തതുമായ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപയും ലൈസൻസ് ഫീസായി ഈടാക്കാവുന്നതാണ്. സേവന മേഖലയിൽ വലിയ മുതൽ മുടക്കിൽ പ്രവർത്തിക്കുന്ന സ്ഥാപനം ലൈസൻസിനുള്ള അപേക്ഷയിൽ മൂലധന നിക്ഷേപം 2,00,000/- രൂപ മാത്രമാണെന്ന് രേഖപ്പെടുത്തി കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് അടവാക്കിയിട്ടുള്ളത്. മേൽ സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് യഥാർത്ഥ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് ഈടാക്കിയിട്ടില്ല എന്നാണ് ഭൗതിക പരിശോധനയിൽ കാണുന്നത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ : 55/25.01.2024) മറുപടി ലഭ്യമാക്കിയില്ല. സംരംഭകത്വവികസനം പരമാവധി പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്

ചുവട് പിടിച്ചും ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് നയത്തിന്റെ ഭാഗമായും ടൂറിസം വികസനവും അധിക തൊഴിൽ സൃഷ്ടിയും ഉറപ്പാക്കുന്നതിന് ഇത്തരം സംരംഭങ്ങൾ ആരംഭിക്കപ്പെടുന്നതും നിലനിർത്തപ്പെടുന്നതും പ്രയോജനകരമാണ്. എങ്കിലും നികുതി നിർണ്ണയവും ലൈസൻസ് അനുവദിക്കലും ശരിയായ സൈറ്റ് പരിശോധനയുടെയും രേഖകളുടെ പരിശോധനയുടെയും അടിസ്ഥാനത്തിലാവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. മേൽ വിഷയങ്ങളിൽ സംരംഭകത്വ വികസനം എന്ന സർക്കാർ നയത്തിന് അനുസരിച്ചുള്ള ഇളവുകളിൽ മാത്രം പരിമിതപ്പെടുത്തി ലൈസൻസ് ഫീ ഈടാക്കുന്നതിനും വസ്തുനികുതി നിർണ്ണയിക്കുവാൻ വിട്ടുപോയ കെട്ടിടങ്ങൾ കൂടി അസസ്മെന്റിൽ ഉൾപ്പെടുത്തി യഥാർത്ഥ ഉപയോഗക്രമം സംബന്ധിച്ച് ശരിയായ പരിശോധന നടത്തി ഓരോന്നിനും ബാധകമായ അടിസ്ഥാനനിരക്കിൽ വസ്തുനികുതി പുനർനിർണയിച്ച് കുടിശിക സഹിതം ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയം തുടർ പരിഹാരനടപടികൾക്കായി ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 സ്വിമ്മിംഗ് പൂൾ നടത്തിപ്പും പരിപാലനവും - കരാർ വ്യവസ്ഥകൾ നിലനിൽക്കെ വൈദ്യുതി ചാർജ് നഗരസഭ ഫണ്ടിൽ നിന്നും ഒടുക്കി-മറ്റ് അപാകതകൾ

പാലാ നഗരസഭയുടെ ഉടമസ്ഥതയിലുള്ള സിന്തറ്റിക്ക് ട്രാക്ക് സ്റ്റേഡിയം കോമ്പൗണ്ടിലുള്ള സ്വിമ്മിംഗ് പൂൾ ഏറ്റെടുത്ത് നടത്തുന്നതിലേക്കായി, പാലാ നഗരസഭയ്ക്ക് വേണ്ടി സെക്രട്ടറി ഒന്നാം കക്ഷിയായും, ശ്രീ. ജോയി ജോസഫ് തോപ്പൻ, തോപ്പിൽ വീട്, വെള്ളിയേപ്പള്ളി എന്നയാൾ രണ്ടാം കക്ഷിയായും, 06.01.2021 തീയതിയിൽ കരാറിൽ (1000/- രൂപയുടെ മുദ്ര പത്രം നം. W 55882) ഏർപ്പെടുകയും, ശ്രീ. ജോയി ജോസഫ് തോപ്പൻ എന്നയാൾ സ്വിമ്മിംഗ് പൂൾ നടത്തിപ്പിനുള്ള അവകാശം, കരാർ പ്രാബല്യ തീയതിയായ 06.01.2021 മുതൽ അഞ്ച് വർഷ കാലയളവിലേയ്ക്ക്, 26,000/- രൂപ + GST ഉൾപ്പെടെയുള്ള പ്രതിമാസ വാടക തുകയ്ക്ക് (ഓരോ വാർഷവും വാടക തുകയുടെ 5% റിവിഷൻ ഉൾപ്പെടുത്തി പുതുക്കിയ നിരക്കിൽ വാടക തുക നിശ്ചയിച്ചുകൊണ്ട്) ഏറ്റെടുത്തിട്ടുള്ളതും നിലവിലും പ്രസ്തുത അവകാശം തുടർന്ന് വരുകയും ചെയ്യുന്നു. ഇത് സംബന്ധമായ കരാറിലെ പ്രസക്തമായ ചില വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

**നം. (9)** സ്വിമ്മിംഗ് പൂളിലേയ്ക്ക് ആവശ്യമായ വൈദ്യത/വാട്ടർ ചാർജ്ജ് മുതലായവ കരാറുകാരൻ വഹിയ്ക്കേണ്ടതാണ്. പൂൾ നടത്തിപ്പിന് ആവശ്യമായ ജലം ആവശ്യമായ സാഹചര്യത്തിൽ സ്റ്റേഡിയം കിണറ്റിൽ നിന്നും ഒന്നാം കക്ഷി നൽകുന്നതാണ്.

**നം. (14)** ച്യൂയിംഗ് ഗം, മറ്റ് മിഠായികൾ, പ്ലാസ്റ്റിക്ക് കുപ്പികൾ, പ്ലാസ്റ്റിക്ക് കൂടുകൾ എന്നിവ കർശനമായി നിരോധിച്ചിരിക്കുന്നു.

**നം. (15)** മദ്യപാനം, പുകവലി, മറ്റ് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ, ഭക്ഷണം കഴിയ്ക്കൽ, പ്ലാസ്റ്റിക്ക് വസ്തുക്കളുടെ ഉപയോഗം (പ്ലാസ്റ്റിക്ക് കുപ്പി, പ്ലാസ്റ്റിക്ക് കൂടുകൾ മുതലായവ) കർശനമായും നിരോധിച്ചിരിയ്ക്കുന്നു.

**നം. (24)** സ്വിമ്മിംഗ് പൂളിന്റെ ആവശ്യത്തിലേയ്ക്കായി, നഗരസഭ ആവശ്യമായ വൈദ്യുതി കണക്ഷൻ എടുത്ത് മീറ്റർ ഘടിപ്പിച്ച് നൽകുന്നതാണ്. വൈദ്യതി ചാർജ്ജ് കരാറുകാരൻ അടയ്ക്കേണ്ടതും, സ്വിമ്മിംഗ് പൂൾ, ഫിൽറ്റേഴ്സ്, പമ്പ്, മോട്ടോർ, മറ്റ് ക്ലീനിംഗ് സംവിധാനങ്ങൾ, ഇലക്ട്രിക്കൽ സംവിധാനം തുടങ്ങിയവ കാലാകാലങ്ങളിൽ പരിശോധിച്ച് സ്വന്തം ചെലവിൽ അറ്റകുറ്റപ്പണികൾ തീർത്ത് പ്രവർത്തനം ഉറപ്പവരുത്തേണ്ടതാണ്.

നിലവിൽ സ്റ്റേഡിയത്തിൽ സ്വിമ്മിങ്ങ് പൂളിലെ ആവശ്യത്തിലേയ്ക്ക് ഉൾപ്പടെ KSEB പാലാ ഇലക്ട്രിക്കൽ സെക്ഷൻ കൺസ്യൂമർ നം. 11562422521 പ്രകാരം ഓഡിറ്റ് വർഷം നഗരസഭ അടവാക്കിയിട്ടുള്ള വൈദ്യുതി ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം/വർഷം | വൗച്ചർ നം./ തീയതി | ബിൽ തുക |
|---|---|---|
| 04/2022 | 93/04-22/30.04.22 | 21554 |

| | | |
|---|---|---|
| 06/2022 | 36/06-22/20.06.22 | 14222 |
| 07/2022 | 50/07-22/21.07.22 | 12290 |
| 08/2022 | 61/08-22/25.08.22 | 9680 |
| 09/2022 | 43/09-22/17.09.22 | 19334 |
| 10/2022 | 56/10-22/28.10.22 | 17993 |
| 11/2022 | 66/11-22/29.11.22 | 42797 |
| 12/2022 | 96/12-22/26.12.22 | 45338 |
| 03/2023 | 84/03-23/27.03.23 | 18860 |
| ആകെ | | 2,02,068/- |

പ്രസ്തുത കരാറിലെ വ്യവസ്ഥ നം. (9) നിലനിൽക്കെയാണ് വൈദ്യുതി ബിൽ അടവാക്കുന്നതിനായി നഗരസഭ 2,02,068/- രൂപ ചെലവഴിച്ചിട്ടുള്ളത്. സ്റ്റേഡിയത്തിലെ ലൈറ്റുകൾ പ്രകാശിപ്പിക്കുന്നത് കൂടാതെ, സ്വിമ്മിംഗ് പൂളിലെ വൈദ്യുത ഉപകരണങ്ങളും, അനുബന്ധ സാങ്കേതിക ഉപകരണങ്ങളും പ്രവർത്തിപ്പിക്കുന്നതിനാണ് പ്രധാനമായും പ്രസ്തുത ബില്ലുകളിലെ വൈദ്യുത ഉപഭോഗം കണക്കാക്കപ്പെടുന്നത്. പ്രസ്തുത കരാറിലെ വ്യവസ്ഥ നം. (24) പ്രകാരം, സ്വിമ്മിംഗ് പൂൾ നടത്തിപ്പിലേയ്ക്കായി പ്രത്യേകം വൈദ്യുത മീറ്റർ ഘടിപ്പിച്ചിട്ടില്ലാത്തതിനാൽ, സ്വിമ്മിംഗ് പൂളിലേക്കുള്ള വൈദ്യുതി ബിൽ വേർതിരിച്ച് നിർണ്ണയിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി, 24.01.2024 തീയതിയിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സ്റ്റേഡിയത്തിൽ നിലവിൽ, പൊതുവായി ഒരു വൈദ്യുതി മീറ്റർ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ, കരാറിലെ വ്യവസ്ഥ നം. (9), (15) എന്നിവ പാലിയ്ക്കപ്പെടാതെ പ്ലാസ്റ്റിക് കുപ്പികൾ, ഭക്ഷണ പദാർത്ഥങ്ങൾ എന്നിവ ഉപയോഗിക്കുന്നതായും, റഫ്രിജറേറ്റർ ഉൾപ്പെടെയുള്ള വിവിധ വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതായും കാണുന്നു. പാലാ നഗരസഭയുടെ 24/ 27.12.2019 നം. കൗൺസിൽ തീരുമാനം പ്രകാരം, സ്വിമ്മിംഗ് പൂളിന്റെ മേൽനോട്ട ചുമതല സ്റ്റേഡിയം മാനേജ്മെന്റ് കമ്മിറ്റിയിൽ നിന്നും മാറ്റി, ഒരു സബ് കമ്മിറ്റിയെ നിശ്ചയിക്കുന്നതിന് ബഹു. ചെയർപേഴ്സനെ ചുമതലപ്പെടുത്തിയിരുന്നു. കരാർ ലംഘനങ്ങൾ ബഹു. സബ് കമ്മിറ്റി പരിഗണിച്ചിരുന്നതായോ തുടർ നടപടികൾ സ്വീകരിച്ചതായോ വ്യക്തമായിട്ടില്ല. പ്രസ്തുത കരാർ ലംഘനങ്ങൾക്ക് നഗരസഭ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (54/25.01.2024) മറുപടി ലഭ്യമായിട്ടില്ല. പ്രസ്തുത കരാറിലെ വ്യവസ്ഥ നം. (9) നിലനിൽക്കെയാണ് ഓഡിറ്റ് വർഷം മാത്രം വൈദ്യുതി ബിൽ അടവാക്കുന്നതിനായി നഗരസഭ 2,02,068/- രൂപ ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ, കരാറിന്റെ പ്രാബല്യ തീയതി മുതൽ വൈദ്യുതി ബിൽ ഇനത്തിൽ നഗരസഭ അടവാക്കിയിട്ടുള്ള തുക കണക്കാക്കി, സ്വിമ്മിംഗ് പൂളിന്റെ വൈദ്യുതി ഉപഭോഗത്തിന് ആനുപാതികമായ ബിൽ തുക, കരാറുകാരനും രണ്ടാം കക്ഷിയുമായ ശ്രീ. ജോയി ജോസഫ് തോപ്പൻ, തോപ്പിൽ വീട്, വെള്ളിയേപ്പള്ളി എന്നയാളിൽ നിന്നും ഈടാക്കേണ്ടതാണ്. ശ്രീ. ജോയി ജോസഫ് തോപ്പൻ എന്നയാളിൽ നിന്നും തുക ഈടാക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായാൽ, ആയത് ഒന്നാം കക്ഷിയായ പാലാ നഗരസഭ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. സ്വിമ്മിങ്ങ് പൂൾ ആവശ്യത്തിനായി പ്രത്യേക കണക്ഷൻ എടുത്ത് മീറ്റർ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്. സ്വിമ്മിങ്ങ് പൂൾ അവകാശം കൈയ്യാളുക വഴി എത്രമാത്രം വരുമാനമാണ് ലഭിക്കുന്നത് എന്ന് കണക്കാക്കി കരാറുകാരന് ലഭിക്കേണ്ട ന്യായമായ ലാഭം കിഴിച്ചുള്ള തുക കരാർ തുകയായി നിശ്ചയിക്കുന്നതിനും ഇത് നഗരസഭയ്ക്ക് വരുമാന ദായകമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-24 തൊഴിൽ നികുതി-ടേൺഓവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കാത്തത് മൂലം ഭീമമായ വരുമാന നഷ്ടം.**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുനിസ്സിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ബാങ്ക് ഓഫ് ഇൻഡ്യ ,പാലാ | 1,2 |
| 2 | കേരള ഗ്രാമീൺ ബാങ്ക്,പാലാ | 1,2 |
| 3 | കാത്തലിക് സിറിയൻ ബാങ്ക്,പാലാ | 1,2 |
| 4 | ധനലഷ്മി ബാങ്ക്,പാലാ | 1,2 |
| 5 | കോട്ടക് മഹീന്ദ്ര ബാങ്ക്,പാലാ | 1,2 |
| 6 | കാനറാ ബാങ്ക്,പാലാ | 1,2 |
| 7 | കെ.പി.ബി നിധി ലിമിറ്റഡ്,പാലാ | 1,2 |
| 8 | സൗത്ത് ഇൻഡ്യൻ ബാങ്ക്,പാലാ | 1,2 |
| 9 | ബാങ്ക് ഓഫ് ബറോഡ,പാലാ | 1,2 |
| 10 | സെൻട്രൽ ഫിനാൻസ് ക്രെഡിറ്റ് ഇൻവെസ്റ്റ്മെന്റ് കോ-ഇൻഡ്യാ ലിമിറ്റഡ് | 1,2 |
| 11 | എച്ച്.ഡി.എഫ്.സി സ്റ്റാൻഡേർഡ് ലൈഫ് ഇൻഷ്വറൻസ്,പാലാ | 1,2 |
| 12 | എച്ച്.ഡി.എഫ്.സി ബാങ്ക്,പാലാ | 1,2 |
| 13 | മുത്തൂറ്റ് ഫിനാൻസ് കോർപ്പറേഷൻ,പാലാ | 1,2 |
| 14 | എസ്.ബി.ഐ ടൗൺ ബ്രാഞ്ച് | 1,2 |
| 15 | എസ്.ബി.ഐ ,പി.പി റോഡ് | 1,2 |
| 16 | എസ്.ബി.ഐ ,പാല | 1,2 |
| 17 | എസ്.ബി.ഐ,കടപ്പാട്ടൂർ | 1,2 |
| 18 | യൂണിയൻ ബാങ്ക്,പാലാ | 1,2 |
| 19 | കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്ക്,പാലാ | 1,2 |
| 20 | അർബൻ കോപ്പറേറ്റീവ് ബാങ്ക്,പാലാ | 1,2 |
| 21 | സംസ്ഥാന സഹകരണ ബാങ്ക്,പാലാ | 1,2 |
| 22 | ഫെഡറൽ ബാങ്ക്,പാലാ | 1,2 |
| 23 | ഇൻഡ്യൻ ബാങ്ക്,പാലാ | 1,2 |
| 24 | ധനലക്ഷ്മി ബാങ്ക്,പാലാ | 1,2 |
| 25 | പഞ്ചാബ് നാഷണൽ ബാങ്ക്,പാലാ | 1,2 |
| 26 | മീനച്ചിൽ കോപ്പറേറ്റീവ് അഗ്രികൾച്ചർ റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക്,പാലാ | 1,2 |
| 27 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, പാലാ | 1,2 |
| 28 | എസ്.ബി.ഐ,ലൈഫ് ഇൻഷ്വറൻസ് ,പാലാ | 1,2 |
| 29 | ഐ.സി.ഐ.സി.ഐ ബാങ്ക്,കൊട്ടാരമറ്റം പാലാ | 1,2 |

| | | |
|---|---|---|
| 30 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ,കൊട്ടാരമറ്റം പാലാ | 1,2 |
| 31 | ഐ.ഡി.ബി.ഐ ബാങ്ക്,പാലാ | 1,2 |
| 32 | യൂക്കോ ബാങ്ക്,പാലാ | 1,2 |
| 33 | ഫെഡറൽ ബാങ്ക്,കൊട്ടാരമറ്റം പാലാ | 1,2 |
| 34 | സൗത്ത് ഇൻഡ്യൻ ബാങ്ക്,പാലാ | 1,2 |
| 35 | ആക്സിസ് ബാങ്ക്,പാലാ | 1,2 |
| 36 | ഇൻഡസ് ബാങ്ക്,പാലാ | 1,2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം22/20-1-24 ) മറുപടി ലഭ്യമാക്കിയിട്ടില്ല.രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള മേൽ സ്ഥാപനങ്ങളിൽ നിന്നും പരമാവധി തൊഴിൽ നികുതി ( വാർഷികമായി 2500/-രൂ)ഡിമാന്റ് ചെയ്ത് ഈടാക്കാമായിരുന്നു. (36*2500=90000/-രൂ) ഇത് സംബന്ധമായ കൃത്യമായ ഡാറ്റബേസ് സൂക്ഷിച്ച് അർഹമായ മുഴുവൻ നികുതിയും ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

**1-25 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-സമഗ്രമായ ഡാറ്റബേസ് സൂക്ഷിച്ചിട്ടില്ല**

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 245 , 2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങൾ, എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്ക് കരൂർ ബ്രാഞ്ച് | 1,2 |
| 2 | സീനീയർ വെറ്റിനറി സർജൻ,വെറ്റിനറി പോളി ക്ലിനിക്ക് പാലാ | 2 |
| 3 | പ്രിൻസിപ്പാൾ സെന്റ് ആന്റണീസ് എൻജിനീയറിംഗ് ഇൻസ്റ്റിസ്റ്റ്യൂട്ട് പാലാ | 1,2 |
| 4 | സെന്റ് ജോർജ്ജ് വെറ്റിനറി ക്ലിനിക്ക്,പാല | 1,2 |
| 5 | സെന്റ് ജ്യൂഡ് ദന്തൽ ക്ലിനിക്ക്,പാലാ | 1,2 |
| 6 | മാനേജർ പാറയിൽ ഫ്യൂവൽസ് | 2 |
| 7 | എം.കെ്മോട്ടേഴ്സ് സെയിൽസ് & സർവ്വീസസ് | 2 |
| 8 | കരുണ ആയുർവേദ ആശുപത്രി | 2 |
| 9 | മാനേജർ വെളിയത്ത് മോട്ടേഴ്സ് | 1,2 |
| 10 | ചെമ്പകശ്ശേരിൽ ഹോമിയോ ,പാലാ | 1,2 |
| 11 | ജോസ് തീയേറ്റർ, പാലാ | 1 |
| 12 | സൺ സ്റ്റാർ ഹോട്ടൽ പാലാ | 1,2 |
| 13 | കോസ്മോ കെയർ ദന്താശുപത്രി | 1,2 |
| 14 | മേഫ്ലവർ ജ്വവലറി ഫിനാൻസ് ,പാലാ | 1,2 |

| | | |
|---|---|---|
| 15 | പോളോണിമ ബ്യൂട്ടി സലൂൺ | 1,2 |
| 16 | ധനലക്ഷ്മി ബാങ്ക് | 1 |
| 17 | ഇൻഡ്യാട്രേഡ് മൈക്രോ ഫിനാൻസ്,ലിമിറ്റഡ് | 2 |
| 18 | പാലാ മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി | 1,2 |
| 19 | സെൻട്രൽ ഫിനാൻസ് ക്രെഡിറ്റ് കോ-ഇൻഡ്യാ ലിമിറ്റഡ് | 1,2 |
| 20 | എച്ച്.ഡി.എഫ്.സി സ്റ്റാൻഡേർഡ് ലൈഫ് ഇൻഷ്വറൻസ് | 2 |
| 21 | പാലാഴി ലാറ്റക്സ്, പാലാ | 1,2 |
| 22 | തോട്ടുങ്കൽ പെട്രോൾ പമ്പ്, പാലാ | 1,2 |
| 23 | ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റൽ | 1,2 |
| 24 | ജോസ്സ സ്പീച്ച് & ഹിയറിംഗ സെന്റർ | 1,2 |
| 25 | വനിതാ കോപ്പറേറ്റീവ് സൊസൈറ്റി | 1,2 |
| 26 | മേരി മാതാ പബ്ലിക്ക് സ്കൂൾ | 1,2 |
| 27 | ജോൺ മരിയൻ നാച്ചറോപതി ആശുപത്രി, പാലാ | 1,2 |
| 28 | സപ്ലൈകോ ,പാലാ | 2 |
| 29 | ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റ്റ്റ്യൂട്ട് പാലാ | 1 |
| 30 | മീനച്ചിൽ ഹൗസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി | 1,2 |
| 31 | മലയാള മനോരമ കമ്പിന് ലിമിറ്റഡ് | 1,2 |
| 32 | കാരുണ്യ കമ്യൂണിറ്റി ഫാർമസി | 1,2 |
| 33 | ട്രോണിക്സ് ഐ.റ്റി.സി ,പാലാ | 1,2 |
| 34 | തറപ്പേൽ പെട്രോൾ പമ്പ് | 1,2 |
| 35 | ജില്ലാ വ്യവസായ ഓഫീസ് | 2 |
| 36 | മരിയൻ ദന്താശുപത്രി | 1,2 |
| 37 | മാഞ്ഞൂരാൻസ് IBLTS ഇൻസ്റ്റിറ്റ്യൂട്ട് ,പുതുമന ടവർ പാലാ | 1,2 |
| 38 | യോഗക്ഷേമം ഗ്രൂപ്പ് ക്യൂറീസ് | 1,2 |
| 39 | യൂണിവേഴ്സൽ തീയേറ്റർ | 2 |
| 40 | ജൻ ഔഷധി | 1,2 |
| 41 | കടുതോട്ടിൽ ഫിഷ് മാർട്ട് | 1,2 |
| 42 | ഫാമിലി ഡെന്റൽ ക്ലിനിക്ക്,പാലാ | 1,2 |
| 43 | സെക്രട്ടറി,ആലപ്പുഴ സർവ്വോദയ സംഘം | 1,2 |
| 44 | സി.ഡി.എസ് പാലാ | 1,2 |
| 45 | ബാങ്ക് ഓഫ് ബറോഡ | 1,2 |
| 46 | കൺസ്യൂമർ ഫെഡ് | 1,2 |

| | | |
|---|---|---|
| 47 | സുലഭ സൂപ്പർ മാർക്കറ്റ് | 1,2 |
| 48 | അഗ്രികൾച്ചറൽ ഇപ്രൂവ്മെന്റ് കോപ്പറേറ്റീവ് സൊസൈററി | 1,2 |
| 49 | സെന്റൽ മാർക്കറ്റിംഗ് സൊസൈറ്റി | 1 |
| 50 | മുത്തൂറ്റ് സെക്യൂരീറ്റീസ് പ്രൈവറ്റ് ലിമിറ്റഡ് | 2 |
| 51 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ | 1,2 |
| 52 | സെന്റ് തോമസ് പ്രസ്സ് | 1,2 |
| 53 | അൽഫോൻസ കോളേജ് | 1,2 |
| 54 | അസി.ലൈബ്രേറിയൻ എം.ജി യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ സെന്റ് തോമസ് കോളേജ് പാലാ | 1,2 |
| 55 | സെന്റ് തോമസ് കോളേജ് കോപ്പറേറ്റീവ് സൊസൈറ്റി | 1,2 |
| 56 | ആക്സിസ് ബാങ്ക് | 2 |
| 57 | പോപ്പുലർ മോട്ടോഴ്സ് കൊട്ടാരമറ്റം | 2 |
| 58 | ബ്രീട്ടിഷ് കിന്റർ ഗാർട്ടൻ പ്രൈമറി സ്കൂൾ | 1,2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം21/20-01-24 ) മറുപടി ലഭ്യമാക്കിയിട്ടില്ല.നഗരസഭയ്ക്ക് വലിയ പ്രയത്നം കൂടാതെ പൂർണ്ണമായും ഈടാക്കാൻ കഴിയുന്ന ഒരിനമാണ് ജീവനക്കാരിൽ നിന്നും ഈടാക്കാവുന്ന തൊഴിൽ നികുതി.എന്നാൽ വിവിധസ്ഥാപന മേധാവികളും തൊഴിലുടമകളും നിയമപരമായ ബാധ്യത എന്ന നിലയിൽ ലഭ്യമാക്കുന്ന ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനവിവരങ്ങൾ കണക്കാക്കിയ പത്രിക ആഭ്യന്തരമായ പരിശോധനയ്ക്ക് വിധേയമാക്കി കൃത്യത ഉറപ്പാക്കുന്നതിലും ഇവ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കുന്നതിലും തികഞ്ഞ അനാസ്ഥയാണ് പുലർത്തിയിട്ടുള്ളത്. സമഗ്രമായ ഡാറ്റ ബേസിന്റെ അഭാവത്തിലും ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ലാത്തതിനാലും ഏതെങ്കിലും സ്ഥാപനം പൂർണ്ണമായി നികുതിയിൽ നിന്ന് ഒഴിവായാലും കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു.ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി പോസ്റ്റിങ്ങ് നടത്താത്തതിനാൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതിന് ശേഷവും കുടിശ്ശികയായി കാണിക്കപ്പെടുന്നുണ്ടോയെന്നും വ്യക്തമല്ല. ഇപ്രകാരമൊരു സാഹചര്യമുണ്ടെങ്കിൽ ആയതിന് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് പൂർണ്ണമായി ഉത്തരവാദപ്പെട്ടിരിക്കുന്നു. സമഗ്രവും കൃത്യവുമായ ഡാറ്റ ബേസിന്റെ അഭാവത്തിൽ നഗരസഭയുടെ ഏറ്റവും വലിയ വരുമാന സ്രോതസ്സുകളിലൊന്നായ തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിയാത്ത അവസ്ഥ ആശാസ്യമല്ല.മേൽ അപാകതകളിന്മേൽ വിശദമായ ന്യൂനതാ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

**1-26 വിനോദ നികുതി ഈടാക്കിയതിൽ കുറവ്**

നഗരസഭാ പരിധിയിൽ പ്രവർത്തിച്ചിരുന്ന മഹാറാണി, യുവറാണി തീയറ്ററുകളിൽ നിന്നും 2022 ഏപ്രിൽ മാസം വിനോദനികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ഒഴിവാക്കിയ സിനിമ ടിക്കറ്റിൻമേലുള്ള വിനോദനികുതി 2019-ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 6 പ്രകാരം പുനസ്ഥാപിച്ചിരുന്നു. 10.06.2019-ലെ സ.ഉ.(കൈ)നം.63/2019/ ത.സ്വ.ഭ.വ. ഉത്തരവിൽ സിനിമാ ടിക്കറ്റുകൾക്ക് 10% വിനോദ നികുതി ഈടാക്കേണ്ടതാണെന്നും നിഷ്കർഷിച്ചു. പിന്നീട് 31.08.2019-ലെ സ.ഉ.(കൈ)നം.112/ 2019/ത.സ്വ.ഭ.വ. ഉത്തരവിലൂടെ നികുതി നിരക്കിൽ ഭേദഗതി വരുത്തുകയും 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100 രൂപയിൽ കൂടുതലുള്ള

ടിക്കറ്റുകൾക്ക് 8.5 ശതമാനവുമായി നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയ്തു. പുതുക്കിയ നിരക്കിന്റെ പ്രാബല്യ തീയതി 01.09.2019 മുതലാണ്. ജി.എസ്.ടി. ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ തീയറ്ററുകളുടെ കാര്യത്തിൽ സർക്കാർ പുനഃസ്ഥാപിച്ച വിനോദനികുതി കൃത്യമായി പിരിച്ചെടുക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

മഹാറാണി തീയറ്ററിൽ നിന്നും ലഭ്യമാക്കിയ ടിക്കറ്റ് കളക്ഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചത് പ്രകാരം ഫാമിലി ബോക്സ് സീറ്റുകൾക്ക് 104.74 രൂപ നിരക്കിലും ബാൽക്കണി സീറ്റുകൾക്ക് 100.16 രൂപ നിരക്കിലും ഫസ്റ്റ് ക്ലാസ്സ് സീറ്റുകൾക്ക് 80.27 രൂപ നിരക്കിലുമാണ് ടിക്കറ്റ് ചാർജ്ജ് ഈടാക്കി വന്നിരുന്നത്. യുവറാണി തീയറ്ററിൽ റോസ് സർക്കിൾ സീറ്റുകൾക്ക് 100.16 രൂപയും ജാസ്മിൻ സർക്കിൾ സീറ്റുകൾക്ക് 80.27 രൂപയുമാണ് ഈടാക്കിയിരുന്നത്. സർക്കാർ ഉത്തരവ് പ്രകാരം 100 രൂപയ്ക്ക് മുകളിൽ അടിസ്ഥാന ടിക്കറ്റ് നിരക്കുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവും 100 രൂപയ്ക്ക് താഴെ അടിസ്ഥാന നിരക്കുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവുമാണ് വിനോദ നികുതിയായി ഈടാക്കേണ്ടത്. എന്നാൽ 2022 ഏപ്രിൽ മാസത്തിൽ 100.16 രൂപ അടിസ്ഥാന ടിക്കറ്റ് നിരക്കുള്ള ടിക്കറ്റുകൾക്ക് 5 ശതമാനം എന്ന നിരക്കിലാണ് വിനോദ നികുതി ഈടാക്കിയത്. മേൽ തീയറ്ററുകളിൽ നിന്നും 2022 ഏപ്രിൽ മാസത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന വിനോദ നികുതിയും ലഭ്യമായ നികുതിയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | തീയറ്റർ | ടിക്കറ്റ് നിരക്ക് | വിറ്റ ടിക്കറ്റുകളുടെ എണ്ണം | ആകെ തുക | ഈടാക്കിയ വിനോദനികുതി (@ 5%) | ഈടാക്കേണ്ടിയിരുന്ന വിനോദ നികുതി (@ 8.50%) | കുറവ് |
|---|---|---|---|---|---|---|---|
| ഏപ്രിൽ2022 | മഹാറാണി | 100.16 | 6826 | 683692.16 | 34130 | 58114 | 23984 |
| | യുവറാണി | 100.16 | 1571 | 157351.36 | 7855 | 13375 | 5520 |
| ആകെ | | | | | 41985 | 71489 | 29,504/- |

വിനോദനികുതിയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന മുഴുവൻ തുകയും പിരിച്ചെടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 10/18.01.2024) മറുപടി ലഭ്യമാക്കിയില്ല . മേല്പറഞ്ഞ രണ്ട് തീയറ്ററുകളും നിലവിൽ പ്രവർത്തനം നിർത്തിയിട്ടുള്ളതായതിനാൽ റെവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിച്ച് വിനോദനികുതിയിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-27 മൂന്നാനി ലോയേഴ്സ് ചേമ്പർ - ആസ്തി നിഷ്ക്രിയമായി കിടക്കുന്നത് മൂലം കോടികളുടെ ബാധ്യതയും വരുമാന നഷ്ടവും

**ഫയൽ നമ്പർ : ആർ3-5197/2022**

**പ്രധാന നിരീക്ഷണങ്ങൾ -സംക്ഷിപ്തം**

**1-നഗരസഭയുടെ അനിവാര്യ ചുമതയിലോ പൊതു ചുമതലയിലോ ഉൾപ്പെടാത്ത ലോയേഴ്സ് ചേംബർ ( Building Exclusively For Lawyers) എന്ന കെട്ടിട നിർമ്മാണം വൻ ലോൺ ബാധ്യതോടെയും ദീർഘവീക്ഷണമില്ലാതെയും ഏറ്റെടുത്തു.**

**2-4.10 കോടി രൂപയുടെ അടങ്കലിൽ ഏറ്റെടുത്ത നിർമ്മാണ പ്രവൃത്തികളുടെ ബിൽ ക്ലെയിമുകൾ യഥാസമയം നൽകാൻ കഴിഞ്ഞില്ല.കരാറുകാരന് പലിശ കൂടി നൽകേണ്ടി വന്നു.**

**3-തെറ്റായ ധനകാര്യ മാനേജ്മെന്റ് മൂലം കെട്ടിട നിർമ്മാണത്തിനായി KURDFCയിൽ നിന്ന് ലോൺ അനുവദിച്ച 2.33 കോടി രൂപയിൽ 1.01 മുൻകാല വായ്പകളുടെ കുടിശ്ശിക ഇനത്തിൽ നേരിട്ട് ക്രമീകരിക്കപ്പെട്ടു.**

**യഥാർത്ഥത്തിൽ ലഭ്യമായ വായ്പ 1.31 കോടി രൂപ മാത്രം.**

**4-ഭീമമായ തുക തിരിച്ചടച്ചതിന് ശേഷവും വാർഷിക കണക്ക് പ്രകാരം 31-3-23 ൽ 3.84 കോടി രൂപ ബാധ്യത ഇനത്തിൽ അവശേഷിക്കുന്നു.ബാധ്യതാ കണക്കുകൾ സംബന്ധിച്ച കൃത്യമായ വിവരം നഗരസഭയിൽ ലഭ്യമല്ല.**

**5-കെട്ടിടത്തിലെ മുറികൾ ഷട്ടറിട്ട് 72 പ്രത്യേക മുറികളായി തിരിച്ച് നിർമ്മിച്ചിട്ടുള്ളതിനാൽ നഗരസഭ തീരുമാനിച്ചാൽ പോലും വാണിജ്യാവശ്യത്തിനായി കെട്ടിടം ഉപയോഗക്ഷമമാക്കാൻ കഴിയാത്ത സ്ഥിതി.**

**6-മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പടെ വകമാറ്റി ചെലവഴിച്ച് ഏറ്റെടുത്ത തുടർ പ്രവൃത്തികൾ (ഇലക്ട്രിക്കൽ,പ്ലമ്പിങ്ങ് മുതലായവ) യഥാവിധി പൂർത്തിയാക്കാത്തത് മൂലം അടിസ്ഥാനസൗകര്യങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.**

**7-കെട്ടിടത്തിന്റെ നാളിതുവരെയുള്ള മൂലധനച്ചെലവ് (Capital Cost), ബാധ്യത , ആർജ്ജിച്ച വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ലാഭക്ഷമത വിലയിരുത്തി പരിഹാര നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യം.**

**8-ദീർഘ വീക്ഷണമില്ലാതെയും നഗരസഭയുടെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെയും പ്രയോജന രഹിതമായി ഫണ്ട് ചെലവഴിക്കുന്നതിനും ഭീമമായ ബാധ്യതയിലേയ്ക്ക് എത്തിച്ചതിനും കാരണക്കാരായ കൗൺസിൽ അംഗങ്ങൾ ഉൾപ്പടെയുള്ള ഉത്തരവാദപ്പെട്ട അധികൃതരെ നിർണ്ണയിക്കുന്നതിനും വ്യക്തിപരമായി ബാധ്യതപ്പെടുത്തുന്നതിനും സർക്കാർ ഇടപെടലും തുടർ അന്വേഷണവും അനിവാര്യം**

9-വിശദമായ ഓഡിറ്റ് നിരീക്ഷണം ചുവടെ..

പാലാ നഗരസഭയുടെ അധീനതയിൽ മൂന്നാനിയിലുള്ള ഭൂമിയിൽ നിലവിലുള്ള ജൂഡീഷ്യൽ കോംപ്ലക്സ് കെട്ടിടത്തിനു സമീപം മൂന്നാനി ലോയേഴ്സ് ചേംബർ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് നഗരസഭാ കൗൺസിലിന്റെ 5/8/2015-ലെ തീരുമാനപ്രകാരം 4.10 കോടി രൂപയ്ക്ക് ഭരണാനുമതിയും അതേ കാലയളവിൽ തന്നെ സാങ്കേതികാനുമതിയും (10/2015-16/സിഇ/എൽ.എസ്ജിഡി തീയതി: 09/09/2015) ലഭിക്കുകയും 2016 ഫെബ്രുവരി മാസത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. അഡ്വക്കേറ്റുമാർക്ക് മുറികൾ വാടകയ്ക്ക് നൽകുക എന്ന ലക്ഷ്യത്തോടെ പാലാ കോടതി സമുച്ചയത്തിന് സമീപം ആരംഭിച്ച പ്രോജക്ട് പ്രകാരം കെട്ടിട നിർമ്മാണത്തിനായി ശ്രീ. വിനോയി ആന്റണിയുമായി 12/02/16 ൽ കരാറിൽ ഏർപ്പെട്ടെങ്കിലും വിവിധ സാങ്കേതിക തടസ്സങ്ങളാൽ നിർമ്മാണം നീണ്ടു പോയി. വിവിധ ഘട്ടങ്ങളിലായി കരാറുകാരൻ സമർപ്പിച്ച കാലാവധി ദീർഘിപ്പിക്കൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ 19/07/19 - ൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ കാണുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട റെക്കോർഡുകളുടെയും ഭൗതിക പരിശോധനയുടെയും അടിസ്ഥാനത്തിൽ താഴെ ചേർത്തിട്ടുള്ള നിരീക്ഷണങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. ലോയേഴ്സ് ചേമ്പർ പ്രോജക്ടിന്റെ പണികൾക്കായി കോൺട്രാക്ടർ സമർപ്പിച്ചിട്ടുള്ള പാർട്ട് ബില്ലുകൾ പ്രകാരം 3,29,44,353/- രൂപ സിവിൽ വർക്കുകൾക്കായി ചിലവ് വന്നതായി കാണുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷം വരെ കേവലം 1,61,89,623/-രൂപയാണ് കോൺട്രാക്ടർക്ക് നൽകാൻ സാധിച്ചിട്ടുള്ളത്. കോൺട്രാക്ടർ സമർപ്പിച്ച ബില്ലുകൾ പ്രകാരം കോൺട്രാക്ടർക്ക് നൽകാനായി ഇനിയും പലിശയ്ക്കു പുറമേ 1,67,54,730/- രൂപ കൂടിയുണ്ട് . ടി തുക 2023-24 സാമ്പത്തിക വർഷത്തിൽ കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ടെന്നാണ് വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ അധികൃതർ അറിയിച്ചത്.

2. വാർഷിക കണക്ക് പ്രകാരം 38412652 രൂപയാണ് 31/03/23 ൽ കെ.യു.ആർ.ഡി.എഫ് .സി ലോൺ തിരിച്ചടവ് അവശേഷിക്കുന്നത്. കെ.യു.ആർ.ഡി.എഫ്.സി ലോൺ തിരിച്ചടവിന് തനത് ഫണ്ട് അപര്യാപ്തമായതിനാൽ ജി.ഒ. പ്രോജക്ടായി ഫണ്ടിൽ നിന്നും കുറവ് ചെയ്യണമെന്ന് 27/8/21 ലെ കത്ത് പ്രകാരം നഗരസഭ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. മൂന്നാനി ലോയേഴ്സ് ചേംബർ നിർമ്മാണത്തിനായി 3,28,50,000/- അനുവദിക്കുന്നതിന് 15-10-2018-ൽ കെ.യു.ആർ.ഡി.എഫ്.സി.യുമായി കരാറുണ്ടാക്കിയിരുന്നു. നഗരസഭ 1,85,99,732/-രൂപയുടെ പാർട്ട് ബില്ലിന് തുക അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും കുടിശിക ഇനത്തിൽ 1,01,48,159/- രൂപ ( കൊട്ടാരമറ്റം, തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ്കളുടെ വായ്പ തിരിച്ചടവ്) കെ.യു.ആർ.ഡി.എഫ്.സി തന്നെ തിരിച്ചുപിടിച്ചതിന് ശേഷം 65,91,600/-രൂപ മാത്രമാണ് 29/06/2019 ൽ കെ.യു.ആർ.ഡി.എഫ്.സി അനുവദിച്ചത്. പിന്നീട് 24/09/2019 ൽ 66,04,623/- രൂപ കൂടി അനുവദിക്കുകയുണ്ടായി. ചുരുക്കത്തിൽ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും മൂന്നാനി ലോയേഴ്സ് ചേമ്പറിന്റെ നിർമ്മാണത്തിനായി 2,33,44,382/-രൂപ അനുവദിച്ചിരുന്നുവെങ്കിലും മറ്റ് വായ്പകളുടെ തിരിച്ചടവ് കുടിശികയായി 1,01,48,159/-രൂപ കെ.യു.ആർ.ഡി.എഫ്.സി. തന്നെ തിരിച്ചു പിടിച്ചതു മൂലം 1,31,89,623/- രൂപ മാത്രമേ കെ.യു.ആർ.ഡി.എഫ്.സി. ലോണിൽ നിന്നും മൂന്നാനി ലോയേഴ്സ് ചേംബറിന്റെ നിർമ്മാണത്തിനായി ലഭ്യമായുള്ളൂ. കൊട്ടാരമറ്റം, തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും ലോൺ ഇനത്തിൽ വലിയ കുടിശിക നിലനിൽക്കുമ്പോൾ തന്നെ 3,28,50,000/- കൂടി തിരിച്ചടവിന് മാർഗ്ഗമില്ലാതെ കടമെടുത്ത് കോടിക്കണക്കിന് രൂപ പുതിയ ബാധ്യത വരുത്തിവെയ്ക്കുകയും മൂന്നാനി ലോയേഴ്സ് ചേമ്പർ കെട്ടിടത്തിൽ നിന്ന് എന്തെങ്കിലും വരുമാനം ലഭിക്കുമെന്ന് ഉറപ്പില്ലാതെയിരിക്കുകയും ഇനി അഥവാ വരുമാനം ലഭിച്ചാൽ തന്നെ അത് ഇതുവരെ മുടക്കിയ തുകയും ബാധ്യതയും വച്ച് വളരെ തുച്ഛമായിരിക്കുകയും ആ തുക കെ.യു.ആർ.ഡി.എഫ്.സി. യുമായുണ്ടാക്കിയ പുതിയ എസ്ക്രോ കരാർ പ്രകാരം ആളുകളിൽ നിന്നുള്ള എല്ലാ വരുമാനവും അവർക്ക് തന്നെ പോകുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. ലോൺ തിരിച്ചടവുകൾ നഗരസഭയുടെ തനത്ഫണ്ട് ശുഷ്ക്കമാക്കുന്നതിൽ പ്രധാന ഘടകമായതിനാൽ ലോണുപയോഗിച്ച് സൃഷ്ടിച്ച ആസ്തി നഗരസഭയുടെ വരുമാന സ്രോതസ്സാക്കി മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3. മേൽ കെട്ടിടത്തിന്റെ ബാക്കി നിൽക്കുന്ന സിവിൽ വർക്കുകൾ പൂർത്തീകരിക്കുന്നതിനായി 30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും 29,22,881/- രൂപ മുതൽ മുടക്കിൽ 05.05.2022 ൽ പണി പൂർത്തീകരിക്കുകയുമുണ്ടായി . നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയത് മെയിന്റനൻസ് ഗ്രാന്റിൽ നിന്നുമാണ്. സ.ഉ.(എം.എസ്)330/ 2004/എൽ.എസ്.ജി.ഡി, ഖണ്ഡിക 4-1 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിനായാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. ഇതിന് വിരുദ്ധമായാണ് മേൽ കെട്ടിട നിർമ്മാണത്തിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചത്.

4. പ്ലംബിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ, അവശേഷിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണം എന്നിവയ്ക്കായി 30 ലക്ഷം രൂപയുടെ പ്രോജക്റ്റിന് 24/09/21 ന് സാങ്കേതിക അനുമതി ലഭിച്ചുവെങ്കിലും പ്രോജക്ട് പൂർണ്ണമായും പൂർത്തീകരിക്കാനായിട്ടില്ല. ചേംബർ കെട്ടിടത്തിന്റെ പ്ലംബിംഗ് പണികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കുടിവെള്ള സൗകര്യം ഇതുവരെ ഏർപ്പാടാക്കാൻ കഴിഞ്ഞിട്ടില്ല. കുഴൽക്കിണർ നിർമ്മാണത്തിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്ന് എസ്റ്റിമേറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 52,000/-രൂപ ട്രഷറിയിൽ 26/12/2022 ൽ ഡെപ്പോസിറ്റ് ചെയ്യുകയും കുഴൽക്കിണർ സ്ഥാപിക്കുകയും ചെയ്തെങ്കിലും മോട്ടോർ, പാനൽബോർഡ് എന്നിവ സ്ഥാപിച്ച് പ്രയോജനപ്രദമാക്കിയിട്ടില്ല. ഇലക്ട്രിക്കൽ ജോലികൾ 23,42,865/-രൂപയ്ക്ക് പവ്വർ ക്രാഫ്റ്റ് ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് കരാറെടുത്ത് പണികൾ പൂർത്തിയാക്കി കറന്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഇതുവരെ കെട്ടിടത്തിൽ ഏർപ്പെടുത്തിയിട്ടില്ല . കെട്ടിടത്തിന്റെ ഉദ്ഘാടനം 23/9/2022-ന് നടത്തുകയുണ്ടായെങ്കിലും

കെട്ടിടം പ്രവർത്തനസജ്ജമായിട്ടില്ല.

5. ലോയേഴ്സ് ചേംബറിൽ മൂന്ന് നിലകളിലായി ശുചിമുറികളോട് കൂടി 72 മുറികളാണുള്ളത്. എല്ലാ മുറികളും ഷട്ടർ മുറികളാണ്. ലോയേഴ്സിന്റെ ഓഫീസ് ആവശ്യത്തിനായി നിർമ്മിച്ച ഈ കെട്ടിടത്തിലെ മുറികൾ 19.10.2022 തീയതിയിൽ ലേലം ചെയ്തപ്പോൾ ആകെ 5 മുറികൾ മാത്രമാണ് ലേലം കൊണ്ടതായി കാണുന്നത്. വിശദമായ പഠനമോ ആവശ്യകത നിർണ്ണയമോ നടത്താതെയാണ് കെട്ടിടത്തിന്റെ പ്ലാൻ ഉണ്ടാക്കിയതും നിർമ്മാണം നടത്തിയതെന്നുമാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. മാത്രവുമല്ല എല്ലാ മുറികളും ഷട്ടറിട്ട മുറികളായതു കൊണ്ടും വെന്റിലേഷൻ സൗകര്യം, ശുചിമുറി എന്നിവയുടെ പരിമിതികൾ കൊണ്ടും മറ്റാവശ്യങ്ങൾക്ക് നൽകുന്നതിനുള്ള സാധ്യതയും വിരളമാണ്. മറ്റാവശ്യങ്ങൾക്കായി നൽകണമെങ്കിൽ തന്നെ കെട്ടിടത്തിന്റെ സ്ട്രക്ച്ചറിൽ അതിനാവശ്യമായ മാറ്റം വരുത്തലുകൾ നടത്തുന്നതിനായി വലിയ തുക ഇനിയും ചെലവഴിക്കേണ്ടി വരും. കോടതിയുടെ സാമീപ്യവും മറ്റ് ആവശ്യങ്ങൾക്കായി നൽകുന്നത് എത്രത്തോളം സാധ്യമാകുമെന്നത് പരിശോധിക്കേണ്ടിയിരിക്കുന്നു.

6. ജൽജീവൻ മിഷന്റെ പ്രോജക്ട് ഓഫീസ് സ്ഥാപിക്കുന്നതിനായി മൂന്നാനി ലോയേഴ്സ് ചേംബർ കെട്ടിടം വാടകയ്ക്ക് എടുക്കുവാൻ താത്പര്യമുണ്ടെന്ന് കാണിച്ച് കേരള വാട്ടർ അതോറിറ്റി, മീനച്ചിൽ മലങ്കര പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ നഗരസഭയ്ക്ക് കത്ത് ലഭ്യമാക്കിയിരുന്നു.12 മുറികളാണ് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരുന്നത്. ഇതേത്തുടർന്ന് ലോയേഴ്സ് ചേമ്പറിലെ മുറികൾ മൊത്തത്തിലോ ഭാഗികമായോ വീണ്ടും ലേലം ചെയ്യുവാനും മുൻപ് നടന്ന ലേലത്തിൽ മുറികൾ ലേലത്തിനെടുത്ത 5 പേരുടെ ലേലം താൽക്കാലികമായി ഉറപ്പിച്ച് നൽകേണ്ടതില്ല എന്നും ടി ആളുകൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടവാക്കിയിട്ടുള്ള 168000/- രൂപ തിരികെ നൽകുവാനും നഗരസഭാ കൗൺസിൽ തീരുമാനിച്ചു (20.11.23 ലെ 32 -ാം നമ്പർ തീരുമാനം). ആദ്യ ലേലം നടന്ന് ഒരു വർഷം കഴിഞ്ഞതിനുശേഷം ലേലക്കാരുടെ അവകാശം ക്യാൻസൽ ചെയ്തത് ശരിയായ നടപടിയല്ല. ഡെപ്പോസിറ്റ് തുക ലേലക്കാർക്ക് തിരികെ നല്കിയിട്ടുണ്ടോ എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.




മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ: 44/23.01.2023) മറുപടി ലഭ്യമായില്ല. ലോൺ തിരിച്ചടവുകൾ നഗരസഭയുടെ തനത്ഫണ്ട് ശുഷ്കമാക്കുന്നതിൽ പ്രധാന ഘടകമായതിനാൽ ലോണുപയോഗിച്ച് സൃഷ്ടിച്ച ആസ്തി നഗരസഭയുടെ വരുമാന സ്രോതസ്സാക്കി മാറ്റേണ്ടതാണ്. ഈ കെട്ടിടം നിഷ്ക്രിയ ആസ്തി ആയി മാറാതിരിക്കാനുള്ള അടിയന്തിര നടപടികൾ നഗരസഭയുടെ ഭാഗത്ത് നിന്ന് കൈക്കൊള്ളേണ്ടതാണ്. കെട്ടിടത്തിന്റെ നാളിതുവരെയുള്ള മൂലധനച്ചെലവ് (Capital Cost), ബാധ്യത , ആർജ്ജിച്ച വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ലാഭക്ഷമത വിലയിരുത്തി പരിഹാര നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.നഗരസഭാ കൗൺസിലിന്റെയും ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെയും സജീവ ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക്ക്ഷണിക്കുന്നു. കെട്ടിടത്തിന്റെ പൂർത്തിയാക്കാനുള്ള പണികൾ കൂടി പൂർത്തിയാക്കി കെട്ടിടം വരുമാനദായകമാക്കുന്നതിനുള്ള ഫലപ്രദവും പ്രായോഗികവുമായ നടപടികൾ

സ്വീകരിക്കേണ്ടതാണ് .ഇതിന് കഴിയാതെ വന്നാൽ ദീർഘ വീക്ഷണമില്ലാതെയും നഗരസഭയുടെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെയും പ്രയോജന രഹിതമായി ഫണ്ട് ചെലവഴിക്കുന്നതിനും ഭീമമായ ബാധ്യതയിലേയ്ക്ക് എത്തിച്ചതിനും കാരണക്കാരായ കൗൺസിൽ അംഗങ്ങൾ ഉൾപ്പടെയുള്ള ഉത്തരവാദപ്പെട്ട അധികൃതരെ നിർണ്ണയിക്കുന്നതിനും വ്യക്തിപരമായി ബാധ്യതപ്പെടുത്തുന്നതിനും സർക്കാർ ഇടപെടലും തുടർ അന്വേഷണവും അനിവാര്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-28 നഗരസഭാ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കരാർ ചമയ്ക്കുന്നതിൽ വീഴ്ച.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 ഉപവകുപ്പ് 2(എ) പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക് വ്യാപാരത്തിനോ അല്ലാതെയോ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും അവ പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും ഉൾപ്പെടുത്തി ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കണമെന്ന് മേൽ വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുണ്ട്. ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതുപ്രകാരം 2022-23 സാമ്പത്തിക വർഷം നഗരസഭയുടെ 419 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും 330 വാടകക്കാരുമായി മാത്രമെ 200 രൂപ മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടുള്ളൂ. അവശേഷിക്കുന്ന 89 കടമുറികളിലെ വാടകക്കാരിൽ നിന്നും മുദ്രപത്രവിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന 17,800/- രൂപ സംസ്ഥാന സർക്കാരിന് നഷ്ടമായി.ഇപ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ നഷ്ടം വരുത്തിയിട്ടുള്ളതിനാൽ 1959 ലെ സ്റ്റാമ്പ് ആക്ട്, ഇതിന്മേലുള്ള തുടർ ഭേദഗതികൾ എന്നിവ പ്രകാരമുള്ള ഇംപൗണ്ടിങ്ങ് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ബഹു.ജില്ലാ കലക്ടറുടെ പരിഗണനയ്ക്ക് അയച്ച് കലക്ടർ ഉത്തരവാകുന്ന ഇംപൗണ്ടിങ്ങ് ഫീ ഈടാക്കി ക്രമവൽക്കരിക്കേണ്ടതാണ്. നഗരസഭയും വാടകക്കാരുമായി വാടക സംബന്ധിച്ച് കരാർ ചമയ്ക്കാത്ത കടമുറികൾക്ക് ലൈസൻസ് പുതുക്കി നൽകുന്നത് ചട്ട വിരുദ്ധമാണ്. കൃത്യമായ കരാർ വ്യവസ്ഥകളുണ്ടാക്കാതെ വാടകയ്ക്ക് മുറികൾ നൽകുന്നതിനാൽ വാടകക്കാർക്കെതിരെ നിയമപരമായി നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയതിന് സാധിക്കാതെ വരുന്നു. ഭാവിയിൽ കടമുറികൾ സംബന്ധമായ എന്തെങ്കിലും തരത്തിലുള്ള കോടതി വ്യവഹാരങ്ങൾ ഉണ്ടാവുകയാണെങ്കിൽ കരാർ ചമയ്ക്കാത്തതുമൂലം നഗരസഭയ്ക്ക് നിലനിൽപ്പില്ലാത്ത അവസ്ഥ ഉണ്ടാകാനും ഇടയുണ്ട്. കൂടാതെ വാടക കുടിശിക വരുത്തുന്നവരുടെ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുവാൻ സാധിക്കാതെ നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്ന സാഹചര്യവും നിലവിലുണ്ട്.നഗരസഭയുടെ കെട്ടിട ആസ്തി അനധികൃതമായ കീഴ് വാടകയ്ക്ക് നൽകുക വഴി ഇടനിലക്കാർ അവിഹിതമായ ലാഭമുണ്ടാക്കുന്നതിനും അന്യാധീനപ്പെടുന്നതിനും കരാർ ചമയ്ക്കാത്ത അവസ്ഥ വഴി വെച്ചേക്കാം. കുത്തകക്കാരുമായി യഥാസമയം കരാർ ചമയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് എൻക്വയറി (11/18.01.2024) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ബഹു.ജില്ലാ കളക്ടർ മുഖേന സ്വീകരിക്കേണ്ട ഇംപൗണ്ടിങ്ങ് നടപടികൾക്ക് വിധേയമായി കുത്തകക്കാരിൽ നിന്നും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഈടാക്കാനുള്ള തുക 350200127 - Stamp Recovery ശീർഷകത്തിൽ നഗരസഭാ ഫണ്ടിലേക്ക് ഈടാക്കിയതിന് ശേഷം നിശ്ചിത ശീർഷകത്തിൽ ട്രഷറിയിലേക്ക് ഒടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതി അടിയന്തര ഇടപെടൽ നടത്തി എല്ലാ വാടകക്കാരുമായും കരാറിൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-29 തൻവർഷ വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

നഗരസഭയുടെ 31/03/2023 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 431400101-Rent Receivable From Civic Amenities (Current) ശീർഷകത്തിൽ 2,575,335/- രൂപ 2022-23 വർഷം വാടകത്തുക ഇനത്തിൽ കുത്തകക്കാർ ഒടുക്കാനുള്ളതായി കാണുന്നു . വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം പാലാ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഷോപ്പിംഗ്

കോംപ്ലക്സുകളിലെ കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത കുത്തകക്കാരിൽ 50,000 രൂപയിൽ കൂടുതൽ വാടക കുടിശികയുള്ള കുത്തകക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ / സ്ഥാപനത്തിന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് /റൂം നം. | പ്രതിമാസ വാടക നിരക്ക് | കുടിശ്ശിക മാസം | കുടിശ്ശിക തുക (GST ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | അയ്യപ്പൻ ഐശ്വര്യനിവാസ് | KBT(n)G2 | 7392 | 2022 ഏപ്രിൽ – 2023 മാർച്ച് | 8722x12=104664 |
| 2 | അയ്യപ്പൻ ഐശ്വര്യനിവാസ് | KBT(n)G3 | 7392 | 2022 ജൂൺ – 2023 മാർച്ച് | 8722x10=87220 |
| 3 | ബിനോ അബ്രാഹം | KBT(n)G-11 | 6705 | 2022 ഏപ്രിൽ – 2023 മാർച്ച് | 7913x12=94956 |
| 4 | ജേക്കബ് തോമസ് | MCCB-F17 | 4598 | 2022 ഏപ്രിൽ – 2023 മാർച്ച് | 5426x12=65112 |
| 5 | സോനു സുനിൽ | MCCB-F18 | 4598 | 2022 ഏപ്രിൽ – 2023 മാർച്ച് | 5426x12=65112 |
| 6 | ജോസ് ജോസഫ് | MCCB-G26 | 4780 | 2022 ഏപ്രിൽ – 2023 മാർച്ച് | 5640x12=67680 |
| 7 | റോസമ്മ ജോസഫ് | NCB-17 | 3565 | 2022 ഏപ്രിൽ – 2023 മാർച്ച് | 4207x12=50484 |
| 8 | ടി ആർ മനോജ് | VST-F3 | 6900 | 2022ഒക്ടോബർ – 2023 മാർച്ച് | 8142x6=48852 |
| 9 | അനിൽകുമാർ വി എസ് | VST-F5 | 4220 | 2022 ഏപ്രിൽ – 2023 മാർച്ച് | 4978x12=59736 |
| 10 | രഞ്ജിനി കെ ആർ | VST-F8 | 11780 | 2022 ഒക്ടോബർ – 2023 മാർച്ച് | 13900x6=83400 |
| 11 | രാജേഷ് ജോസഫ് | KBT(n)G1 | 7030 | 2022 ജൂൺ -2023 മാർച്ച് | 8722x10=87220 |

വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ:20/20.01.2024) മറുപടി ലഭ്യമാക്കിയില്ല . കുടിശിക തുക ഈടാക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

**1-29-1 മുൻവർഷങ്ങളിലെ വാടക കുടിശ്ശിക ഈടാക്കിയില്ല - കണക്കുകളിൽ അവ്യക്തത**

നഗരസഭയുടെ 31/03/2023 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 431400102-Rent Receivable From Civic Amenities (Arrears) ശീർഷകത്തിൽ 1,002,410/- രൂപ 2022-23 വർഷത്തിന് മുൻപുള്ള വർഷങ്ങളിലെ വാടകത്തുക ഇനത്തിൽ കുത്തകക്കാർ ഒടുക്കാനുള്ളതായി കാണുന്നു. എന്നാൽ ഡിമാൻഡ് രജിസ്റ്റർ പ്രകാരം 22,73,190/- രൂപയാണ് മുൻവർഷ വാടക കുടിശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ പിരിഞ്ഞു കിട്ടുവാനുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. കുടിശിക ഡിമാൻഡ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. 31/03/2023 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം

വാടക നിക്ഷേപമായി (Rent Deposit) 60.71 ലക്ഷം രൂപ അവശേഷിക്കുന്നുണ്ട്. കൃത്യമായ കണക്കുകളുടെയും രജിസ്റ്ററുകളുടെയും അഭാവത്തിൽ കുടിശിക വരുത്തിയ കുത്തകക്കാരുടെ നിക്ഷേപം വാടകയിനത്തിൽ വരവുചേർത്ത് കുത്തകക്കാരെ ഒഴിപ്പിക്കാനും നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. വാടക സംബന്ധിച്ച ബൈലോയും നിലവിലില്ല. നഗരസഭയിലെ എല്ലാ ഷോപ്പിങ്ങ് കോംപ്ലെക്സിന്റെയും വിവരങ്ങൾ ചേർത്ത് ഡിമാന്റ് രജിസ്റ്ററിലെ ഇൻഡെക്സ് തയ്യാറാക്കിയിട്ടില്ല. കുടിശ്ശികയുള്ള കുത്തകക്കാരെല്ലാവരുംതന്നെ നിലവിലും തുടരുന്നതായാണ് കാണുന്നത്. വാടക നടപടികളിലെ മേൽവിവരിച്ച അപാകതകൾ മൂലവും വാടകയ്ക്ക് ആനുപാതികമായി വാടക നിക്ഷേപം കുത്തകക്കാരിൽ നിന്നും വാങ്ങി മുനിസിപ്പൽ ഫണ്ടിൽ സൂക്ഷിക്കാതിരുന്നതും മൂലമാണ് വലിയ തുക വാടക കുടിശികയിനത്തിൽ നിലനിൽക്കുന്നത് . നഗരസഭയ്ക്ക് ഭീമമായ സാമ്പത്തിക നഷ്ടം വരുത്തിവയ്ക്കുന്ന വാടക നടപടികളിലെ മേൽവിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2022-23/17.01.2024) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല. വാടക കുടിശിക വരുത്തിയ കുത്തകക്കാരുടെ പേര് വിവരങ്ങൾ, കുടിശിക തുക, കാലയളവ് തുടങ്ങിയവ സംബന്ധിച്ച് നഗരസഭയിൽ നിന്നും ലഭ്യമാക്കിയ വിശദാംശങ്ങൾ അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു .

എല്ലാ കുത്തകക്കാരിൽ നിന്നും വാടക നിക്ഷേപം ഈടാക്കി വാടക നിക്ഷേപത്തിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി ഹാജരാക്കേണ്ടതാണ്. കുടിശിക വാടക നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും അടവാക്കുകയും ചെയ്ത് കുടിശിക ഡിമാൻറ് രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം ഉൾപ്പടെ മറുപടി നൽകേണ്ടതാണ്

**1-30 വിവിധ ലേലങ്ങൾ - ലേല തുക പൂർണ്ണമായി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല**

നഗരസഭയിലെ വിവിധ പൊതുജനസേവന സംവിധാനങ്ങളുടെയും ആസ്തികളുടെയും നടത്തിപ്പ് ചുമതലയും വിവിധങ്ങളായ ഫീസ് പിരിവുകളുടെ അവകാശവും പരസ്യലേലത്തിലൂടെ നിശ്ചിത തുക നിശ്ചയിച്ച് വിവിധങ്ങളായ വ്യക്തികൾക്ക് നൽകിയിട്ടുണ്ട്.എന്നാൽ ലേലങ്ങൾ സംബന്ധിച്ച ഫയൽ സൂക്ഷിപ്പിലെ ന്യൂനത, ലേല രജിസ്റ്ററിലെ മതിയായ രേഖപ്പെടുത്തലുകളുടെ അഭാവം എന്നിവ മൂലം ലേല നടപടികളുടെ സുതാര്യത,ജാമ്യ നിക്ഷേപങ്ങളുടെ ഈടാക്കൽ, ലേല തുകയുടെ ഈടാക്കൽ/ക്രമീകരണം എന്നിവ ഓഡിറ്റിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

1) തെക്കേക്കര കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനുള്ള അവകാശം ലേലം ചെയ്തതിൽ പ്രതിമാസം 760/- രൂപ നിരക്കിൽ, ഭരണസമിതിയുടെ 01/30.05.2022 നം. തീരുമാനം പ്രകാരം, ശ്രീ. ജയ്സൺ തോമസ്, വേലൂക്കാവിൽ എന്നയാളുടെ ഓഫറിന് അംഗീകാരം നൽകിയിട്ടുണ്ട്. 122010101749/27.05.2022 നം. രസീത് പ്രകാരം 25,000/- രൂപ ടി യാൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയിട്ടുണ്ട്. 9120/- രൂപ (12 X 760/- രൂപ) അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

2) പാലാ മുനിസിപ്പൽ സ്റ്റേഡിയം 07.00 AM മുതൽ 09.00 AM വരെയുള്ള സമയത്ത് ഫുട്ബോൾ പരിശീലനത്തിനായി ഉപയോഗിക്കുന്നതിനുള്ള അവകാശം ശ്രീ. അരുൺകുമാർ. കെ. എസ്, പന്തനാനിയിൽ എന്നയാൾക്ക് 1,27,000/- രൂപയ്ക്കും 04.00 PM മുതൽ 07.00 PM വരെയുള്ള സമയത്ത് ഇതേ ആവശ്യത്തിനായി ശ്രീ. പ്രദീപ്കുമാർ. കെ. എസ്, സെക്രട്ടറി, പാലാ സ്പോർട്സ് & വെൽഫെയർ അസോസിയേഷൻ എന്നയാൾക്ക് 1,83,000/- രൂപയ്ക്കും ലേലത്തിലൂടെ ഉറപ്പിച്ച് നൽകിയിട്ടുണ്ട്. ( ഭരണസമിതിയുടെ03/13.04.2022 നം. തീരുമാനം ). പ്രസ്തുത ലേല തുകകൾ സ്ഥാപനത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ, സ്വീകരിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ തുടങ്ങിയവ ലഭ്യമായില്ല.

3) പാലാ നഗരസഭ പരിധിയിലുള്ള ബസ് സ്റ്റാന്റുകളിലെ ഫീസ് പിരിവ് അവകാശം സംബന്ധിച്ച ലേലത്തിൽ കൂടിയ തുക ക്വോട്ട് ചെയ്ത ശ്രീ. ബോബി തോമസ്, ഓംപള്ളിൽ, വലവൂർ എന്നയാൾക്ക് 5,55,555/- രൂപയ്ക്ക് ഇതിനുള്ള അവകാശം ഉറപ്പിച്ച് നൽകിയിട്ടുണ്ട്.(ഭരണസമിതിയുടെ 2/23.03.2022 നം. തീരുമാനം) പ്രസ്തുത ലേല തുകയായ 5,55,555/- രൂപ സ്ഥാപനത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ, സ്വീകരിച്ച ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമായില്ല.ബസ്സ്

സ്റ്റാന്റിൽ കയറിയിറങ്ങുന്ന ബസുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത നിരക്കിലുള്ള ഫീസ് പിരിച്ചാൽ കരാറുകാരന് ലഭ്യമാവുന്ന വരുമാനം ഏകദേശമായി കണക്കാക്കാവുന്നതിനാൽ ന്യായമായ ലാഭവിഹിതം കിഴിച്ച് നിശ്ചയിക്കാവുന്ന അടിസ്ഥാന ലേല തുക വർദ്ധിപ്പിക്കുന്നതിനും ശരിയായ മൽസരക്ഷമത ഉറപ്പാക്കി ലേലം നഗരസഭയക്ക് വരുമാനദായകമാക്കുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്.

4) പാലാ നഗരസഭ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ ഭാഗമായുള്ള ജിംനേഷ്യത്തിന്റെ 2022-23 വർഷത്തെ നടത്തിപ്പ് സംബന്ധിച്ച ഫയലുകൾ, സ്റ്റോക്ക് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ തുടങ്ങിയവ പരിശോധനയ്ക്ക് ലഭ്യമായില്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/20.01.2024), മറുപടി ലഭ്യമായില്ല. ലേലനടപടികൾ സംബന്ധിച്ച സമഗ്രമായ ഫയലുകളും മറ്റ് വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-31 മൂല്യം നിർണ്ണയിക്കപ്പെട്ട വൃക്ഷങ്ങൾ / തടികളുടെ ലേല നടപടികൾ പൂർത്തീകരിച്ച് തുക തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.**

നഗരസഭയുടെ ഉടമസ്ഥതയിലും അധീനതയിലും ഉള്ളതായ വൃക്ഷങ്ങൾ / വെട്ടിയിട്ട മരങ്ങൾ തുടങ്ങിയവ സോഷ്യൽ ഫോറസ്റ്ററി വിഭാഗത്തിന്റെ വാല്യുവേഷൻ, വിവിധ കമ്മിറ്റി തീരുമാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അവസ്ഥ | സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|---|
| 1) | ആഞ്ഞിലി | വെട്ടിയിട്ടത് | പാലാ ജനറൽ ആശുപത്രി കോമ്പൗണ്ട് |
| 2) | ആഞ്ഞിലി | വെട്ടിയിട്ടത് | തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് കോമ്പൗണ്ട് |
| 3) | പ്ലാവ് | വെട്ടിയിട്ടത് | വാർഡ് - X പഴയ ഹോമിയോ ആശുപത്രിയ്ക്ക് സമീപം |
| 4) | ആഞ്ഞിലി | നിലയിൽ | വാർഡ് - VI പമ്പ് ഹൌസ് റോഡിന് സമീപം |
| 5) | ആഞ്ഞിലി | നിലയിൽ | വാർഡ് - VI ഗ്രീൻ വാലി റോഡിൽ ഗ്രാന്റ് ഹോട്ടലിന് പിൻവശത്ത് |
| 6) | തേക്ക് (2 മരങ്ങൾ) | നിലയിൽ | വാർഡ് - 23 അരുണാപുരം ഗവ. എൽ. പി സ്കൂൾ കോമ്പൗണ്ടിൽ |
| 7) | തേക്ക് (1) ആഞ്ഞിലി(1) | നിലയിൽ | വാർഡ് - 13 തെങ്ങന്നൂർ കടവിനോട് ചേർന്ന് |
| 8) | പൂവാക (4 മരങ്ങൾ) | നിലയിൽ | വാർഡ് - 10 ചെമ്പകശ്ശേരി ആയുർവേദ ആശുപത്രിയ്ക്ക് മുൻപിലായി |
| 9) | മുള്ളുവേങ്ങ | നിലയിൽ | വാർഡ് - 10 ചെമ്പകശ്ശേരി ആയുർവേദ ആശുപത്രിയ്ക്ക് മുൻപിലായി |
| 10) | തേക്ക് | നിലയിൽ | വാർഡ് - 5 പുഞ്ചിരിക്കവല ഭാഗത്തുള്ള അംഗനവാടിയോട് ചേർന്ന് |
| 11) | ആഞ്ഞിലി(3) | നിലയിൽ | പാലാ സന്ധ്യ കേറ്ററിംഗ് സ്ഥാപനത്തിന് സമീപം ളാലം തോടിന്റെ സംരക്ഷണ ഭിത്തിയ്ക്ക് തടസ്സമായി നിൽക്കുന്നു. |

| | | | |
|---|---|---|---|
| 12) | കുളമാവ് (2) | നിലയിൽ | പാലാ സന്ധ്യ കേറ്ററിംഗ് സ്ഥാപനത്തിന് സമീപം ളാലം തോടിന്റെ സംരക്ഷണ ഭിത്തിയ്ക്ക് തടസ്സമായി നിൽക്കുന്നു. |
| 13) | മരുത് | നിലയിൽ | പാലാ സന്ധ്യ കേറ്ററിംഗ് സ്ഥാപനത്തിന് സമീപം ളാലം തോടിന്റെ സംരക്ഷണ ഭിത്തിയ്ക്ക് തടസ്സമായി നിൽക്കുന്നു. |

പ്രസ്തുത തടികൾ/വൃക്ഷങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിനായി ലേലനടപടികൾ സ്വീകരിച്ചിരുന്നെങ്കിലും, വാല്യുവേഷൻ തുകയിൽ ആരും ലേലം കൊള്ളാത്ത സാഹചര്യം നിലനിൽക്കുന്നു. തൻമൂലം വെട്ടിയിട്ട പല തടികളും ജീർണ്ണാവസ്ഥയിലെത്തി മൂല്യശോഷണം സംഭവിച്ചിട്ടുണ്ടെന്നതും വസ്തുതയാണ്. പ്രസ്തുത വൃക്ഷങ്ങൾ/തടികളുടെ ലേല നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ആയതിന്റെ മൂല്യം തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-32 ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സ് (FDT) അടവാക്കിയില്ല**

പാലാ നഗരസഭ വാർഡ് 23-ൽ ഉൾപ്പെട്ട അരുണാപുരം ഗവ. എൽ. പി. സ്കൂൾ പരിധിയിൽ മുറിച്ചിട്ടിരുന്ന ആഞ്ഞിലി തടിയുടെ പുനർലേലത്തിന് ശ്രീ. സൂര്യജിത്ത്. വി. എസ്, വി. എസ്. എം ട്രേഡേഴ്സ്, കടനാട്. പി. ഓ, ഐങ്കൊമ്പ് എന്നയാളുടെ 21,500/- രൂപയുടെ ലേലം നഗരസഭ കൗൺസിലിന്റെ 12/11.08.2022 നം. തീരുമാനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ, തടി വില്പന വിലയുടെ 5.25% തുകയായ 1129/- രൂപ Forest Development Tax (FDT) ഇനത്തിൽ ട്രഷറിയിൽ അടവാക്കിയതിന്റെ ചലാൻ പകർപ്പ് ബന്ധപ്പെട്ട ഫയലിൽ ലഭ്യമായിട്ടില്ല. ആയത്, പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (45/23.01.2024), മറുപടി ലഭ്യമായിട്ടില്ല. തുക ട്രഷറിയിൽ അടവാക്കി, ചലാൻ പകർപ്പ് ഉൾപ്പെടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-33 ജിപിഎഫ് വിഹിതം അടവാക്കുന്നതിൽ കാലതാമസം - പിഴ ഒടുക്കേണ്ടി വരുന്നു-**

നഗരസഭയിലെ 52 റെഗുലർ ജീവനക്കാരുടെയും, 21 കണ്ടിജന്റ് ജീവനക്കാരുടെയും പിഎഫ് ( Loan/subscription) വിഹിതം എല്ലാ മാസവും ശമ്പളത്തിൽ നിന്ന് ഈടാക്കി അർബൻ അഫയേഴ്സ് ഡയറക്ടറുടെ ടിഎസ്ബി അക്കൌണ്ടിലേക്ക് ( A/c No. 799010100343215, Tvpm Distr.try) അടച്ചുപോരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | തുക | ചെക്ക് നം/തീയതി |
|---|---|---|
| 3/22 | 638308- | XY 2643358/20-04-22 |
| 4/22 | 574767- | XY 2643363/31-05-22 |
| 5/22 | 632595- | XY 2643370/20-09-22 |
| 6/22 | 634796- | JM 414402/18-10-22 |
| 7/22 | 649599- | JM 414402/18-10-22 |
| 8/22 | 660096- | XY 2643374/25-11-22 |
| 9/22 | 655315- | XY 2643374/25-11-22 |
| 10/22 | 655105- | XY 2643379/06-01-23 |
| 11/22 | 670403- | XY 2643383/28-02-23 |
| 12/22 | 636044- | XY 2643383/28-02-23 |
| 1/23 | 593179- | XY 2643383/28-02-23 |
| 2/23 | 589270- | XY 2643383/28-02-23 |

| | | |
|---|---|---|
| 2/23 Supplementary | 4536- | XY 2643386/13-04-23 |
| 3/23 | 619598- | XY 2643388/05-04-23 |
| ആകെ | 8213611- | |

തൻവർഷം ജീവനക്കാരുടെ പി എഫ് വിഹിതം മുഴുവനും നഗരകാര്യഡയറക്ടറുടെ ടി എസ് ബി അക്കൌണ്ടിലേയ്ക്ക് അടച്ചിട്ടുണ്ടെങ്കിലും അവ എല്ലാ മാസവും കൃത്യമായി അടച്ചിട്ടില്ല. ജീവനക്കാരുടെ പിഎഫ് വരിസംഖ്യ/ലോൺവിഹിതം അതാത് മാസം പതിനഞ്ചാം തീയതിക്കുള്ളിൽ CPF ൽ ഒടുക്കേണ്ടതാണെന്നും എന്നാൽ 1 /22 മുതൽ 10 /22 വരെയുള്ള കാലയളവിലെ പിഎഫ് വിഹിതം ഒടുക്ക് വരുത്തിയതിൽ കാലതാമസം ഉണ്ടായതിനാൽ പിഴപ്പലിശയിനത്തിൽ 90463 -രൂപ ഒടുക്ക് വരുത്തണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള പ്രിൻസിപ്പൽ സെക്രട്ടറിയുടെ 22-2-23 ലെ കത്ത് നഗരസഭയിൽ ലഭ്യമായിട്ടുണ്ട്. പിഴപ്പലിശ ഒടുക്കാതിരുന്നാൽ കൂടുതൽ തുക പിഴപ്പലിശ ഒടുക്കേണ്ടി വരുമെന്നതിനാൽ തുക അടവാക്കുന്നതിനും, സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാണിച്ചുകൊണ്ട് സർക്കാരിലേക്ക് കത്ത് അയക്കുന്നതിനും 30-03-23 ലെ 5ാം നം പ്രകാരം കൌൺസിൽ തീരുമാനിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ തൻവർഷം സ്വീകരിച്ചിട്ടില്ല. മാത്രമല്ല 11/22 മുതൽ 2/23 വരെയുമുള്ള മാസങ്ങളിലെ പിഎഫ് വിഹിതവും താമസിച്ചാണ് (2/23 ൽ) അടച്ചിരിയ്ക്കുന്നത്. ആയതിനും പിഴപലിശ ഒടുക്കേണ്ടി വരുന്നതാണ്. നഗരസഭയിലെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലം ജീവനക്കാരുടെ ശമ്പളം പോലും കൃത്യമായി നൽകാനാവാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യം ഉചിതമാർഗ്ഗേന സർക്കാരിനെ ബോധിപ്പിയ്ക്കുകയും, നികുതിപരിവ് ഊർജ്ജിതപ്പെടുത്തുന്നതടക്കം തനതുവരുമാനം വർദ്ധിപ്പിയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അടിയന്തിരമായി സ്വീകരിച്ച് പിഴപ്പലിശ ഒടുക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

**1-34 ലൈബ്രറി സെസ് അടവാക്കുന്നില്ല-51 ലക്ഷം രൂപ കുടിശ്ശിക**

വാർഷികകണക്കുകളിലെ ബി-9 ഷെഡ്യൂൾ പ്രകാരം 5171116 രൂപ ലൈബ്രറി സെസ് ഇനത്തിൽ ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുവാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക ഏത് വർഷം മുതലുള്ള കുടിശ്ശികയാണെന്നും നാളിതുവരെ തുക അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/22.01.24) നഗരസഭയുടെ തനത് ഫണ്ടിന്റെ സ്ഥിതി തികച്ചും പരിതാപകരമായതിനാലാണ് ലൈബ്രറി സെസ് തുക അടയ്ക്കുന്നതിന് കാലതാമസം നേരിട്ടതെന്നും തനത് ഫണ്ടിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് 2020-21 ഒന്നാം അർദ്ധവർഷം മുതലുള്ള ലൈബ്രറി സെസ് കുടിശ്ശികയായ 5171116 രൂപ ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടുഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ആദ്യഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30 നകവും ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് 1088/L3/05/തസ്വഭവ/20.09.2005 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കുടിശ്ശിക തുക അടിയന്തിരമായി ലൈബ്രറി കൗൺസിലിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-35 ശമ്പളവും പെൻഷനും നൽകുന്നതിന് വകമാറ്റിയ ശുചിത്വമിഷൻ ഫണ്ട്- തുടർ നടപടികൾ സ്വീകരിച്ചില്ല**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നഗരസഭയുടെ തനത് വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതിനാൽ നിലവിൽ പാല നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ശമ്പളവും പെൻഷനും കൊടുക്കുന്നതിനും ബുദ്ധിമുട്ടുകയാണെന്നും, നഗരസഭയ്ക്ക് മുൻകാലങ്ങളിൽ

അനുവദിച്ചിട്ടുള്ള ശുചിത്വമിഷൻ ഫണ്ടിൽ നിന്നും നാളിതുവരെ ചെലവഴിക്കാതെ ശേഷിക്കുന്ന 12200000 രൂപയും പലിശ ഇനത്തിൽ ആർജിച്ചിട്ടുള്ള 7500000 രൂപയും ഉൾപ്പടെയുള്ള 19700000 രൂപയിൽ നിന്നും നഗരസഭാ ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയ അനിവാര്യ ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് 10.06.2020 ലെ എ1- 4782/14 നമ്പർ കത്ത് പ്രകാരം നഗരസഭാ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പിനോട് അപേക്ഷിച്ചിരുന്നു. ശുചിത്വമിഷൻ ഫണ്ടിൽ അവശേഷിക്കുന്ന തുകയിൽ നിന്ന് നഗരസഭാ ജീവനക്കാരുടെ 2020 മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ ശമ്പളം, പെൻഷൻ എന്നിവ അനുവദിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി 12.06.2020 ലെ സ.ഉ (സാധാ) നം. 1112/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകി. ചെലവഴിക്കുന്ന തുക 6 മാസത്തിനകം അതത് അക്കൗണ്ടുകളിൽ തിരികെ നിക്ഷേപിക്കേണ്ടതാണ് എന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ശുചിത്വമിഷൻ ഫണ്ടിന്റെ വിനിമയം നടത്തുന്ന എസ്.ബി.ഐ പാല ടൗൺ ബ്രാഞ്ചിലെ 32842590800 നമ്പർ അക്കൗണ്ടിൽ 15.06.2020 ൽ നീക്കിയിരിപ്പുണ്ടായിരുന്ന 19785400 രൂപ 15.06.2020 ൽ നഗരസഭയുടെ തനത് ഫണ്ട് സൂക്ഷിക്കുന്ന 57028192109 നമ്പർ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച അക്കൗണ്ടിംഗ് ക്രമീകരണം വാർഷികകണക്കുകളിൽ ഉൾപ്പെടുത്തുകയോ ചെലവഴിക്കുന്ന തുക 6 മാസത്തിനകം അതത് അക്കൗണ്ടുകളിൽ തിരികെ നിക്ഷേപിക്കേണ്ടതാണെന്ന സർക്കാർ ഉത്തവ് പാലിക്കുകയോ ചെയ്തതായി കാണുന്നില്ല. ഖരമാലിന്യ സംസ്കരണം എന്ന പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച തുക നിലവിൽ വാർഷികകണക്കുകളിൽ ബാദ്ധ്യതയായി അവശേഷിക്കുന്നില്ല. കൂടാതെ പ്രസ്തുത തുകയിൽ നിന്നും തനത് ഫണ്ടിലേക്ക് ചെലവുകൾക്കായി മാറ്റിയ തുക സംബന്ധിച്ചും വാർഷികകണക്കുകളിൽ രേഖപ്പെടുത്തലില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/18.01.2024) നഗരസഭാ ഫണ്ടിന്റെ സ്ഥിതി തികച്ചും പരിതാപകരമായതിനാലാണ് ശുചിത്വമിഷൻ ഫണ്ടിലേക്ക് തിരിച്ച് അടയ്ക്കുവാനുള്ള തുക തിരിച്ചടയ്ക്കുവാൻ സാധിക്കാത്തതെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി തുക തിരിച്ചടയ്ക്കുന്നതാണെന്നും 2023-24 വർഷത്തെ വാർഷിക കണക്കുകളിൽ ടി തുക ചെലവഴിച്ചത് സംബന്ധിച്ചും ശുചിത്വമിഷൻ ഫണ്ട് ബാദ്ധ്യത സംബന്ധിച്ചും രേഖപ്പെടുത്തൽ വരുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി. മേൽ സാഹചര്യത്തിൽ ശുചിത്വമിഷൻ ഫണ്ട് സംബന്ധിച്ച അക്കൗണ്ടിംഗ് ക്രമീകരണം വാർഷികകണക്കുകളിൽ അടിയന്തിരമായി ഉൾപ്പെടുത്തേണ്ടതും തുകയുടെ തിരിച്ചടവ് സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-36 തിരിച്ചടയ്ക്കുവാനുള്ള ലോൺ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല**

വാർഷികകണക്കുകളിലെ ബി-6 ഷെഡ്യൂൾ പ്രകാരം Unsecured Loansഇനത്തിൽ 383000 രൂപ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത ലോണിന്റെ വിശദാംശങ്ങളും തുക തിരിച്ചയ്ക്കാത്തതിന് വിശദീകരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.04/17.01.24).നഗരസഭയിൽ ഡബിൾ എൻട്രി ആരംഭിച്ച 2010 കാലഘട്ടം മുതൽ ടി തുക ഓപ്പണിംഗ് ബാലൻസായി ചേർത്തിട്ടുള്ളതാണെന്നും പഴയ ഫയലുകൾ പരിശോധിച്ചതിൽ നിന്നും മേൽ തുക ദേശീയ ചേരി നിർമ്മാർജ്ജനം പദ്ധതിയുടെ തിരിച്ചടയ്ക്കുവാനുള്ള തുകയാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലോൺ തുകയുടെ മറ്റ് വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല. തിരിച്ചടവിന്റെ യഥാർത്ഥ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതനുസരിച്ച് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

**1-37 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു**

2022-23 വർഷത്തെ വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് നൽകിയതിൽ 2000 രൂപ തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക ഏത് ജീവനക്കാരിൽ നിന്നും ഈടാക്കുവാനുള്ളതാണെന്നും തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക് (നം.05/17.01.24) ശ്രീ.രഞ്ജിത്.ബി ,ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നും ഈടാക്കുവാൻ അവശേഷിക്കുന്ന തുകയാണെന്നും നിലവിൽ പത്തനംതിട്ട നഗരസഭയിൽ ജോലി ചെയ്ത് വരുന്ന ടി ജീവനക്കാരനിൽ നിന്നും തുക ഈടാക്കി അയച്ചുതരുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. തുക ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-38 ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും എഞ്ചിനീയറിംഗ് വിംഗ് സാലറി കൂടുതലായി കുറവ് ചെയ്യുന്നത്-**

2019 ലെ ശമ്പള പരിഷ്കരണം ആധാരമാക്കി തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശമ്പള ഇനത്തിൽ കുറവ് വരുത്തേണ്ട തുക നിർണയിക്കുന്നതുവരെ ഓരോ വർഷവും മുൻവർഷം കുറവ് വരുത്തിയ തുകയിൽ 10% വർദ്ധനവ് വരുത്തി 2515-00-001-05-02NP എന്ന ശീർഷകത്തിൽ അടവാക്കണമെന്ന സർക്കാർ നിർദ്ദേശപ്രകാരം തൻവർഷം ഒരു മാസം 592500- നിരക്കിൽ ആകെ 7110000-രൂപ ചെലാൻ മുഖേന LGTSB അക്കൗണ്ടിലേയ്ക്ക് (നം. 79901300000144) അടവാക്കിയിട്ടുണ്ട്. മുൻവർഷം 538640-രൂപയാണ് ഈയിനത്തിൽ അടവാക്കിയത്. സർക്കാർ നിർദ്ദേശപ്രകാരം പൊതു ആവശ്യഫണ്ട് അനുവദിച്ചുകൊണ്ടുള്ള 12 ഗഡുക്കളിൽ നിന്നുമാണ് ഈ തുക കുറവ് ചെയ്ത് അടവാക്കുന്നത്. ഓരോ ഗഡു ജനറൽ പർപ്പസ്ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവോടൊപ്പമുള്ള അനുബന്ധം II പത്രികയിൽ ഒരോ നഗരസഭയും ഒടുക്കേണ്ട തുക നിർണയിച്ച് നൽകിയിട്ടുമുണ്ട്. എന്നാൽ നഗരസഭയിലെ ഒരു അസി.എക്സി.എഞ്ചിനീയർ, ഒരു അസി.എഞ്ചിനീയർ, 5ഓവർസിയർമാർ എന്നിവർക്കായി യഥാർത്ഥത്തിൽ ഒരു മാസം മൂന്നുലക്ഷം രൂപയിൽ താഴെയേ 22-23 വർഷം ശമ്പളമിനത്തിൽ ചെലവ് വന്നിട്ടുള്ളൂ. (Spark പ്രകാരം നടപ്പുമാസത്തെ (12/23 ലെ) ആകെ ശമ്പളം 328818/-രൂപയാണ്). നഗരസഭയുടെ നിലവിലെ സാമ്പത്തികസാഹചര്യം കണക്കിലെടുക്കുമ്പോൾ പ്രതിമാസം രണ്ടരലക്ഷം ഗ്രാന്റിൽ നിന്നുള്ള ക്രമീകരണം മൂലം നഷ്ടം വരുന്നതു ഒഴിവാക്കികിട്ടുക എന്നത് ആശ്വാസകരമാണ്. തുക കുറവ് ചെയ്തു ലഭിയ്ക്കുന്നതിനായി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-39 പൊതുടാപ്പുകളുടെ വെള്ളക്കരം-ടാപ്പുകളുടെ എണ്ണം കുറവ് വരുത്തിയില്ല**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം.9/23 പ്രകാരം 32 പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് റോഡിതര ഫണ്ടിൽ നിന്നും 299429 രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് 25/05/2019 ൽ നടത്തിയ സംയുക്ത പരിശോധനയിൽ 22 പൊതു ടാപ്പുകൾ മാത്രമാണ് പ്രവർത്തനക്ഷമമായി നിലവിലുള്ളതെന്ന് കണ്ടെത്തുകയും ആയതിന്റെ സ്റ്റേറ്റ്മെന്റ് വാട്ടർ അതോറിറ്റി പ്രതിനിധി അംഗീകരിച്ച് ഒപ്പിട്ടിട്ടുള്ളതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 22 ടാപ്പുകളായി പരിമിതപ്പെടുത്തി ബിൽ ക്രമീകരിച്ച് നൽകിയിട്ടില്ല. ടാപ്പുകളുടെ എണ്ണം കുറവ് ചെയ്യുന്നത് സംബന്ധിച്ച് ക്രിയാത്മകമായ ഇടപെടലുകൾ നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടായതായും കാണുന്നില്ല. ഫയലിൽ ലഭ്യമായിട്ടുള്ള 2023 നവംബർ മാസത്തെ ബില്ലിലും 32 ടാപ്പുകളുടെ നിരക്കാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ആയതിൽ കൃത്യത വരുത്താതെ നിലവിലും 32 ടാപ്പുകളുടെ വെള്ളക്കരം അടവാക്കി വരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/19.01.24) മറുപടി ലഭ്യമാക്കിയില്ല. 2019 ൽ നടത്തിയ സംയുക്ത പരിശോധന പ്രകാരം നിജപ്പെടുത്തിയ ടാപ്പുകളുടെ എണ്ണം 5 വർഷം ആയിട്ടും കുറവ് ചെയ്യാത്തതും 32 ടാപ്പുകളുടേയും വെള്ളക്കരം അടവാക്കിവരുന്നതും മൂലം ആവർത്തിച്ചുള്ള പാഴ്ചെലവ് ഉണ്ടാകുന്നു. 2023 ഫെബ്രുവരി മുതൽ പുതുക്കിയ നിരക്ക് അനുസരിച്ച് ഒരു പൊതുടാപ്പിന്റെ നിരക്ക് 21838.68 രൂപയാണ്. പ്രസ്തുത നിരക്കിൽ 10 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 218381 രൂപ ഒരു വർഷം അധികമായി അടവാക്കേണ്ടി വരുന്നു. 2019-20 മുതൽ 2022-23 വരെ ഇക്കാരണത്താൽ ഏകദേശം 8.73 ലക്ഷം രൂപ വാട്ടർ അതോറിട്ടിയിലേയ്ക്ക് അധികമായി ഒടുക്കിയിട്ടുണ്ട്. ആയതിനാൽ ഇത് സംബന്ധിച്ച് നഗരസഭാ കൗൺസിൽ ഇടപെടൽ നടത്തേണ്ടതും അടിയന്തിരമായി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ടാപ്പുകളുടെ എണ്ണം കുറവ് ചെയ്യിപ്പിച്ച് വിവരം അറിയിക്കേണ്ടതും അധികമായി ഒടുക്കിയ തുക തുടർബില്ലുകളിൽ ക്രമീകരിയ്ക്കേണ്ടതുമാണ്.

## 1-40 ഹോമിയോ ആശുപത്രിയുടെ വെള്ളക്കരം- കുടിശ്ശിക കണക്കിൽ വ്യക്തത വരുത്താതെ 13.67 ലക്ഷം രൂപ അടവാക്കി

ഫയൽ നം.G3-11700/22

നഗരസഭയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമായ ഹോമിയോ ആശുപത്രിയുടെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ 23.12.22 ലെ 107180115 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക, പിഴപലിശ എന്നിവയുൾപ്പെടെ 2638975 രൂപ അടവാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിൽ ദ്വൈമാസ വാട്ടർ ചാർജ്ജായി രേഖപ്പെടുത്തിയിട്ടുള്ളത് 1795 രൂപയാണ്. ഹോമിയോ ആശുപത്രിയിൽ നിന്നും വാട്ടർ ചാർജ്ജ് അടവാക്കുന്നതിനായി വർഷങ്ങളായി യാതൊരു ക്ലെയിമുകളും സമർപ്പിച്ചിട്ടില്ലാത്തതാണെന്നും 26 ലക്ഷം രൂപയുടെ കുടിശ്ശികയെന്നത് അവിശ്വസനീയമാണെന്നും കൗൺസിലിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണെന്നും ഫയലിൽ കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

തുടർന്ന് വാട്ടർ അതോറിറ്റിയിൽ നിന്നുള്ള 27.02.23 ലെ 578 നമ്പർ നോട്ടീസ് പ്രകാരം ഹോമിയോ ആശുപത്രിയുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ 03/2015 മുതൽ 12/2022 വരെ 1366901 രൂപ ഡിമാന്റ് ചെയ്യുകയും സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വെള്ളക്കരം ,കറന്റ് ചാർജ്ജ് അടവാക്കൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി (06/23)താഴെ ചേർക്കുന്ന ബില്ലുകൾ പ്രകാരം സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ നിന്നും പ്രസ്തുത തുക വാട്ടർ അതോറിറ്റിയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ബിൽ നം. | അടവാക്കിയ തുക |
|---|---|
| 49/22-23/17.03.23 | 700000 |
| 55/22-23/24.03.23 | 666901 |
| ആകെ | 1366901 |

എന്നാൽ പ്രസ്തുത തുക ഏതൊക്കയിനത്തിലുള്ളതാണെന്ന് നോട്ടീസിൽ വേർതിരിച്ച് രേഖപ്പെടുത്താത്തതിനാൽ പിഴപലിശ,മറ്റ് ചാർജ്ജുകൾ എന്നിവയുൾപ്പെട്ട തുകയാണോ അടവാക്കിയതെന്ന് വ്യക്തമല്ല. കൂടാതെ ഹോമിയോ ആശുപത്രിയിൽ നിന്നും നാളിതുവരെ വെള്ളക്കരത്തിന്റെ ക്ലെയിമുകൾ സമർപ്പിക്കാത്തത് സംബന്ധിച്ചും തുക അടവാക്കാതെ ഇത്രയും വലിയ കാലയളവിൽ കുടിശ്ശിക വന്നതിന്റേയും സാഹചര്യം എന്തെന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച വന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. യഥാസമയം ഇത് സംബന്ധിച്ച ക്ലെയിം നഗരസഭാധികൃതരെ അറിയിയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ഹോമിയോ ആശുപത്രി അധികൃതർ ഇക്കാര്യത്തിൽ പ്രാഥമികമായി ഉത്തരവാദികളാണ്. മാത്രമല്ല ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയിലൂടെ സമാഹരിയ്ക്കാവുന്ന ഫണ്ടിലൂടെ ഇത്തരം ചെലവുകൾ അതാത് സമയം നിർവ്വഹിച്ചിരുന്നുവെങ്കിൽ ഇത്രയധികം കുടിശ്ശിക ബാധ്യത ഒഴിവാക്കാൻ കഴിയുമായിരുന്നു. ദ്വൈമാസ വാട്ടർ ചാർജ്ജായി ആദ്യം ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയ 1795 രൂപ നിരക്കിൽ 2015 മുതലുള്ള കുടിശ്ശിക കണക്കാക്കിയാലും 13 ലക്ഷം രൂപയെന്നത് ഒരു വലിയ തുകയാണെന്ന് കാണുന്നു. ഹോമിയോ ആശുപത്രിയുടെ വെള്ളക്കരമിനത്തിൽ ഇത്രയും വലിയ തുക കുടിശ്ശിക വന്നതിന് ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുവാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടതായി കാണുന്നില്ല. ഇത് സംബന്ധിച്ച് കമ്മിറ്റി തീരുമാനങ്ങളുൾപ്പെടെയുള്ള വിശദാംശങ്ങൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/19.01.24) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതും അധികമായി തുക അടവാക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കേണ്ടതുമാണ്.തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നത് വരെ 1366901 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ഹോമിയോ ആശുപത്രി അധികൃതരുടെ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

**1-41 അമൃത് 2 .0പദ്ധതി -തുടർനടപടിയുടെ അഭാവം മൂലം 4.96 കോടിയുടെ കേന്ദ്രവിഹിതം നഷ്ടമാകാൻ സാധ്യത**

ഫയൽനം.PW3-15733/21

സമസ്ത മേഖലകളിലും സുസ്ഥിരമായ ജല ഉപഭോഗത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനും ജല വിതരണ മേഖലയിലെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും വേണ്ടി നഗര തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് അമൃത് 2 .0. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി Augmentation Of UWSS To Pala Municipality എന്ന പദ്ധതിക്ക് വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയ 5.26 കോടി രൂപയുടെ DPR ന് 24.11.2022 ലെ ജി.ഒ(ആർ.ടി)2906/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പാലാ മുനിസിപ്പാലിറ്റിക്ക് ഭരണാനുമതി ലഭിച്ചിരുന്നു. ടി പദ്ധതിയിൽ സർക്കാർ വിഹിതം 4.96 കോടി രൂപയും ബാക്കി 30 ലക്ഷം രൂപ നഗരസഭാ വിഹിതവുമാണ് അനുവദിച്ചിരുന്നത്. അമൃത് പദ്ധതിയുടെ മുനിസിപ്പാലിറ്റി വിഹിതമായി 30 ലക്ഷം രൂപ ബഹു വർഷ പ്രോജക്ടായി ഉൾപ്പെടുത്തുന്നിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും കൗൺസിലിന്റെ 16.12.22 ലെ 32(21 ) നമ്പരായി തീരുമാനം എടുക്കുകയും മിഷൻ ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പ്രോജക്ട് നം.240/23 പ്രകാരം മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 50000 രൂപ നൽകുകയും ചെയ്തിട്ടുണ്ട് . സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 4412942 രൂപ (വികസനഫണ്ട്-1605263, റോഡിതരം-2807679) അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയിരുന്നെങ്കിലും തൻ വർഷം തുക നൽകിയിട്ടില്ല.

അമൃത് 2.0 പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.41/23.01.24) മറുപടി ലഭ്യമാക്കിയില്ല. ഫയലിൽ ലഭ്യമായ അമൃത് പദ്ധതി മിഷൻ ഡയറക്ടറുടെ 06.01.2024 ലെ SMMU/72/2023-UIE നമ്പർ കത്ത് പ്രകാരം അമൃത് 2 പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻസാധിക്കാതെ വന്നാൽ കേന്ദ്രവിഹിതം നഷ്ടപ്പെടുമെന്നും ടി പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക മറ്റ് പദ്ധതികൾക്കായി വകമാറ്റുന്നതാണെന്നും നഗരസഭകളെ അറിയിച്ചിട്ടുണ്ട്. നഗരസഭയുടെ പരിമിതമായ വിഭവസ്രോതസ്സ് വിനിയോഗിച്ച് ഏറ്റെടുക്കാൻ കഴിയാത്ത ഒരു ബൃഹത് പദ്ധതി കാര്യക്ഷമമായ നടപടികളുടെ അഭാവം മൂലം നടപ്പിലാക്കാൻ കഴിയാതെ വരുന്നതും ഫണ്ട് ലഭിക്കാതെ വരുന്നതും ആശാസ്യമല്ല. ആയതിനാൽ മേൽ പദ്ധതിക്കുവേണ്ടി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കേണ്ടതും പദ്ധതിയുടെ തുടർ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-42 നഗരസഭയുടെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കോവിഡാനന്തരം പ്രവർത്തനം നിലച്ചു.അറ്റകുറ്റപണികൾ പൂർത്തീകരിച്ചതിന് ശേഷവും ഉപയോഗിക്കപെടാതെ അവശേഷിക്കുന്നു.**

ദൂര ദേശങ്ങളിൽ നിന്നും തൊഴിൽസംബന്ധമായ ആവശ്യങ്ങൾക്കായി പാലായിൽ വന്നു താമസിക്കുന്ന സ്ത്രീകൾക്ക് കുറഞ്ഞ വാടക നിരക്കിൽ താമസസൗകര്യം ലഭ്യമാക്കിയിരുന്ന നഗരസഭയുടെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ 1983 ജൂലൈ മാസം മുതൽ പ്രവർത്തനം നടത്തി വന്നിരുന്നതാണ് .കിഴതടിയൂരാണ് സ്ഥാപനം സ്ഥിതി ചെയ്യുന്നത്. ടി സ്ഥാപനം 2013 കാലയളവ് മുതൽ ശ്രീ ആന്റണി ജേക്കബ്, തേക്കുംകാട്ടിൽ എന്ന വ്യക്തിയുടെ പേരിലുള്ള സെന്റ് ആന്റണീസ് എഡ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന് പ്രതിമാസ വാടക അടിസ്ഥാനത്തിൽ ലേലത്തിൽ നൽകിയിരുന്നു. കാലാവധി പൂർത്തിയായതിനെ തുടർന്ന് രണ്ട് തവണ കൂടി ടിയാളുടെ വാടക കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 1.4.2017 മുതൽ 31.3.2022 വരെയുള്ള 5 വർഷ കാലയളവിലേക്കായിരുന്നു കരാർ നീട്ടി നൽകിയത്. ജി എസ് ടി ഉൾപ്പെടെ പ്രതിമാസ വാടകയായി 39,494 രൂപയാണ് അടവാക്കേണ്ടിയിരുന്നത്. കോവിഡിനെ തുടർന്ന് സ്ഥാപനം നടത്താനാവില്ലെന്നു കാണിച്ച് 30.6.2020

ൽ ലേലക്കാരൻ അപേക്ഷ സമർപ്പിച്ചിരുന്നു. .ടി അപേക്ഷയിൽ ഹോസ്റ്റലിന്റെ അഡ്വാൻസ് ഫീസ് ഇനത്തിൽ അടവാക്കിയരുന്ന 120000 രൂപ വാടകയിനത്തിൽ മുതൽക്കൂട്ടണമെന്നും ബാലൻസ് തുക അടവാക്കുന്നതാണെന്നും, കോവിഡ് കാലയളവിലെ വാടക ഇളവ് ചെയ്ത് നൽകണമെന്നും അപേക്ഷകൻ വ്യക്തമാക്കിയിട്ടുണ്ട്. വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ 2021 ജനവരി മാസം മുതൽ പ്രവർത്തനം നിലച്ചതായാണ് അറിയുന്നത് . എഗ്രിമെന്റ് കാലാവധിക്ക് മുമ്പ് സ്ഥാപനം നിർത്തുന്നത് മൂലമുള്ള നഷ്ടം നടത്തിപ്പുകാരിൽ നിന്നും ഈടാക്കാമെന്ന കരാർ വ്യവസ്ഥ പ്രകാരം നഗരസഭ 5,28,298 രൂപയുടെ കുടിശിക നോട്ടീസ് നൽകിയിട്ടുള്ളതാണ്. എന്നാൽ സാങ്കേതിക വിഭാഗം അസി.എക്സിക്യൂട്ടീവ് എൻജിനീയർ, റെവന്യൂ ഇൻസ്പെക്ടർ എന്നിവരുടെ പരിശോധനാ റിപ്പോർട്ടുകൾ പരിഗണിച്ച 12.12.2022 തീയതിയിലെ കൗൺസിൽ തീരുമാനപ്രകാരം കുത്തകക്കാരന്റെ കുടിശിക 39,494 രൂപയായി പുനർനിശ്ചയിക്കുകയും ടി തുക രസീത് നം.122010108992/09.01.2023 പ്രകാരം അടവാക്കുകയും ചെയ്തിട്ടുണ്ട്. വലിയ തുക കുടിശ്ശികയുണ്ടായിരുന്നത് കൗൺസിൽ തീരുമാനപ്രകാരം ഇളവ് ചെയ്ത് കൊടുത്തതിന് സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഹാജരാക്കേണ്ടതാണ്. കെട്ടിടത്തിന്റെ കറന്റ് ചാർജ്, വാട്ടർ ചാർജ് എന്നിവയുടെ ബാധ്യതരഹിത സാക്ഷ്യപത്രം ലൈസൻസി ഹാജരാക്കിയതായി ഫയൽ പരിശോധിച്ചതിൽ കാണുന്നില്ല. വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ വൈദ്യുതി ചാർജിനത്തിൽ ഉണ്ടായിരുന്ന 43,459 രൂപയുടെ കുടിശിക കുത്തകക്കാരൻ അടവാക്കിയിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അറിയിച്ചു. വാട്ടർ അതോറിറ്റിയിലുള്ള കുടിശിക തുക എത്രയാണെന്ന് വ്യക്തമല്ല.

വിമെൻസ് ഹോസ്റ്റലിന്റെ പരിപാലനത്തിനായി പതിനഞ്ച് ലക്ഷം രൂപ വകയിരുത്തി അടിയന്തിര അറ്റകുറ്റ പണികൾ പൂർത്തിയാക്കി കെട്ടിടം പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. കെട്ടിടം ഏറ്റെടുത്ത് നടത്തുന്നതിനായി വനിതാ വികസന കോർപറേഷൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി വലവൂർ എന്നീ സ്ഥാപനങ്ങൾ നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നിലവിൽ ടി സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ: 20/20.01.2024) മറുപടി ലഭ്യമാക്കിയില്ല. അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയ കെട്ടിടം വാടകയ്ക്ക് നൽകാതിരിക്കുന്നത് വരുമാന നഷ്ടത്തിനിടയാക്കും. വിവിധ തൊഴിലുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പാലാ പ്രദേശത്ത് താമസിക്കേണ്ടി വരുന്ന സ്ത്രീകൾക്ക് കുറഞ്ഞ ചെലവിൽ മികച്ച അടിസ്ഥാന സൗകര്യങ്ങളോടെ താമസ സൗകര്യം ലഭ്യമാക്കാനുള്ള സാഹചര്യം പ്രയോജനപ്പെടുത്താൻ കഴിയാത്തത് ശരിയല്ല.ഈ വിഷയത്തിൽ നഗരസഭാ കൗൺസിലും ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയും അടിയന്തിരമായി ഇടപെടേണ്ടതാണ്.

**1-43 പൂതക്കുന്ന് കുടിവെള്ള പദ്ധതി- 7520000 രൂപ നിക്ഷേപിച്ചിട്ടും പദ്ധതി പൂർത്തിയായില്ല**

ഫയൽ നം. PW3-16279/18

പൂതക്കുന്ന് കുടിവെള്ള പദ്ധതിയ്ക്കായി പാലാ നഗരസഭയിലെ വാർഡ് 22 ൽ കിണറോട് കൂടിയ പമ്പ് ഹൗസ് സ്ഥാപിച്ച് പമ്പിംഗ് മെയിനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് വാട്ടർ അതോറിറ്റി 2018-19 വർഷം 5360000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 2020-21 വർഷം വരെ നഗരസഭ താഴെ ചേർക്കും പ്രകാരം വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിരുന്നു.

| | |
|---|---|
| 2018-19 | 2000000 |
| 2019-20 | 2200000 |
| 2020-21 | 1160000 |
| ആകെ | 5360000 |

പ്രവൃത്തിയുടെ വ്യവസ്ഥകളുൾപ്പെടുത്തി വാട്ടർ അതോറിറ്റിയുമായി കരാർ ചമയ്ക്കുന്നതിനായി മുദ്രപേപ്പർ വാങ്ങിയിട്ടുണ്ടെങ്കിലും ആയതിൽ വ്യവസ്ഥകൾ രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 01.07.2022 ലെ DB3/PHDK/1847/2018 നമ്പർ കത്ത് പ്രകാരം വർക്ക് തുടങ്ങുന്നതിന് Soil Investigation നടത്തുകയും സംയുക്ത പരിശോധനയിൽ നിർദ്ദേശിക്കപ്പെട്ട മാറ്റങ്ങൾ വരുത്തുന്നതിനായി 7520000 രൂപയായി പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ബാക്കി തുകയായ 2160000 രൂപ തൻ വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി (പ്രോജക്ട് നം.242/23)ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 60/22.09.22 നമ്പർ ബിൽ പ്രകാരം വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിച്ചതായോ നാളിതുവരെയുള്ള വിനിയോഗ വിവരങ്ങൾ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയതായോ കാണുന്നില്ല. 7520000 രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടും 2022-23 വർഷം അടവാക്കിയ 2160000 രൂപ മാത്രമേ വാർഷികകണക്കുകളിൽ അഡ്വാൻസ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. പദ്ധതി പൂർത്തീകരണം സംബന്ധിച്ച് ക്രിയാത്മകമായ ഇടപെടലുകൾ നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ടിലുൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികളാണ് നാളിതുവരെ പൂർത്തിയാക്കിയതെന്നും 5 വർഷമായി തുടരുന്ന പദ്ധതി പൂർത്തയാക്കാത്തതിനും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾസഹിതം വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/23.01.24) മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളതാണെന്നും കിണർ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണെന്നും വാർഡ് കൗൺസിലർ അറിയിച്ചിട്ടുണ്ട്. എങ്കിലും ആദ്യ ഗഡു തുക അടവാക്കി 5 വർഷത്തിന് ശേഷവും പദ്ധതിക്ക് കാര്യമായ പുരോഗതിയുണ്ടാകാത്തതും പദ്ധതിയുടെ ജലസ്രോതസ്സായ കിണർ പോലും നിർമ്മിക്കുവാൻ സാധിക്കാത്തതും ഗുരുതരമായ വീഴ്ചയാണ്. പദ്ധതി പണം വർഷങ്ങളോളം മറ്റ് സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. പദ്ധതി പൂർത്തിയാക്കി വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നത് വരെ തൻ വർഷത്തെ 2160000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കുടിവെള്ള പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-44 തെരുവ് വിളക്കുകൾക്ക് എ.എം.സി - അപാകതകൾ

തെരുവ് വിളക്കുകൾക്ക് എ.എം.സി എന്ന പദ്ധതിയ്ക്കായി തൻ വർഷം രണ്ട് പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം.,പേര് | ചെലവ്,ഫണ്ടിനം | ബിൽ നം. | കരാറുകാരൻ |
|---|---|---|---|---|
| 1 | 178/23, തെരുവ് വിളക്കുകൾക്ക് എ.എം.സി | 582500 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 296/26.03.2023 | രാജ്ള. എം.എസ്, മുട്ടത്ത് ഏജൻസീസ് |
| 2 | 179/23, തെരുവ് വിളക്കുകൾക്ക് എ.എം.സി | 831645 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 88/20.10.2022 | |

| | | | | |
|---|---|---|---|---|
| | ബാലൻസ് തുക അനുവദിക്കൽ | | | |

പ്രസ്തുത പ്രോജക്ടുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്രമ നം.1 ലെ പ്രോജക്ടിൽ നഗരസഭാ പരിധിയിലുള്ള 3931 LED ലൈറ്റുകൾക്ക് 375 + 12% GST നിരക്കിലും ക്രമ നം.2 ലെ പ്രോജക്ടിൽ 450+ 12%GST നിരക്കിലുമാണ് എഎംസി നൽകിയിട്ടുള്ളത്. ലൈറ്റിന് മെയിന്റനൻസ് നിരക്ക് നിശ്ചയിച്ച് അറ്റകുറ്റപ്പണികൾ നടത്തിയവയ്ക്ക് തുക നല്കുന്ന രീതിയിൽ കരാർ തയ്യാറാക്കുന്നതിന് പകരം മുഴുവൻ വിളക്കുകളും AMC പരിധിയിൽ ഉൾപ്പെടുത്തി (ഗ്യാരന്റി ഉള്ളവ ഉൾപ്പെടെ) കരാർ തയ്യാറാക്കിയത് നഗരസഭയുടെ സാമ്പത്തിക താല്പര്യം സംരക്ഷിക്കുന്ന തരത്തിലില്ല.
2. നഗരസഭ പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതിന്റെ അഭാവം മൂലം പഴയ തെരുവുവിളക്കുകളുടെ അറ്റകുറ്റപണിയുടെ ആവശ്യകതയും കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല
4. ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റ്നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി.യുടെ സഹകരണത്തോടെ സംയുക്ത പരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
5. തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി, സൂപ്പർവിഷൻ എന്നിവ ആവശ്യമാണ്. എന്നാൽ പ്രസ്തുത അനുമതി വാങ്ങിയതിന്റെയും, പ്രവൃത്തികൾ നടന്നതുസംബന്ധിച്ചും ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തലിന്റെയും രേഖകൾ ഇല്ല.
6. കരാറുകാരൻ വാങ്ങുന്ന ലൈറ്റുകളും, അനുബന്ധ ഉപകരണങ്ങളും നേരിട്ട് വാങ്ങി സ്ഥാപിക്കുകയാണ് ചെയ്യുന്നത്. കരാറുകാരൻ ഏതൊക്കെ പോസ്റ്റുകളിലാണ് ലൈറ്റുകളും ഉപകരണങ്ങളും സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഓരോ വാർഡ് മെമ്പർമാരും അതാത് വാർഡുകളിലെ വഴി വിളക്കുകൾ പുനസ്ഥാപിച്ചു എന്ന സാക്ഷ്യപത്രം മാത്രമേ നൽകിയിട്ടുള്ളൂ. പ്രവൃത്തിയുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല.
7. കൃത്യമായ ആവശ്യകത നിശ്ചയിക്കാതെ മെയിന്റനൻസ് പ്രവൃത്തികൾ നൽകുമ്പോൾ ഗ്യാരന്റി ഉള്ള ലൈറ്റുകളും ഇതിൽ ഉൾപ്പെടുന്നുണ്ടോയെന്നും അവയ്ക്കും കരാറുകാരന് തുക നല്കേണ്ടി വരുന്നുണ്ടോയെന്നും ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
8. പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുമ്പോൾ പഴയ കേടായ ഉപകരണങ്ങളുടെ വിനിയോഗം സംബന്ധിച്ച് കരാറിലോ ടെണ്ടർ നോട്ടീസിലോ വ്യവസ്ഥകൾ ചേർക്കുന്നില്ല.

മേൽ അപാകതകൾക്ക് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.48/23.01.24) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ നിലനിൽക്കുന്നതിനാൽ 1414145 (582500+831645) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**1-44-1 സോഡിയം വേപ്പർ ലാമ്പുകൾക്ക് എഎംസി- നടപടിക്രമം നഗരസഭയുടെ സാമ്പത്തിക താത്പര്യം സംരക്ഷിക്കുന്നില്ല**

| | | |
|---|---|---|
| | പ്രൊ.നം , പേര് | 73/23 സോഡിയം വേപ്പർലാമ്പുകൾക്ക് |

| | |
|---|---|
| | എഎംസി |
| അടങ്കൽ | 425096(CFC) |
| ചെലവ് | 4,21,120 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | രാജു മുട്ടത്ത് |

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷം ആസൂത്രണം ചെയ്ത് ആദ്യ പാർട്ട് ബിൽ തുക ചെലവഴിച്ചത് ഉൾപ്പടെ പ്രസ്തുത പ്രൊജക്റ്റിനായി ആകെ 451200രൂപ ചെലവഴിച്ചിരുന്നു. നഗരസഭാ പരിധിയിലുള്ള 480 സോഡിയം വേപ്പർ ലാമ്പുകൾക്കും കരാറുകാരൻ ക്വാട്ട് ചെയ്ത 940 + 12%GST നിരക്കിലാണ് എഎംസി തയ്യാറാക്കിയിരുന്നത്. മുഴവൻ വിളക്കുകൾക്കും വാർഷിക നിരക്ക് നിശ്ചയിക്കുമ്പോൾ ഗ്യാരന്റി ഉള്ള ലൈറ്റുകളും ഇതിൽ ഉൾപ്പെടുകയും കരാറുകാരന് തുക നല്കേണ്ടി വരുകയും ചെയ്യുന്നു. ലൈറ്റിന് മെയിന്റനൻസ് നിരക്ക് നിശ്ചയിച്ച് അറ്റകുറ്റപ്പണികൾ നടത്തിയവയ്ക്ക് തുക നല്കുന്ന രീതിയിൽ കരാർ തയ്യാറാക്കുന്നതിന് പകരം മുഴവൻ വിളക്കുകളും AMC പരിധിയിൽ ഉൾപ്പെടുത്തി (ഗ്യാരന്റി ഉള്ളവ ഉൾപ്പെടെ) കരാർ തയ്യാറാക്കിയത് യുക്തിസഹവും നഗരസഭയുടെ സാമ്പത്തിക താല്പര്യം സംരക്ഷിക്കുന്നതുമല്ല. നഗരസഭ സംരക്ഷിക്കേണ്ട മുഴവൻ സോഡിയം വേപ്പർ ലാമ്പുകളുടെ രജിസ്റ്റർ തയ്യാറാക്കുകയും വാറന്റി കാലയളവ് ഉള്ളവ ഒഴിവാക്കുകയും ചെയ്ത ശേഷം മാത്രം തുക നൽകുന്ന രീതിയിൽ കരാർ വയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം32/23-1-24)മറുപടി ലഭ്യമാക്കിയിരുന്നില്ല. കരാറുകാരിൽ നിന്നും ലൈറ്റ് റിപ്പയർ ചെയ്യുന്നതിനുള്ള നിരക്ക് വാങ്ങി വാർഡ് കൗൺസിലർമാരുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ റിപ്പയർ ചെയ്ത ലൈറ്റിനുള്ള തുക നല്കുന്ന രീതിയിൽ കരാർ പരിഷ്കരിക്കേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റുകളുടെ സംരക്ഷണം സംബന്ധിച്ച് മോണിറ്ററിംഗ് സമിതി പരിശോധന നടത്തി ശുപാർശകൾ സമർപ്പിക്കുകയും തുടർ നടപടികൾ നിരീക്ഷിക്കുകയും ചെയ്യേണ്ടതുമാണ്.

**1-45 ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ- ബൈബാക്ക് സംവിധാനം പ്രയോജനപ്പെടുത്തിയില്ല**

| | |
|---|---|
| പ്രോജക്ട് നം. | 172/23 |
| ചെലവ് | 139915 |
| ഫണ്ടിനം | വികസന ഫണ്ട്(ജനറൽ) |
| ബിൽ നം. | 45/22-23/04.11.22 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിലുൾപ്പെടുത്തി Gem മുഖാന്തിരം Servite Systems എന്ന സ്ഥാപനത്തിൽ നിന്നും ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയിട്ടുണ്ട്. പുതിയ മെഷീൻ വാങ്ങിയപ്പോൾ പഴയ മെഷീൻ ബൈബാക്ക് വ്യവസ്ഥയിൽ വിറ്റഴിച്ചതായി കാണുന്നില്ല. Gemപോർട്ടലിൽ ബൈബാക്ക് വ്യവസ്ഥയിൽ മെഷീൻ വിറ്റഴിക്കുന്നതിന് വ്യവസ്ഥയുണ്ടായിരുന്നിട്ടും ആയത് പ്രയോജനപ്പെടുത്താത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/22.01.24) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-46 മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു**

മുനിസിപ്പാലിറ്റിയിൽ സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് നൽകിയിട്ടുള്ള മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഫയൽ നം. | ജീവനക്കാരന്റെ | ആവശ്യം | തുക | ചെക്ക് നം. |
|---|---|---|---|---|---|

| നം. | | പേര് | | | |
|---|---|---|---|---|---|
| 1 | G6/G7-5020/89 | അന്നമ്മ ചെറിയൻ | നെറ്റ്വർക്ക് കേബിൾ വാങ്ങുന്നതിന് | 1600 | 201275/20.06.18 |
| 2 | Pw3-2270/2021 | രമ്യ | സ്റ്റേഡിയത്തിലെ പുല്ല് നനയ്ക്കുന്ന മോട്ടോർ,പാനൽ ബോർഡ് എന്നിവ റിപ്പയർ ചെയ്യുന്നതിന് | 12500 | E-transfer Dtd.04.03.2021 |
| 3 | PW3-3859/21 | രമ്യ | നഗരസഭ വക ടൗണ്‍ ഹാളിലേക്ക് ഫാനുകൾ വാങ്ങുന്നതിന് | 8000 | 058328/08.09.2021 |
| 4 | H3 14181/21 | സൂസൻ രാജ് .R | നഗരസഭ ഗവ.എൽ.പി സ്കൂളിൽ അപകടകരമായ മരം വെട്ടി മാറ്റുന്നതിന് | 7500 | 505436/04.01.2022 |
| 5 | R3-13048/22 | എബി ജോൺസ് | ഓടുകൾ മാറ്റി റീഫിക്സ് ചെയ്യുന്നതിന് | 5000 | 156644/16.12.2022 |

ധനകാര്യവകുപ്പിന്റെ 4-10-2011 ലെ ജി ഒ (പി) 419/2011/ഫിൻ നമ്പർ ഉത്തരവ് പ്രകാരം താൽക്കാലിക മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും, അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത മുൻകൂർ തുകയ്ക്ക് ഒരു വർഷത്തേക്ക് 18 % നിരക്കിൽ പലിശ ഈടാക്കണമെന്നും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി മുഴവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ച് പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ സഹിതം ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 വർഷം മുതൽ നൽകിയ പ്രസ്തുത മുൻകൂറുകൾ നിശ്ചിത സമയപരിധിക്കകം ക്രമീകരിക്കുകയോ ചെയ്യുകയോ, തിരിച്ചുപിടിക്കുകയോ ചെയ്യാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/17.01.24) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ മുൻകൂർ തുകകൾ പലിശ സഹിതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-46-1 മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല-**

തൻവർഷം നൽകിയ വിവിധ മുൻകൂറുകളിൽ ചുവടെ കൊടുത്തവ ക്രമീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| ക്രമ നം | വൗച്ചർ നം | തുക | ചെലവിനം |
|---|---|---|---|
| 1 | 82/27-04-22 | 25000- | സംസ്ഥാനസർക്കാരിന്റെ വാർഷികത്തോടനുബന്ധിച്ച് സാംസ്കാരിക ഘോഷയാത്രയിൽ പങ്കെടുക്കുന്നതിനായി റവന്യൂ ഇൻസ്പെക്ടർക്ക് അനുവദിച്ച തുക |
| 2 | 22/10-22 11-10-22 | 25000- | Centre For Information Technology- യശദ, പൂനെയിൽ നടത്തുന്ന Exposure Visit ന് ( കില മുഖേന- 5 ദിവസം) 2nd ക്ലാസ് ട്രെയിൻ ടിക്കറ്റ് ചാർജിന് പുറമേയുള്ള ചെലവിനുള്ള തുക |
| 3 | 31/10-22 12-10-22 | 20000- | ലോയേഴ്സ് ചേമ്പേഴ്സ് ഉദ്ഘാടനത്തിന് നൽകിയ മുൻകൂർ ശ്രീ. ബിജോയ് സ്റ്റീഫന് |
| 4 | 52/10-22 25-10-22 | 3000- | ഫോട്ടോകോപ്പിയറിന് പവ്വർ കണക്ഷൻ നൽകുന്നതിന് ഓവർസീയർക്ക് നൽകിയ മുൻകൂർ |
| 5 | 64/11-22 29-10-22 | 12000- | വാർഡ് 6-പമ്പ് ഹൌസ് റോഡിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരം മുറിയ്ക്കുന്നതിന് ജെ.എച്ച്.ഐ ജെഫീസ് V.H ന് നൽകിയ അഡ്വാൻസ് |
| 6 | 69/12-22 19-12-22 | 5000- | ഹരിതകർമ്മസേന ശേഖരിയ്ക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഏജൻസിയ്ക്ക് കൈമാറുന്നതിന് ചാക്കുകൾ വാങ്ങുന്നതിന് ജെ.എച്ച്.ഐ ജെഫീസ് V.H ന് നൽകിയ മുൻകൂർ |
| 7 | 89/12-22 22-12-22 | 7000- | ആധുനിക വാതക ശ്മശാനം- ഉത്ഘാടന ചെലവുകൾക്ക് മുൻകൂർ- ജെഎച്ച്ഐ II ജെഫീസ് വി.എച്ച് ന് നൽകിയത് |
| 8 | 42/2-23 16-02-23 | 3000- | വീഡ് കട്ടറുകൾ സർവ്വീസ് ചെയ്യുന്നതിന് ജെഎച്ച്ഐ ബിനു പൌലോസിന് നൽകിയ മുൻകൂർ |
| 9 | 42/3-23 24-03-23 | 6000- | വാർഡ് 6- ഗ്രാന്റ് ഹോട്ടലിന് സമീപം അപകടാവസ്ഥയിൽ നിന്ന ആഞ്ഞിലി മുറിയ്ക്കുന്നതിന് ജെ.എച്ച്.ഐ ജെഫീസ് V.H ന് നൽകിയമുൻകൂർ |
|  | ആകെ | 106000- |  |

ധനകാര്യവകുപ്പിന്റെ 4-10-2011 ലെ ജി ഒ (പി) 419/2011/ഫിൻ നമ്പർ ഉത്തരവ് പ്രകാരം താൽക്കാലിക മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ക്രമീകരിയ്ക്കാത്തപക്ഷം 18% പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്ററിൽ ചില തുകകൾ ക്രമീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം 46/23.01.24, 57/25.01.24) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ പരിശോധിച്ചതിൽ അടിയന്തരചെലവുകളുടെ നിർവ്വഹണത്തിനായി പൊതുമരാമത്ത്/ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർക്കാണ് കൂടുതൽ മുൻകൂർ അനുവദിയ്ക്കപ്പെട്ടതായി കാണുന്നത്. നടപടി ക്രമങ്ങൾ പാലിച്ച് നേരിട്ട് നിർവ്വഹിയ്ക്കാവുന്ന ചെലവുകൾക്ക് പോലും മുൻകൂർ നൽകുന്ന പ്രവണത ആശാസ്യമല്ല. ( ഉദാ:- ഫാൻ വാങ്ങൽ ). മുൻകൂറുകൾ ക്രമീകരിയ്ക്കുന്നതിനായി ഹാജരാക്കുന്ന സബ് വൌച്ചറുകളുടെയും ബില്ലുകളുടെയും ആധികാരികത പരിശോധിച്ച് ഇത് സംബന്ധമായി മുൻകൂർ ക്രമീകരിയ്ക്കുന്നതിനുള്ള ബില്ലുകൾ പാസ്സാക്കുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 106000- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-47 വൗച്ചർ പരിശോധന- സബ് വൗച്ചർ/ അനുബന്ധ രേഖകളില്ലാത്തത്-**

2022-23 വർഷത്തെ ചുവടെ കൊടുത്തിരിക്കുന്ന വൌച്ചറുകൾക്കൊപ്പം സബ് വൌച്ചറുകളോ, ചെലവിനാധാരമായ മറ്റു രേഖകളോ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൌച്ചർ നം | തുക | ചെലവിനം | റിമാർക്സ്/ ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 10/02-04-22 | 39444- | മുനി.സ്റ്റേഡിയത്തിലെ 2 ജീവനക്കാരുടെ വേതനം | തുക ജില്ലാ അത് ലറ്റിക് അസോസിയേഷന്റെ അക്കൗണ്ടിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത്. ജീവനക്കാരുടെ കൈപ്പറ്റു വിവരമില്ല. |
| 2 | 222000013/ 12-04-22 | 45000- | മൂന്നാനി ലോയേഴ്സ് ചേംബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡ്രോയിംഗ് വെറ്റിംഗ് തയ്യാറാക്കിയ ഇനത്തിൽ നൽകാനുള്ള തുക | കോതമംഗലം എം എ കോളേജ്സിവിൽ എൻജി.ഡിപ്പാർട് മെന്റിലെ അസി.പ്രൊഫ. ശ്രീ വിനോയ് ആന്റണിയ്ക്ക് നൽകി. ആകെ തുക കണക്കാക്കിയതിന്റെ വിശദാംശങ്ങളില്ല. |
| 3 | 85/26-04-22 | 3704- | ബസ്സ്റ്റാന്റ് ഫീസ് പിരിവ്- ഒന്നാം ഗഡു തുകയുടെ ആദായനികുതി തുക ആദായനികുതി വകുപ്പിലേയ്ക്ക് അടവാക്കിയത് | ആദായനികുതി വകുപ്പിലേയ്ക്ക് തുക അടവാക്കിയതിന്റെ ചെല്ലാൻ, മറ്റ് രേഖകൾ |
| 4 | 8/5-22 | 38220- | മുനി.സ്റ്റേഡിയത്തിലെ 2 ജീവനക്കാരുടെ വേതനം | തുക ജില്ലാ അത് ലറ്റിക് അസോസി യേഷന്റെ അക്കൌണ്ടിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത്. ജീവനക്കാരുടെ കൈപ്പറ്റു വിവരമില്ല. |
| 5 | 63/25-05-22 | 8000- | വാർഡ് 10- പഴയ ഹോമിയോ ആശുപത്രിക്ക് സമീപം അപകടാവസ്ഥയിൽ നിന്ന പ്ലാവ് മുറിച്ച മാറ്റിയതിന് നൽകിയത് | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങളില്ല. മുറിച്ച മാറ്റിയ തടി ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ |
| 6 | 18/07-06-22 | 65290- | ജനറൽ ആശുപത്രിയിൽ പ്രവർത്തിയ്ക്കുന്ന CFLTCയ്ക്ക് 1/22ൽ ഭക്ഷണം നൽകിയ വകയിൽ ചെലവഴിച്ചത് | സബ് വൗച്ചറുകൾ /ചെലവ് രേഖകളില്ല |

| | | | | |
|---|---|---|---|---|
| 7 | 22/08-06-22 | 165722- | (82861x2)കെട്ടിടങ്ങളുടെ വാടകയ്ക്കൊപ്പം മെയ്മാസം ഈടാക്കിയ ജിഎസ്ടി | ജിഎസ്ടി അടവാക്കിയതിന്റെ വിശദാംശങ്ങളില്ല |
| 8 | 33/15-06-22 | 36400- | ടാങ്കർ ലോറിയുടെ ടയർ വാങ്ങിയത്. M/S മത്തായി & കമ്പനി ടയേഴ്സ് ന നൽകിയത് | ചെലവനുബന്ധ രേഖകളില്ല. |
| 9 | 40/21-06-22 | 21004- | ഹരിതകർമ്മസേനയുടെ വേതനം നൽകിയത് | ചെലവ് വിശദാംശ ങ്ങളില്ല |
| 10 | 24/7-22 | 24000- | 19-20, 20-21 ലെ TDS Return സമർപ്പിച്ച വകയിൽ അനുജ . ടോം അസോസിയേറ്റ്സിന് നൽകിയത് | ചെലവു രേഖകളില്ല. (കൈപ്പറ്റ്, ഫീസ് നിരക്ക് ) |
| 11 | 38/7/22 | 23576- | നഗരസഭാ ക്യാന്റീൻ മെയിന്റനൻസിന് കോൺട്രാക്ടർ സിബി ജോസഫിന് നൽകിയത് | ക്വട്ടേഷൻ, തുക നൽകിയതിന്റെ രേഖകൾ എന്നിവയില്ല. നിലവിൽ ക്യാന്റീൻ പ്രവർത്തിയ്ക്കുന്നുണ്ടോ യെന്ന് വ്യക്തമല്ല. |
| 12 | 1/9-22 | 74864- | പാലാ മാർക്കറ്റിംഗ് കമ്പനിക്കെതിരെ അപ്പീൽ സമർപ്പിയ്ക്കുന്നതിന് കോടതിയിൽ കെട്ടിവെയ്ക്കേണ്ട തുക | തുക ആർക്ക് നൽകിയെന്ന തിന്റെയും, കോടതിയിൽ ഒടുക്കിയതിന്റെയും വിവരങ്ങളില്ല. |
| 13 | 31/9-22 | 31196- | കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സിനു മുകളിലുള്ള വാട്ടർ ടാങ്ക് മാറ്റി സ്ഥാപിയ്ക്കുന്നതിന് കോൺട്രാക്ടർക്ക് നൽകിയത് | ക്വട്ടേഷൻ. ചെലവ് വിശദാംശങ്ങളില്ല. |
| 14 | 36/9-22 | 14059- | വാർഡ് I, IX,XX വാർഡുകളിലെ പഴയ ടോയ് ലറ്റ് പൊളിച്ചു നീക്കിയ വകയിൽ കോൺട്രാക്ടർക്ക് നൽകിയത് | ക്വട്ടേഷൻ. ചെലവ് വിശദാംശങ്ങളില്ല. |
| 15 | 47/9-22 | 154404- | കണ്ടിജന്റ് ജീവനക്കാരുടെ യൂണിഫോം സപ്ലൈ ചെയ്ത ഇനത്തിൽ M/S ഐശ്വര്യ സിൽക്സ് ന് അനുവദിച്ചത് | ക്വട്ടേഷൻ/ ഇൻവോയ്സ് / യൂണിഫോം വിതരണ വിവരങ്ങളില്ല. |

| | | | | |
|---|---|---|---|---|
| 16 | 48/9-22 | 19275- | കണ്ടിജന്റ് ജീവനക്കാർക്ക് സുരക്ഷാ ഉപകരണങ്ങൾ (Bata – Boot Shoes, Glouse ) സപ്ലൈ ചെയ്ത ഇനത്തിൽ M/S കേരള ഷൂ മാർട്ട് ന നൽകിയത് | വിതരണ വിവരങ്ങളില്ല. |
| 17 | 54/9-22 | 260000- | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് -(26x10000) ശുചിത്വകമ്മിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയത് | ചെലവു വിശദാംശ ങ്ങളില്ല |
| 18 | 53/10-22 | 5000- | സ്റ്റേഡിയത്തിലെ 2 ജീവനക്കാർക്ക് 2 Set വീതം യൂണിഫോം വാങ്ങി നൽകുന്നതിന് | ചെലവ് വിവരം/ വിതരണ വിവരമില്ല |
| 19 | 5/11-22 | 39474- | നഗരസഭ സ്റ്റേഡിയം പരിപാലിയ്ക്കൽ- 2 ജീവനക്കാരുടെ വേതനം ജില്ലാ അത്‌ലറ്റിക് അസോസിയേഷന് നൽകൽ | ജീവനക്കാർ വേതനം കൈപ്പറ്റിയതിന്റെ വിവരം |
| 20 | 20/11-22 | 45294- | ഇന്നോവ കാർ മെയിന്റനൻസ് | ചെലവ് രേഖകളില്ല. |
| 21 | 26/11-22 | 228138- | നഗരസഭ വക കെട്ടിടങ്ങളുടെ 10/22 ലെ വാടകയോടൊപ്പം ഈടാക്കിയ ജിഎസ്ടി | തുക അടവാക്കിയതിന്റെ രേഖകളില്ല. |
| 22 | 18/1-23 | 38108- | 20,25 വാർഡുകളിലെ അംഗൻവാടികൾക്ക് വാട്ടർ കണക്ഷന് വേണ്ടി തുക ഒടുക്കിയത് | വാട്ടർഅതോറിട്ടിയുടെ ബിൽ / തുക കൈപ്പറ്റ് വിവരം |
| 23 | 23/12-22 | 34720- | ശുചീകരണ വിഭാഗം ജീവനക്കാർക്ക് തയ്യൽക്കൂലിയിനത്തിൽ നൽകിയത് | ചെലവ് വിശദാംശങ്ങൾ/ കൈപ്പറ്റ് വിവരങ്ങളില്ല. |
| 24 | 20/1-23 | 3870- | എൽ പി സ്കൂളിലെ തടി ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കിയ ജിഎസ് ടി | തുക വകുപ്പിലേയ്ക്ക് ഒടുക്കിയതിന്റെ വിശദാംശങ്ങളില്ല. |
| | ആകെ | 1418762- | | |

വൗച്ചറുകൾക്കൊപ്പം സൂക്ഷിയ്ക്കേണ്ട മേൽപറഞ്ഞ രേഖകൾ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.46/23-1-24, 57/25-1-24) മറുപടി ലഭ്യമാക്കിയില്ല. ഫയൽ മാനേജ്മെന്റിന്റെ

അപര്യാപ്തത മൂലവും ആവശ്യമായ അനുബന്ധരേഖകൾ കൃത്യമായി ഫയൽ ചെയ്യാത്തത് മൂലവും ഓഡിറ്റിൽ ചെലവുകളുടെ നിജസ്ഥിതി ബോധ്യപ്പെടാൻ കഴിയാതെ വരുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്തതിനാൽ 1418762/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-48 ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- എഞ്ചിനീയറിങ് വിഭാഗത്തിൽ തികഞ്ഞ അനാസ്ഥ-**

പാലാ നഗരസഭയുടെ 2022-23 വാർഷിക കണക്കുകളുടെ പരിശോധനയുടെ ഭാഗമായി ടി സാമ്പത്തിക വർഷ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്റ്റുകളുടെ താഴെ പറയുന്ന ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിരുന്നില്ല.. ലഭ്യമാകാനുള്ള ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രൊ.നം | പേര് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 282/23 | കുമാരനാശാൻ ചിൽഡ്രൻസ് പാർക്കിലെ കെട്ടിടം അറ്റകുറ്റപ്പണി | 70950 |
| 2 | 54 /23 | നഗരസഭയുടെ സ്ഥലങ്ങളിൽ ടോയ്‌ലറ്റ് നിർമ്മാണം | 11,94,000 |
| 3. | 231/23 | മുരിക്കുംപുഴ കുടിവെള്ളപദ്ധതി | 119629 |
| 4 | 40/23 | പാലാ നഗരസഭ- കുടിവെള്ളത്തിന് കുഴൽക്കിണർ നിർമ്മാണം- | 124887 |
| 5. | 56/23 | പുത്തൻപള്ളിക്കുന്ന് ജലവിതരണപദ്ധതി | 446280 |
| 6 | 35/23 | മാമ്പറമ്പിൽ കുടിവെള്ളപദ്ധതി | 479743 |
| 7 | 49/23 | കോളനികളിടെ ടോയ്‌ലറ്റ്, ഡ്രെയിനേജ് | 299706 |
| 8 | 33/23 | കീർത്തി നഗർ, ആർപിഎസ് ജംഗ്ഷൻ എന്നിവിടങ്ങളിൽ കുഴൽക്കിണർ നവീകരണം | 300173 |
| 9 | 51/23 | ജനറൽ ആശുപത്രിയിൽ തുമ്പൂർമുഴി പ്ലാന്റ് | 369762 |
| 10 | 37/23 | മാർക്കറ്റ് കോംപ്ലക്സ് സെപ്റ്റിക് ടാങ്ക് | 170725 |
| 11 | 36/23 | തെരുവം കുന്ന് വാട്ടർ ടാങ്ക് ടൈൽ പാകൽ | 194932 |
| 12 | 58/23 | തുമ്പൂർമുഴി പ്ലാന്റ് സ്ഥാപിക്കൽ | 263054 |
| 13 | 65/23 | ടൗൺഹാൾ സീലിങ് വർക്കുകൾ | 368235 |
| 14 | 26/23 | അംഗൻവാടികളുടെ മെയിന്റനൻസ് | 447306 |
| 15 | 57/23 | മുണ്ടുപാലം ഗവ. എൽപിസ്കൂൾ കെട്ടിടനിർമ്മാണം | 216452 |
| 16 | 28/23 | ഗവ. ആയുർവേദാശുപത്രി മെയിന്റനൻസ് | 68958 |
| 17 | 41/23 | മഹാത്മാഗാന്ധി ഗവ. എച്ച് എസ് എസ് സ്കൂളിന് കുഴൽക്കിണർ നിർമ്മാണം | 107065 |
| ആകെ ചെലവ് തുക | | | 52,41,857 |

ഫയലുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 22-01-2024 തീയതിയിൽ ഓഡിറ്റ് റിക്വിസിഷൻ(4) നൽകിയിരുന്നു. 24-1-24 തീയതിയിൽ ഓർമ്മക്കുറിപ്പും നൽകിയിരുന്നുവെങ്കിലും ഫയലുകൾ ലഭ്യമാക്കിയിരുന്നില്ല. 1997 ലെ കേരളമുനിസിപ്പാലിറ്റി ആക്ട് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം പരിശോധനയ്ക്കായുള്ള രേഖകളും ഫയലുകളും നൽകുന്നതിൽ

വീഴ്ച വരുത്തിയാൽ അത്തരം രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ എത്താവുന്നതും ആയതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്. മേൽ ഫയലുകൾ സമയബന്ധിതമായി ഹാജരാക്കാത്തത് നിർവ്വഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയറുടെ ഭാഗത്തു നിന്നുള്ള തികഞ്ഞ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ പ്രൊജക്റ്റുകൾ പ്രകാരമുള്ള ചെലവിനാധാരമായ രേഖകൾ ഇല്ലായെന്ന നിഗമനത്തിൽ ഫയലുകൾ ഹാജരാക്കാത്ത പ്രൊജക്റ്റുകളുടെ ചെലവ് തുകയായ 52,41,857/-രൂപ തടസ്സപ്പെടുത്തുന്നു. ടി ഫയലുകൾ ഹാജരാക്കാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയറിൽ നിന്നും തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-49 ഗ്യാസ് ക്രിമറ്റോറിയം പൂർത്തീകരണപ്രവൃത്തികൾ- പ്രൊജക്റ്റ് നടപടിക്രമങ്ങളിൽ അപാകത-ജിഎസ് ടി അധികം തുക നൽകി**

| | |
|---|---|
| പ്രൊ .നം | 239/23 |
| അടങ്കൽ | 9,66,500/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 9,22,806/- |
| ഫയൽ നം | പിഡബ്യൂ 1-9146/22 |
| കരാറുകാരൻ | പ്രദീപ് ആർ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

പാലാ നഗരസഭയുടെ വാർഡ് 21 ൽ കേരള വാട്ടർ അതോറിറ്റിക്ക് സമീപം നിലവിലുള്ള വിറക് അടിസ്ഥാനമാക്കിയുള്ള ശ്മശാനത്തോട് അനുബന്ധിച്ച് 17,01,000/- രൂപ ചെലവഴിച്ച് ആധുനിക ഗ്യാസ് ക്രിമറ്റോറിയം നിർമ്മിച്ചിട്ടുണ്ട്. സംസ്ഥാന ശുചിത്വ മിഷന്റെ 04/01/2022 ലെ 2241/C1/2019/SM ഉത്തരവ് പ്രകാരം എംപാനൽ ചെയ്യപ്പെട്ട സ്ഥാപനമായ ESSCO Furnaces Pvt. Ltd, Chennai -ആണ് ഗ്യാസ് ക്രിമറ്റോറിയത്തിന്റെ നിർമ്മാണം നടത്തിയത്. 23/12/2022 ൽ ഗ്യാസ് ക്രിമറ്റോറിയം ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിരുന്നു. ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനം ആരംഭിക്കുന്നതിന് മുന്നോടിയായി പ്രസ്തുത പ്രൊജക്റ്റിന്റെ ഭാഗമായി വിവിധ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1. Generator -20KVA-ചെലവ് 5,34,516/- രൂപ(ബിൽ നം 365/31-03-23)**

A) പ്രസ്തുത വാങ്ങലിനായി 5,34,516/- രൂപ ചെലവഴിച്ചിരുന്നു. എന്നാൽ ജനറേറ്റർ വാങ്ങിയതിന്റെ പർച്ചേസ് ബിൽ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കേറ്റ്, ആസ്തി/സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമായില്ല.

B) 31-3-23ന് 5,34,516/- രൂപ ബെനിഫിഷ്യറി അക്കൗണ്ടിൽ നൽകാതെ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറിനൽകിയത് ക്രമപ്രകാരമല്ല.

C) ബില്ലിൽ നിന്നുള്ള റിക്കവറി തുകയായ 18120രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചത് വിവിധ ശീർഷകങ്ങളിലേക്ക് ഒടുക്ക് വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

**2. ഇലക്ട്രിക്കൽ പ്രവർത്തികൾ- ചെലവ് 56804/-രൂപ(ബിൽ നം 210/1-03-23)**

എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും സാങ്കേതികാനുമതി ലഭ്യമായതായി കാണുന്നില്ല. എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിലൂടെ തയ്യാറാക്കിയതല്ല. ജിഎസ് ടി പ്രൊവിഷൻ എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നില്ല. 48139/- വേലമൂല്യമുള്ള ടി പ്രവർത്തിയ്ക്ക് 18% GST തുകയായി 8665/- രൂപ നൽകേണ്ടിയിരുന്നില്ല. കൂടാതെ ടി പ്രവർത്തിയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നില്ല.

**3.സിവിൽ പ്രവർത്തികൾ- ചെലവ് 1,92,554/-രൂപ(ബിൽ നം 159/13-2-23)**

ടി പ്രവർത്തിയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നില്ല. ബില്ലിൽ നിന്നുള്ള റിക്കവറി തുകയായ 6854/-രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചത് വിവിധ ശീർഷകങ്ങളിലേക്ക് ഒടുക്ക് വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

**4. പാനൽ ബോർഡ് -ചെലവ് 42964/-രൂപ(ബിൽ നം 211/1-03-23)**

എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും സാങ്കേതികാനുമതി ലഭ്യമായതായി കാണുന്നില്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയത് പ്രൈസ് സോഫ്റ്റ് വെയറിലൂടെ ആയിരുന്നില്ല . ജിഎസ് ടി പ്രൊവിഷൻ എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നില്ല. 36410/- വേലമൂല്യമുള്ള ടി പ്രവർത്തിയ്ക്ക് 18% GST തുകയായി 6554/-രൂപ നൽകേണ്ടിയിരുന്നില്ല.. കൂടാതെ ടി പ്രവർത്തിയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നില്ല.

**5. Electrification -Cabling Work- ചെലവ് 57824/-രൂപ(ബിൽ നം 286/25-03-23)**

എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും സാങ്കേതികാനുമതി ലഭ്യമായതായി കാണുന്നില്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയത് പ്രൈസ് സോഫ്റ്റ് വെയറിലൂടെ ആയിരുന്നില്ല . ജിഎസ് ടി പ്രൊവിഷൻ എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നില്ല. 49003/- വേലമൂല്യമുള്ള ടി പ്രവർത്തിയ്ക്ക് 18% GST തുകയായി 8821/-രൂപ നൽകേണ്ടിയിരുന്നില്ല. കൂടാതെ ടി പ്രവർത്തിയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നില്ല.

**6. KSEB Deposit - ചെലവ് 21029/-രൂപ(ബിൽ നം 361/29-03-23)**

തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

**7.ചെലവ് 17115/-(ബിൽ നം 363/31-03-23)**

ക്രിമറ്റോറിയത്തിന് വാതിൽ സ്ഥാപിക്കുന്ന പ്രസ്തുത വർക്കിന് ടെൻഡർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

കൂടാതെ എല്ലാ ബില്ലിൽ നിന്നുമുള്ള റിക്കവറി തുകകൾ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചത് വിവിധ ശീർഷകങ്ങളിലേക്ക് ഒടുക്ക് വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം31/22-1-24) മറുപടി ലഭ്യമാക്കിയിരുന്നില്ല. ജിഎസ് ടി പ്രൊവിഷൻ ഉൾപ്പെടുത്തി പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് മൂലം18% ജിഎസ് ടി കോംബൻസേഷൻ കരാറുകാരന് നൽകേണ്ടിയിരുന്നില്ല. ക്രമനം 2,4,5 പ്രകാരം ജിഎസ്ടി 18%അധികം നൽകിയ 8665+6554+8821 = 24040/-രൂപ കരാറുകാരന് അധികം നൽകിയതായി കാണുന്നു. ടി തുക ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ പരാമർശിച്ച മറ്റ് അപാകതകൾ നിലനിൽക്കുന്നതിനാൽ ആകെ ചെലവഴിച്ച 9,22,806/-രൂപയിൽ നിരാകരിച്ച 24040 രൂപ കുറവ് ചെയ്ത് ബാലൻസ് തുകയായ 8,98,766/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-50 പരമലക്കുന്ന് കുടിവെള്ളപദ്ധതി- പ്രൊജക്റ്റ് പൂർത്തീകരിച്ചില്ല.**

| | |
|---|---|
| പ്രൊ.നം | 39/23 പരമലക്കുന്ന് കുടിവെള്ളപദ്ധതി |
| അടങ്കൽ | 4,90,000(CFC) |
| ചെലവ് | 4,79,095(billno 100/18-11-22&179 /16-2-23) |
| കരാറുകാരൻ | പ്രദീപ് ആർ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

പ്രസ്തുത പ്രൊജക്റ്റിന്റെ ഭാഗമായി കുഴൽക്കിണർ സ്ഥാപിക്കുക, 2HPസബ്മെഴ്സിബിൾ പമ്പ്സെറ്റ് സ്ഥാപിക്കുക, പമ്പിങ്ങ് മെയിൻ സ്ഥാപിക്കുക എന്നിവ പൂർത്തീകരിച്ചതായി കാണുന്നു. എന്നാൽ വാട്ടർ ടാങ്ക്, വിതരണപൈപ്പുകൾ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചതായി കാണുന്നില്ല. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയിരുന്നോയെന്നത് വിശദീകരിക്കുവാൻ

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം51/24-1-24) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി ലക്ഷ്യംകൈവരിക്കാത്തതിനാൽ പദ്ധതി പൂർത്തീകരിച്ച് അറിയിക്കുന്നത് വരെ തൻവർഷം ചെലവഴിച്ച 4,79,095/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-50-1 മുണ്ടാങ്കൽ പുലിമലക്കുന്ന് കുടിവെള്ളപദ്ധതി- പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.**

2020-21 വർഷം മുണ്ടാങ്കൽ പുലിമലക്കുന്ന് കുടിവെള്ളപദ്ധതി നിർമ്മാണത്തിനായി രണ്ടു പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്ത് തയ്യാറാക്കുകയുണ്ടായി. 100 കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ പ്രൊജക്റ്റായിരുന്നു ഇത്. 24 ലക്ഷം രൂപ അടങ്കലായി 2020-21 വർഷം പ്രസ്തുത കുടിവെള്ള പദ്ധതിയ്ക്കായി പ്രൊജക്റ്റ് തയ്യാറാക്കുകയും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി 30ലക്ഷം രൂപ അടങ്കലായി രണ്ടാമത് മറ്റൊരു പ്രൊജക്റ്റ് കൂടി തയ്യാറാക്കുകയും ചെയ്തിരുന്നു. രണ്ടു പ്രൊജക്റ്റുകളിലുമായി ആകെ അടങ്കൽ തുക 54 ലക്ഷം രൂപയായിരുന്നു. 2022-23 വർഷം വരെ പ്രൊജക്റ്റ് നം 72/23 പ്രകാരം ആകെ 18,63,852/- രൂപയും പ്രൊജക്റ്റ് നം 241/23 പ്രകാരം ആകെ 16,27,710/- രൂപയുമുൾപ്പടെ ആകെ 34,91,562/- രൂപ ചെലവഴിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി 2022-23 വർഷം ആവിഷ്കരിച്ചിരുന്ന പ്രൊജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊ.നം &പേര് | 72/23 മുണ്ടാങ്കൽ – പുലിമലക്കുന്ന് കുടിവെള്ളപദ്ധതി | 241/23 മുണ്ടാങ്കൽ – പുലിമലക്കുന്ന് കുടിവെള്ളപദ്ധതി |
|---|---|---|
| ആകെ അടങ്കൽ | 24,00,000(CFC) | 30,00,000(CFC) |
| തൻവർഷ അടങ്കൽ | 21,25,951/- | 17,20,359/- |
| ചെലവ് | 15,89,803 | 16,27,710 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ | അസി.എഞ്ചിനീയർ |
| കരാറുകാരൻ | രവീന്ദ്രൻനായർ പിഎസ് | ജോഷി ജോസഫ് |
| ഫയൽ നമ്പർ | PW3-10357/20 | PW3-14520/22 |



പ്രൊ.നം 72/23 പ്രകാരം കിണർ നിർമ്മാണം, 50000Lകപ്പാസിറ്റിയുള്ള ഓവർഹെഡ് വാട്ടർടാങ്ക് നിർമ്മാണം, പമ്പിങ്ങ് മെയിൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പ്രൊ.നം 241/23പ്രകാരം വിതരണലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഉപയോഗപ്രദമാകണമെങ്കിൽ മോട്ടോർ, പാനൽബോർഡ് എന്നിവ സ്ഥാപിക്കൽ , പമ്പ് ഹൗസ് നിർമ്മാണം എന്നിവ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. നിലവിൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് കാണുന്നു. പദ്ധതി

പ്രവർത്തനസജ്ജമാകുന്നത് വരെ പദ്ധതി നിർവ്വഹണത്തിനായി തൻവർഷം ചെലവഴിച്ച 15,89,803+ 16,27,710= 32,17,513/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്

## 1-51 വിവിധ കുടിവെള്ളപദ്ധതികൾ- പൂർത്തീകരിക്കാതെ പാതി വഴിയിൽ ഉപേക്ഷിച്ച നിലയിൽ

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന കുടിവെള്ളപദ്ധതികൾക്കായി ബന്ധപ്പെട്ട കരാറുകാരന് പാർട്ട് ബിൽ നൽകി പ്രവർത്തി അവസാനിപ്പിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. പ്രൊ.നം 47/23പരിപ്പിൽക്കടവ് കുടിവെള്ളപദ്ധതി നവീകരണം**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം 7.50ലക്ഷം രൂപ അടങ്കലായ പ്രസ്തുത പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിൽ 25HPസബ്മെഴ്സിബിൾ പമ്പ് സെറ്റ്, പാനൽബോർഡ് സ്ഥാപിക്കൽ, നിലവിലുള്ള ടാങ്കിന്റെ ബേസ് ടൈൽ പാകൽ എന്നിവ ഉൾപ്പടെയുള്ള പ്രവർത്തികളായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ എംബുക്ക് പ്രകാരം 88695/-രൂപ (ബിൽ നം. 67/01.10.22) ചെലവഴിച്ച് ടൈൽ പാകൽ മാത്രം നടത്തിയതായി കാണുന്നു. ബാക്കി പ്രവർത്തികൾ ഉപേക്ഷിച്ചതായാണ് ഫയൽ പരിശോധനയിൽ കാണുന്നത്. ആയതിന് കാരണം വിശദീകരിക്കാവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം58/27-1-23)മറുപടി ലഭ്യമായില്ല. എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങി ടെൻഡർ നടിപടികൾ സ്വീകരിച്ച് കരാറിലേർപ്പെട്ട് പ്രവർത്തി ആരംഭിച്ച ശേഷം പൂത്തീകരിക്കാതെ കാണപ്പെടുന്നത് ശരിയായ നടപടിയല്ല. പ്രവർത്തി പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പ്രൊജക്റ്റിനായി ചെലവഴിച്ച 88695/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ പ്രൊജക്റ്റുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനസജ്ജമാക്കി വിവരം അറിയിക്കേണ്ടതാണ്.

**2.പ്രൊ.നം 34/23, 46/23,മുരിക്കുംപുഴ കുടിവെള്ളപദ്ധതി**

മേൽ പ്രൊജക്റ്റുകൾക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം യഥാക്രമം 6,00,000/-, 6,50,000/- രൂപ വീതം വകയിരുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 25HPസബ്മെഴ്സിബിൾ പമ്പ് സെറ്റ്, പാനൽബോർഡ്, നിലവിലുള്ള മോട്ടോർഷെഡ് പൊളിച്ചുമാറ്റി പുതിയ പമ്പ് ഹൗസ്, പമ്പിങ്ങ് മെയിൻ, വിതരണലൈനുകൾ, ത്രീഫേസ് കണക്ഷന് കെഎസ്ഇബിയിൽ തുക ഒടുക്കൽ എന്നിവ ഉദ്ദേശിച്ചിരുന്നു. എന്നാൽ മേൽ പ്രൊജക്റ്റുകൾ പ്രകാരം വാട്ടർടാങ്കിന്റെ ഫ്ലോറിങ്ങ്, ടാങ്കിലേക്ക് ലാഡർ , നിലവിലുള്ള പമ്പ് ഹൗസിന്റെ റൂഫിങ്ങ് എന്നിവ ചെയ്ത് യഥാക്രമം 55072/-രൂപ (ബിൽ നം. 65/01.10.23 1,90,795/-രൂപ (ബിൽ നം. 66/01.10.22) വീതം ചെലവഴിച്ചതിന് ശേഷം പ്രവൃത്തി അവസാനിപ്പിച്ചതായി കാണുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം58/27-1-23)മറുപടി ലഭ്യമായില്ല. എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങി ടെൻഡർ നടിപടികൾ സ്വീകരിച്ച് കരാറിലേർപ്പെട്ട് പ്രവർത്തി ആരംഭിച്ച ശേഷം പൂത്തീകരിക്കാതെ കാണപ്പെടുന്നത് ശരിയായ നടപടിയല്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പ്രൊജക്റ്റുകൾക്കായി ചെലവഴിച്ച 245867/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ പ്രൊജക്റ്റുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനസജ്ജമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-52 ബില്ലിൽ നിന്നും കാലിബാരൽ വില കുറവ് ചെയ്തില്ല- കരാറുകാരന് സർക്കാർ ഫണ്ട് അധികം നൽകി

അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ മൂന്നാനി ലോയേഴ്സ് ചേമ്പേഴ്സ് റോഡ് നിർമ്മാണം എന്ന സ്പിൽ ഓവർ പ്രൊജക്റ്റിനായി 2022-23 വർഷം മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതത്തിൽ നിന്നും 37050/-രൂപ(ബിൽനം 22/30-6-22) ചെലവഴിച്ചിരുന്നു. 2019-20 വർഷം 16 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രസ്തുത പ്രൊജക്റ്റ് ആദ്യ പാർട്ട്ബില്ലുകൾ 2021-22 വരെയുള്ള വർഷങ്ങളിൽ നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പാക്ക്ഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ബാരൽ വില

(238+18%GST=281/-) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകേണ്ടതായിരുന്നു. പ്രസ്തുത വർക്കിനായി 41 ബാരലുകൾ ഉപയോഗിച്ചതായി കാണുന്നു. ബാരൽ വില കുറവ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധികം തുക നൽകുവാൻ ഇടയാവുകയും തൻമൂലം സർക്കാർ ഫണ്ട് അധികമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബിറ്റുമിൻ ബാരൽ വില കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 33/23-01-24) മറുപടിയായി ബാരൽ വിലയായ 41x 281-11521/-രൂപ അടയ്ക്കാൻ കരാറുകാരന് നോട്ടീസ് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്നും തുക ഈടാക്കാത്തപക്ഷം ബിൽ പാസാക്കി നൽകിയ ഉത്തരവാദിയായ മുൻ അസി.എക്സി. എഞ്ചിനീയർ ശ്രീമതി ബീന നാരായണനിൽ നിന്നും തുക ഈടാക്കി ബാരൽവില സർക്കാരിലേക്കും ജിഎസ്ടി ബന്ധപ്പെട്ട ശീർഷകത്തിലേയ്ക്കും ഒടുക്കേണ്ടതാണ്.

### 1-53 പ്രവർത്തി പൂർത്തീകരണത്തിന് കാലതാമസത്തിന് ഈടാക്കുന്ന പിഴ- തനത് ഫണ്ടിൽ നിക്ഷേപിക്കുന്നില്ല.

അസി.എക്സി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളുടെ പൂർത്തീകരണത്തിന് അകാരണമായ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും നിയമപ്രകാരം ഈടാക്കുന്ന പിഴ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ അതിന് പകരം ബില്ലിൽ കുറവ് ചെയ്യുന്നതായി കാണുന്നു. ഇത് ക്രമപ്രകാരമല്ല. പ്രൊജക്റ്റുകളുടെ ബിൽ തുകയിൽ കുറവ് ചെയ്ത പിഴ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 76/23മൂന്നാനി ലോയേഴ്സ് ചേമ്പേഴ്സ് റോഡ് നിർമ്മാണം - കരാറുകാരനായ എംഎം ബേബിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയ പിഴ തുകയായ 12576/- രൂപ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് പെനാൽറ്റീസ് &ഫൈൻ എന്ന ശീർഷകത്തിൽ അടയ്ക്കേണ്ടിയിരുന്നു. എന്നാൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് തയ്യാറാക്കിയ ബില്ലിൽ നിന്നും ടി തുക കുറവ് ചെയ്യുകയാണ് ഉണ്ടായത്. ടി തുക തനത് ഫണ്ടിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

2. 72/23 മുണ്ടാങ്കൽ പുലിമലക്കുന്ന് കുടിവെള്ളപദ്ധതി-

കരാറുകാരനായ രവീന്ദ്രൻനായർ പിഎസ് എന്നയാളുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയ പിഴ തുകയായ 52568/- രൂപ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് പെനാൽറ്റീസ് &ഫൈൻ എന്ന ശീർഷകത്തിൽ അടയ്ക്കേണ്ടിയിരുന്നു. എന്നാൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് തയ്യാറാക്കിയ ബില്ലിൽ നിന്നും ടി തുക കുറവ് ചെയ്യുകയാണ് ഉണ്ടായത്. ടി തുക തനത് ഫണ്ടിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-54 തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണപ്ലാന്റ്- പ്രവർത്തനം ഫലപ്രദമല്ല-

| അടങ്കൽ | ചെലവ് |
|---|---|
| സംസ്ഥാനാവിഷ്കൃതഫണ്ട്-500000 | 394960- Ch No.026214/31-03-23 |
| | 16130- Ch No.026215/31-03-23 |
| ആകെ | 411090- |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ പൊതു സ്ഥാപനങ്ങളിൽ തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണപ്ലാന്റ് സ്ഥാപിയ്ക്കൽ (പ്രോ.നം.42/23) പദ്ധതിയിൽപ്പെടുത്തി പാലാ മാർക്കറ്റ് കോംപ്ലക്സിൽ 4 ബിന്നുകളടങ്ങിയ പ്ലാന്റ് സ്ഥാപിക്കുന്നതിന് സംസ്ഥാനാവിഷ്കൃതഫണ്ടിൽ നിന്നും 411090- രൂപ ചെലവഴിച്ചിട്ടുണ്ട്. സോഷ്യോ ഇക്കണോമിക് യൂണിറ്റ് വഴിയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 06-01-23 ൽ കരാർ ചമച്ച് 25-03-23 ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കരാറിൽ പ്രോജക്ട് നം 42/23 ന് പകരം 58/23 എന്നാണ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്. 58/23 നം പ്രോജക്ട് പാലാ

നഗരസഭ 20-21 നഗരസഭയുടെ അധീനതയിലുള്ള പൊതുസ്ഥലങ്ങളിൽ തുമ്പൂർമൊഴി മോഡൽ മാലിന്യ സംസ്കരണപ്ലാന്റ് സ്ഥാപിയ്ക്കൽ എന്ന സ്പിൽഓവർ പ്രവൃത്തിയുടേതാണ്.

2. എം ബുക്ക് നം. 277 പ്രകാരം നികുതികൾ കിഴിച്ച് 394960- രൂപ സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. 3/23 ൽ പ്രവൃത്തി പൂർത്തീകരിച്ചതായി സ്ഥാപനം നഗരസഭയ്ക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ പ്രവർത്തനം ഫലപ്രദമായിട്ടില്ല

3. പ്ലാന്റ് പണിതു നൽകൽ മാത്രമാണ് SEUF ന്റെ ഉത്തരവാദിത്വം. പ്ലാന്റിന്റെ തുടർനടത്തിപ്പും പരിപാലനവും നഗരസഭയാണ് ചെയ്യേണ്ടത്. എന്നാൽ പ്ലാന്റ് നിർമ്മാണം പൂർത്തിയായി പത്തു മാസങ്ങൾക്ക് ശേഷവും പ്ലാന്റ് ഫലപ്രദമായി ഉപയോഗിക്കുന്നില്ലായെന്നത് സ്ഥലപരിശോധനയിൽ വ്യക്തമായി. കരിയിലകൾ നിറച്ച് അടച്ചുപൂട്ടിയ നിലയിലാണ് പ്ലാന്റ് കാണപ്പെട്ടത് . നഗരസഭയിൽ ഉണ്ടാകാവുന്ന ജൈവമാലിന്യം സംബന്ധിച്ച് കൃത്യമായ പഠനം നടത്തിയിരുന്നില്ല ബിന്നുകളുടെ എണ്ണം നിശ്ചയിച്ചത്.

4. പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ടില്ല.

5. മാർക്കറ്റ് കോംപ്ലക്സിൽ കൂടാതെ ജനറൽ ഹോസ്പിറ്റൽ , ടൗൺഹാളിനുപിറകിൽ ഉൾപ്പെടെ മൂന്നു സ്ഥലങ്ങളിൽ കൂടി പ്ലാന്റ് സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിരുന്നുവെങ്കിലും ആയതിന്റെ പ്രവർത്തി സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയില്ല.



പ്ലാന്റിൽ കരിയിലയും ചാണകവും നിശ്ചിത അളവിൽ നിറച്ച് അതിന് മുകളിൽ മാലിന്യം നിക്ഷേപിച്ചാണ് പ്ലാന്റിന്റെ പ്രവർത്തനം നടത്തേണ്ടത്. കൃത്യമായ പ്രവർത്തനം നടത്തുന്നതിന് ഒരാളെ പരിശീലിപ്പിക്കേണ്ടതും ജൈവമാലിന്യം സംഭരിച്ച് പ്ലാന്റിലെത്തിക്കുന്നതിന് തുടർ നടപടികൾ ഉണ്ടാവേണ്ടതുമുണ്ട്. ഇത്രയും തുക ചെലവഴിച്ച് നിർമ്മിച്ച എയറോബിക് കമ്പോസ്റ്റ് പ്ലാന്റ് പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്ന അവസ്ഥയുണ്ടാകാതിരിക്കുന്നതിന് ഭരണസമിതിയുടെ ഭാഗത്തുനിന്നും അടിയന്തിര നടപടികൾ ഉണ്ടാവേണ്ടതുണ്ട്. കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനസജ്ജമാകാത്തതിനാൽ ഈയിനത്തിൽ പ്രസ്തുത പ്രൊജക്റ്റിനായി ചെലവഴിച്ച 411090-/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-55 ആർ-ട്രാക്ക് ആസ്തി രജിസ്റ്റർ തയ്യാറാക്കൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

| അടങ്കൽ | ചെലവ് |
|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്)-130000- | 103896- Bill No.214/02-03-23 |
| | 25794- Bill |

| | |
|---|---|
| | No.249/17-03-23 |
| ആകെ -130000- | 129870- |

നഗരസഭയുടെ ആസ്തി വിവരങ്ങൾ ജിഐഎസ് (ജ്യോഗ്രഫിക്കൽ ഇൻഫോർമേഷൻ സിസ്റ്റം) അധിഷ്ഠിതമാക്കുന്നതിന്റെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ആർ- ട്രാക്ക് ആസ്തി രജിസ്റ്റർ തയ്യാറാക്കൽ പദ്ധതി പ്രകാരം (നം. 292/23) മെയിന്റനൻസ് ഫണ്ട് ( റോഡ് ) ൽ നിന്നും 129870- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പിഎംഎം & സൺസ് , പുന്നയ്ക്കൽ ബിൽഡിംഗ് എന്ന സ്ഥാപനത്തെയാണ് പദ്ധതിയ്ക്കായി തെരഞ്ഞെടുത്തത് . പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഡൊന്നിന് 4995- നിരക്കിൽ 26 വാർഡുകൾക്ക് 129870- രൂപയായി കണക്കാക്കി ആകെ തുകയിൽ നിന്നും ആദായനികുതി 260-രൂപ കിഴിച്ച് 129610-സ്ഥാപനത്തിന് നൽകിയിട്ടുണ്ട് . 129870- രൂപ യുടെ തീയതി ഇല്ലാത്ത ഒരു ഇൻവോയ്സ് അല്ലാതെ 26വാർഡുകളിലെയും റോഡ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തതിന്റെ വിശദമായ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2. ലഭ്യമാക്കിയ ഫയലിൽ വാർഡ് 13, 4, 7, എന്നിവയിലെ റോഡുകളുടെ വിവരങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഇവ പുതിയതായി കൂട്ടിച്ചേർക്കപ്പെട്ടവയാണോയെന്നത് വ്യക്തമല്ല.
3. തസ്വഭ (അർബൻ) വകുപ്പിന്റെ 28-10-22 ലെ സർക്കുലറിൽ 30-11-22 ന് മുൻപ് എല്ലാ നഗരസഭകളിലും R-track ഡാറ്റാ കളക്ഷൻ & പ്രോസസ്സിംഗ് പൂർത്തീകരിക്കേണ്ടതാണെന്നും R-track ഡാറ്റാബേസിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ അടുത്ത സാമ്പത്തിക വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് ( റോഡ് ) ലഭിയ്ക്കുകയുള്ളുവെന്നും ആയതിനാൽ R-track ഡാറ്റാബേസിലെ വിവരങ്ങളുടെ ആധികാരികത സെക്രട്ടറിമാർ ഉറപ്പു വരുത്തേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ 1/23 ലാണ് നടപടികൾ ആരംഭിയ്ക്കുന്നത്.
4. വാർഡൊന്നിന് 4995- രൂപ നിരക്കിലാണ് സ്ഥാപനം പ്രോജക്ട് ഏറ്റെടുത്തത്. 26 വാർഡുകളിലെയും റോഡ് വിശദാംശങ്ങൾ R-track ഡാറ്റാബേസിൽ ഉൾപ്പെടുത്തി എന്നത് ഉറപ്പാക്കുകയോ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. സമഗ്രമായ രീതിയിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കപ്പെടാത്തതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.57) മറുപടിയോ വിശദാംശങ്ങളോ ലഭ്യമാക്കിയില്ല. ആയതിനാൽ തൻവർഷത്തെ 129870- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-56 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. - തുക തടസ്സപ്പെടുത്തുന്നു**

സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ മുഖേന തൻ വർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്ക് കൈമാറിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്റ്റ് | നിക്ഷേപിച്ച തുക |
|---|---|---|
| അസി.എഞ്ചിനീയർ | 196/23മൂന്നാനി ലോയേഴ്സ് ചേമ്പേഴ്സ് - കുഴൽക്കിണർ നിർമ്മാണം - | 52,000/-( വികസന ഫണ്ട് (ജനറൽ) (ബിൽ നം. 129/26.12.22) GWD |
| സെക്രട്ടറി | 163/23, സാമൂഹ്യ സുരക്ഷാമിഷൻ വിഹിതം നൽകൽ | 1400000/- (വികസന ഫണ്ട് (ജനറൽ))34/22-23 |

| | | |
|---|---|---|
| | | /20.09.22<br>സാമൂഹ്യ സുരക്ഷാ മിഷൻ |
| സെക്രട്ടറി | 171/23,<br>എസ്.എസ്.കെ<br>വിഹിതം നൽകൽ | 300000/-(വികസന ഫണ്ട് (ജനറൽ))32/22-23 /20.09.22<br>BPC സമഗ്രശിക്ഷ |
| | ആകെ | 1752000/- |

വിനിയോഗസാക്ഷ്യപത്രം, തുടർ പ്രവൃത്തികളുടെ വിശദാംശങ്ങൾ എന്നിവ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (യഥാക്രമം നം 52/24-1-24, നം.13/19.01.24) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗവിവരം മോണിറ്ററിങ്ങ് റിപ്പോർട്ട് സഹിതം ലഭ്യമാകുന്നത് വരെ ടിയിനത്തിൽ ചെലവഴിച്ച 17,52,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-57 ഖരമാലിന്യ സംസ്കരണം ഫലപ്രദമായില്ല- പിഴയിനത്തിൽ നഗരസഭ ഒടുക്കേണ്ടത് വൻതുക

ബഹു. ദേശീയ ഹരിത ട്രിബ്യൂണൽ പ്രിൻസിപ്പൽ ബഞ്ച് ന്യൂ ഡൽഹിയുടെ OA 606/2018 തീയതി 02.07.2020 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ അധികാര പരിധിയിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ മുഴവൻ കാര്യക്ഷമമായി ശേഖരിക്കേണ്ടതും ശാസ്ത്രീയമായി സംസ്കരിക്കേണ്ടതുമാണ്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണെന്നും, വീഴ്ച വരുത്തുന്നത് പിഴ ഈടാക്കാവുന്ന കുറ്റമാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് ചെയർമാന്റെ 29.06.2020 തീയതിയിലെ PCB/HO/SSE2/OA606 /2018/02.07.20 നമ്പർ കത്ത് പ്രകാരം മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തുന്ന മുനിസിപ്പാലിറ്റികളിൽ നിന്ന് പ്രതിമാസം ഒരുലക്ഷം രൂപ വീതം 01.04.2020 മുതൽ എൻവയർമെന്റൽ കോമ്പൻസേഷനായി കണക്കാക്കി ഈടാക്കാൻ ഉത്തരവായിട്ടുണ്ട്. 01.04.2020 മുതൽ 28.02.2022 വരെയുള്ള 23 മാസത്തേക്ക് എൻവയർമെന്റൽ കോമ്പൻസേഷനായി 23 ലക്ഷം രൂപയായി കണക്കാക്കിയിരുന്നു എന്നും ആയതിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ കാര്യകാരണസഹിതം അറിയിക്കേണ്ടതാണ് എന്നും 18.03.22 തീയതിയിലെ PCB/KTM/COMP/G/3/2012 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് കോട്ടയം യൂണിറ്റിൽ നിന്നും നഗരസഭയെ അറിയിച്ചിരുന്നു. പാലാ നഗരസഭയിലെ ഖരമാലിന്യ ശേഖരണത്തിന്റേയും സംസ്കരണത്തിന്റെയും കണക്ക് ( ശേഖരണം എത്ര, സംസ്കരണം എത്ര, മുനിസിപ്പാലിറ്റിയിൽ ആകെ ഉണ്ടാകുന്ന മാലിന്യങ്ങളിൽ എത്ര ശതമാനം സംസ്കരിക്കുന്നു തുടങ്ങിയവ) നിർദ്ദിഷ്ട ഫോർമാറ്റിൽ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നു. നഗരസഭാ സെക്രട്ടറിയുടെ 10.06.22 തീയതിയിലെ H3-3601/22 നമ്പർ കത്ത് പ്രകാരം ഖരമാലിന്യ സംസ്കരണത്തിനായി പാലാ നഗരസഭ കൈക്കൊണ്ട നടപടികൾ വിശദീകരിച്ച് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് കോട്ടയം ഓഫീസിന് കത്ത് നൽകി. നഗരസഭ വിശദമായ വിശദീകരണം നൽകിയിരുന്നു എങ്കിലും ആയതൊന്നും പരിഗണിക്കാതെ 12.04.23 തീയതിയിലെ PCB/ KTM/NGT/OA/606/2022 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് കോട്ടയം ഓഫീസിൽ നിന്നും 01.04.2020 മുതൽ 28.02.2022 വരെയുള്ള 36 മാസത്തേക്ക് എൻവയർമെന്റൽ കോമ്പൻസേഷനായി 36 ലക്ഷം രൂപയായി കണക്കാക്കിയിരുന്നു എന്നും ആയതിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ കാര്യകാരണസഹിതം 15 ദിവസത്തിനകം അറിയിക്കേണ്ടതാണ് എന്നും അറിയിച്ചുകൊണ്ട് വീണ്ടും നോട്ടീസ് ലഭിയ്ക്കുകയുണ്ടായി. പ്രസ്തുത കത്തിന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല.

1994ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 330, 331 പ്രകാരം നഗരസഭാ പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, സംസ്കരണം എന്നിവ നഗരസഭയുടെ

അനിവാര്യചുമതലയിൽപ്പെട്ടതാണ്. മുനിസിപ്പൽ ഖരമാലിന്യ (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) ചട്ടങ്ങൾ 2000 പ്രകാരം ഖരമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടതാണ്. എന്നാൽ പാലാ നഗരസഭയിൽ നിലവിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങളില്ല. നഗരസഭയിലെ മൂന്ന് സ്ഥലങ്ങളിലായി തുമ്പൂർമുഴി മോഡൽ എയ്റോബിക് സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിരുന്നുവെങ്കിലും ആയതിന്റെ പ്രവർത്തനം ഫലപ്രദമാകുന്നില്ലായെന്ന് കാണുന്നു. 2016ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016ലെ ബയോമെഡിക്കൽ റൂൾ എന്നിവയനുസരിച്ച് പാലാ നഗരസഭയിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരുന്നില്ല. നിലവിൽ നഗരസഭയിലെ മാലിന്യസംസ്കരണം യഥാവിധിയല്ല നടന്നുവരുന്നത് എന്ന് വ്യക്തമാകുന്നു. മാലിന്യസംസ്കരണത്തിൽ വന്ന വീഴ്ചകളാണ് ദേശീയ ഹരിത ട്രൈബ്യൂണലിൽനിന്നും ശിക്ഷാനടപടികൾ ഉണ്ടാകാനുള്ള കാരണമായി ഓഡിറ്റ് വിലയിരുത്തുന്നു. ട്രൈബ്യൂണലുമായി ബന്ധപ്പെട്ട് പിഴ ഒഴിവാക്കി ലഭിക്കാനുള്ള സാദ്ധ്യതകൾ ആരായാവുന്നതും മാലിന്യസംസ്കരണം ഫലപ്രദമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പിഴ ഒടുക്കേണ്ടി വന്നാൽ നിലവിൽ സാമ്പത്തിക പരാധീനത അനുഭവിയ്ക്കുന്ന നഗരസഭയിലെ സാമ്പത്തിക സ്ഥിതി കൂടുതൽ സങ്കീർണ്ണമാകാൻ സാധ്യതയുണ്ട്. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

**1-58 മാലിന്യം വലിച്ചെറിയൽ നിരീക്ഷണ ക്യാമറ എ എം സി പ്രോജക്ട് പ്രകാരം കരാറിൽ ഏർപ്പെട്ടിട്ടും ക്യാമറകൾ പ്രവർത്തനക്ഷമമായിട്ടില്ല**

2022-23 സാമ്പത്തിക വർഷം പാലാ നഗരസഭയിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 191/ 23 മാലിന്യം വലിച്ചെറിയൽ നിരീക്ഷണ ക്യാമറ എ എം സി എന്ന പേരിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 180000-/-രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. പാലാ നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 14 നിരീക്ഷണ ക്യാമറകളുടെ പൂർണ്ണമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത് തൻവർഷം അഡ്വാൻസ് ഇനത്തിൽ 45000/-രൂപ (ബിൽ നമ്പർ 359/29.03.23) ചെലവഴിച്ചിട്ടുണ്ട്. 21.02.23 ലെ H2-9594/22 നമ്പരായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (179000-/- രൂപ)ക്വോട്ട് ചെയ്ത ബി കെയർ സൊല്യൂഷൻസ് ചേർപ്പുങ്കൽ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 13.03.23 തീയതിയിലെ 18 നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം 28.03.23 മുതൽ 27.03.24 വരെയാണ് കരാർ കാലാവധി. കരാറിലെ വ്യവസ്ഥ നമ്പർ 7പ്രകാരം സ്ഥാപനം ഒരു ലോഗ് ബുക്ക് തയ്യാറാക്കി എല്ലാ Complaint കളും രേഖപ്പെടുത്തേണ്ടതും, പുറത്തുനിന്നും വാങ്ങുന്ന പാർട്സുകളുടെ വിവരങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്. കരാറിലെ വ്യവസ്ഥ നമ്പർ 10പ്രകാരം ക്യാമറ നന്നാക്കൽ സംബന്ധിച്ച പരിശോധനകൾ ഓരോ മൂന്ന് മാസം കൂടുമ്പോൾ നടത്തേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള നടപടികളുടെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് സമയത്ത് നടത്തിയ പരിശോധനയിൽ ആകെ മൂന്ന് ക്യാമറകളാണ് പ്രവർത്തിക്കുന്നത് എന്ന് കണ്ടു. ക്യാമറകളുടെ പ്രവർത്തനം പരിശോധിക്കുന്നതിനുള്ള മോണിട്ടർ ഒരെണ്ണം പോലീസ് സ്റ്റേഷനിലാണ് സ്ഥാപിച്ചിട്ടുള്ളത്. പോലീസ് സ്റ്റേഷനിൽ പരിശോധന നടത്തിയതിൽ മോണിട്ടർ മാസങ്ങളായി പ്രവർത്തനക്ഷമമല്ല എന്നും, കരാർ സ്ഥാപനത്തെ നിരന്തരം അറിയിച്ചിട്ടും പരിഹരിച്ചിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. മാത്രമല്ല മാസങ്ങളായി ക്യാമറകൾ പ്രവർത്തിക്കുന്നില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36/23.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുമായി ഏർപ്പെട്ട കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ സ്വീകരിക്കേണ്ട നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ 45000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്ഥാപനത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

**1-59 മാലിന്യം വലിച്ചെറിയൽ നിരീക്ഷണ ക്യാമറ നന്നാക്കൽ തുക നൽകൽ എന്ന പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ**

2022-23 സാമ്പത്തിക വർഷം പാലാ നഗരസഭയിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 190/ 23 മാലിന്യം വലിച്ചെറിയൽ നിരീക്ഷണ ക്യാമറ നന്നാക്കൽ- തുക നൽകൽ എന്ന പ്രോജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 147500-/-രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. ബിൽ നമ്പർ 43/26.08.23 പ്രകാരം 147500-/-രൂപ പിൻവലിച്ച് ബി കെയർ സൊല്യൂഷൻസ് ചേർപ്പുങ്കൽ എന്ന സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിന്റെ വിവരം , ലഭിച്ച ടെണ്ടറുകളിൽ കൗൺസിൽ തീരുമാനം എടുത്തതിന്റെ വിവരം, സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ് നൽകിയതിന്റെ വിവരം, സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശങ്ങൾ എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുക കൈമാറിയ ബി കെയർ സൊല്യൂഷൻസ് ചേർപ്പുങ്കൽ എന്ന സ്ഥാപനത്തിന്റെ B2B/15 തീയതി 18.06.2022 നമ്പർ ബിൽ പ്രകാരമാണ് സ്ഥാപനത്തിന് 147500-/-രൂപ കൈമാറിയത്. സ്ഥാപനം ഒരു ക്യാമറ നന്നാക്കിയതിന് 125000/രൂപയും 18% GST യും ഉൾപ്പെട്ട തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ഒരു ക്യാമറയുടെ വിലയേക്കാൾ കൂടിയ തുകക്ക് മെയിന്റനൻസ് നടത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40/23.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ ക്യമറകളൊന്നും പ്രവർത്തനക്ഷമമല്ലായെന്നും കാണുന്നു. ടെൻഡർ നോട്ടീസിലെ വ്യവസ്ഥകൾ കരാർ വ്യവസ്ഥകൾ എന്നിവ പരിശോധിക്കേണ്ടതും സ്ഥാപനത്തിന് അധികം തുക നൽകിയിട്ടില്ലായെന്നത് ഉറപ്പുവരുത്തേണ്ടതുമാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ക്യാമറ റിപ്പയറിങ്ങിനായി ചെലവഴിച്ച 147500-/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്യാമറ സ്ഥാപിച്ചത് മൂലം അനധികൃതമായ മാലിന്യനിക്ഷേപം കണ്ടെത്തുകയും തടയുകയും ചെയ്യുക എന്ന ലക്ഷ്യം കൈവരിച്ചിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-60 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- മൂല്യനിർണ്ണയത്തിൽ അധികരിച്ച് തുക അനുവദിച്ചു**

2022-23 സാമ്പത്തിക വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 229/ 23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ട് പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി വികസനഫണ്ട് എസ്.സി.പി വിഭാഗത്തിൽ നിന്നും 400000/-രൂപ ( ബിൽ നമ്പർ 6/2.02.23= 100000/-+ ബിൽ നമ്പർ 11/15.03.23=75000/- + ബിൽ നമ്പർ 13/12.03.23=75000/ + ബിൽ നമ്പർ 15/24.03.23=75000/ + ബിൽ നമ്പർ 16/27.03.23=75000/) അനുവദിച്ചിട്ടുണ്ട്. ശ്രീ.വിനോദ് പി.ആർ, പാറയിൽ, വാർഡ് 02/66(1), എന്നയാളുടെ മകൾ കൃഷ്ണവേണി വിനോദ് എന്ന വിദ്ധ്യാർത്ഥിനിയുടെ പഠനമുറി നിർമ്മിക്കുന്നതിനായി പ്രോജക്ട് പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ബിൽ നമ്പർ 6/2.02.23= 100000/-രൂപയിൽ 50000-/-രൂപ ഗുണഭോക്താവിന് അഡ്വാൻസ് അനുവദിച്ചിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ 13.03.2023 തീയതിയിൽ 79046-/-രൂപയുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനാൽ അഡ്വാൻസ് നൽകിയ തുക ചെലവഴിച്ചതായി പരിഗണിച്ച് അടുത്ത ഗഡു 75000/ രൂപ ബിൽ നമ്പർ 13/12.03.23 പ്രകാരം അനുവദിച്ചു. 22.03.23 തീയതിയിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അന്തിമ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം 77895-/-രൂപ മാത്രമാണ്. മുൻപ് നൽകിയ അഡ്വാൻസ് കുറച്ച് അർഹമായ സബ്സിഡി അനുവദിക്കാവുന്നതാണ് എന്നും സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിരുന്നു. ഇത് പരിഗണിക്കാതെ ബിൽ നമ്പർ 16/27.03.23=75000/രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34/23.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രണ്ടാം ഗഡു അനുവദിക്കുന്നതിനായി ഹാജരാക്കിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം മൂല്യനിർണ്ണയം 79046-/-രൂപയാണ്. 22.03.23 തീയതിയിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അന്തിമ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം ആകെ ചെലവ് 77895-/-രൂപ മാത്രമാണ്. മുൻപ് നൽകിയ അഡ്വാൻസ് കുറച്ച് അർഹമായ സബ്സിഡി

അനുവദിക്കാവുന്നതാണ് എന്നും സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിരുന്നു. ആയത് പ്രകാരം ആകെ അനുവദിക്കാവുന്നത് 77895-/-രൂപ മാത്രമാണ്. ഗുണഭോക്താവിന്റെ വീട്ടിൽ ആവശ്യമായ അടിസ്ഥാന സൌകര്യങ്ങളോടെ പഠനമുറി നിർമ്മിയ്ക്കുന്നതിനാണ് ധനസഹായം നൽകുന്നത്. നിർമ്മിച്ച പഠനമുറിയുടെ മൂല്യം 77895/- രൂപ മാത്രമാകയാൽ പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ പഠനമുറി നിർമ്മാണം നടന്നിട്ടില്ലയെന്ന് വ്യക്തമാണ്. പ്രത്യേക പരിരക്ഷ അർഹിയ്ക്കുന്ന പട്ടികജാതി വിഭാഗത്തിന് വേണ്ടിയുള്ള പ്രോജക്ട് നിർവ്വഹണം ഗുണപരമാകാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിയ്ക്കേണ്ടതുണ്ട്. പട്ടിക ചേർക്കുന്നു.

| ആകെ അനുവദിക്കാവുന്ന സബ്സിഡി | അഡ്വാൻസ് നൽകിയത് | രണ്ടാം ഗഡും 75000 രൂപ അനുവദിച്ചപ്പോൾ ഹാജരാക്കിയ മൂല്യ നിർണ്ണയ തുക | അവസാന ഗഡും 75000 രൂപ അനുവദിച്ചപ്പോൾ ലഭ്യമാക്കിയ മൂല്യ നിർണ്ണയ തുക | അനുവദിക്കാവുന്ന പരമാവധി സബ്സിഡി |
|---|---|---|---|---|
| 200000 | 50000 | 79046 | 77895 | 77895 (അന്തിമ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം തുക ചെലവഴിച്ചതിന്റെ അവസാനത്തിലാണ് അവസാന ഗഡു നൽകേണ്ടത്. 2 ലക്ഷം രൂപ അനുവദിക്കണമെങ്കിൽ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം 2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടാകണം) |

അനുവദിച്ചത് 200000/-രൂപയാണ്. അധികമായി അനുവദിച്ച 122105-/- (200000- 77895) രൂപയുടെ അധികച്ചെലവ് ക്രമപ്പെടുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ബാധ്യതപ്പെട്ടിരിയ്ക്കുന്നു.

**1-61 റ്റി ഡി എസ് ഈടാക്കിയിട്ടില്ല**

2022-23 സാമ്പത്തിക വർഷം പാലാ നഗരസഭയിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 244/ 23 ഖരമാലിന്യങ്ങൾ ഏജൻസി മുഖേന ഒഴിവാക്കുന്നതിന് തുക അനുവദിക്കൽ എന്ന പ്രോജക്ടിന് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 825000/-രൂപ വകയിരുത്തി പ്രോജക്ട് അംഗീകാരം നേടിയിരുന്നു. എച്ച്-2- 9596/22 തീയതി 23.02.23 പ്രകാരം ഇ ടെൻഡർ ക്ഷണിച്ചതിൽ കിലോ ഗ്രാമിന് 6.80 രൂപ ക്വോട്ട് ചെയ്ത യൂണിവേഴ്സൽ ബയോഗ്യാസ് കോഴിക്കോട് എന്ന സ്ഥാപനത്തിനെയാണ് അംഗീകരിച്ചിട്ടുള്ളത്. സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 11680കിലോ ഖരമാലിന്യങ്ങൾ ഏജൻസി നീക്കം ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ സ്ഥാപനത്തിന് 79424-/-രൂപ ( ബിൽ നമ്പർ 365/31.3.23) തൻവർഷം നൽകിയിട്ടുണ്ട്. കരാർ തുക 250000 രൂപയിൽ അധികമായിരുന്നതിനാൽ ബില്ലിൽ നിന്നും 2% റ്റി ഡി എസ് ഈടാക്കേണ്ടതായിരുന്നു. 2% റ്റി ഡി എസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37/23.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 79424-/-രൂപയുടെ 2% (1588/- രൂപ) റ്റി ഡി എസ് ഈടാക്കി ഫയൽ ചെയ്ത് വിവരം

അറിയിക്കേണ്ടതാണ്.

**1-62 ജനറൽ ആശുപത്രി പോസ്റ്റമോർട്ടം ഓങ്കോളജി പാലിയേറ്റീവ് യൂണിറ്റുകളിലേക്ക് ഉപകരണങ്ങളും ഡയാലിസിസ് യൂണിറ്റിലേക്ക് ടെലിവിഷൻ വാങ്ങലും -ടിഡിഎസ് ഈടാക്കിയില്ല**

2022-23 സാമ്പത്തിക വർഷം പാലാ നഗരസഭയിലെ ഗവണ്മെന്റ് ഹോസ്പിറ്റൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ നം 287/ 23 ജനറൽ ആശുപത്രി പോസ്റ്റമോർട്ടം ഓങ്കോളജി പാലിയേറ്റീവ് യൂണിറ്റുകളിലേക്ക് ഉപകരണങ്ങളും ഡയാലിസിസ് യൂണിറ്റിലേക്ക് ടെലിവിഷൻ വാങ്ങലും പ്രോജക്ടിനായി സംരക്ഷണഗ്രാന്റ് റോഡിതരം ഫണ്ടിൽ നിന്നും 417816-/- രൂപ (ബിൽ നമ്പർ 52/31.03.23) ചെലവഴിച്ചിട്ടുണ്ട്. ആശുപത്രി സൂപ്രണ്ടിന്റെ 20.02.23തീയതിയിലെ സി1- 982/23 നമ്പർ ദർഘാസ് പരസ്യം പ്രകാരം ഫാർമസി റെഫ്രിജറേറ്റർ, ഇലക്ട്രിക് ഓട്ടോപ്സി സോ എന്നീ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചു. ഇത് പ്രകാരം ലഭ്യമായ മൂന്ന് ടെണ്ടറുകളിൽ കുറവ് രേഖപ്പെടുത്തിയ യൂണിവേഴ്സൽ ഏജൻസീസ് തൃശ്ശൂർ എന്നസ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. ഫാർമസി റെഫ്രിജറേറ്ററിന് 223020-/-രൂപയും, ഇലക്ട്രിക് ഓട്ടോപ്സി സോയ്ക്ക് 189840-/-രൂപയുമാണ് സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത്. ക്വോട്ട് ചെയ്ത തുക നികുതി ഉൾപ്പടെയുള്ളതാണ്. ആശുപത്രി സൂപ്രണ്ടിന്റെ സി1- 982/2023/ കെ.എം.എം. എസ്. ജി.ജി.എച്ച്. പാലാ തീയതി 23.03.23 നമ്പർ കത്ത് പ്രകാരം സപ്ലൈ ഓർഡർ നൽകി. സാധനങ്ങൾ വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബിൽ നമ്പർ 52/31.03.23 417816-/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ 27.03.23 UA-315/2022നമ്പർ ബിൽ പ്രകാരം ഇലക്ട്രിക് ഓട്ടോപ്സി സോയുടെ വില ടാക്സ് ഉൾപ്പടെ 189840-/-രൂപയാണ്. ഫാർമസി റെഫ്രിജറേറ്ററിന്റെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥാപനം ക്വോട്ട് ചെയ്തത് പ്രകാരം ഫാർമസി റെഫ്രിജറേറ്ററിന് 227976-/-രൂപ അനുവദിച്ചിട്ടുണ്ട്. ഫാർമസി റെഫ്രിജറേറ്ററിന്റെ ബിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ബില്ലിൽ നിന്നും റ്റി ഡി എസ്സ് (2%) പിടിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 35/23.01.24 ന് ലഭ്യമാക്കിയ മറുപടിയിൽ ഫാർമസി റെഫിജറേറ്ററിന് ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ സ്റ്റെബിലൈസർ ഉൾപ്പെടുത്താൻ വിട്ടുപോയിരുന്നു എന്നും പിന്നീട് സ്റ്റെബിലൈസർ സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ വിലയായി സ്ഥാപനത്തിന് 4956 രൂപ അനുവദിച്ചതാണ് എന്നും അറിയിച്ചു. ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം വാങ്ങൽ നടത്തേണ്ടതാണ്. ചെലവ് തുകയായ 417816-/- രൂപയുടെ 2% തുകയായ 8356-/-രൂപ റ്റി ഡി എസ്സ് ഇനത്തിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ സ്ഥാപനം നിയമാനുസൃത നികുതി ഒടുക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

**1-63 കുട്ടികൾക്ക് കായികപരിശീലനം- പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണം ഫലപ്രദമായി ഉപയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല**

2022-23 സാമ്പത്തിക വർഷം പാലാ നഗരസഭയിൽ ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 185/ 23 കുട്ടികൾക്ക് കായികപരിശീലനം എന്ന പ്രോജക്ടിന് വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 280000/-രൂപ വകയിരുത്തി പ്രോജക്ട് അംഗീകാരം നേടിയിരുന്നു. കായിക പരിശീലനത്തിനായി തെരഞ്ഞെടുത്ത 50 കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ പാലാ മിൽക്ക് സപ്ലൈസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 53240- - (Bill No-7/28.03.23) രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആകെ ചെലവഴിച്ച 122740/ രൂപയിൽ 69500/- രൂപ പരിശീലനവുമായി ബന്ധപ്പെട്ട് ഉപകരണം വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുള്ളതാണ്.എച്ച് 4-9600/22 തീയതി 20.02.2023 നമ്പരായി Fibre Glass Vaulting Poles എന്ന ഉപകരണം വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറവ് തുക രേഖപ്പെടുത്തിയ ടേക്ക് ഓഫ് സ്പോർട്സ് പാലാ എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണം (എ2- 211/ 01.03.23= 69500) വാങ്ങിയിട്ടുണ്ട്. ഫയൽ

പരിശോധിച്ചതിൽ പോൾ വോൾട്ട് പരിശീലന ഇനമായി ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ, നീന്തൽ മുതലായ ഇനങ്ങളാണ് പരിശീലനത്തിന് തെരഞ്ഞെടുത്തതായി ഫയലിൽ കാണുന്നത്. വാങ്ങിയ ഉപകരണം സ്റ്റോക്കിൽ ചേർത്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. പരിശീലനം നടന്നത് 28.02.23 മുതൽ 27.03.23 വരെയാണ്. വാങ്ങിയ ഉപകരണം കൈമാറിയതിന്റെ വിവരവും, പരിശീലനം അവസാനിച്ചപ്പോൾ ഉപകരണം തിരികെ വാങ്ങിയതിന്റെ വിവരവും ഫയലിൽ ലഭ്യമല്ല. അപാകതസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 47/23.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പോൾവാൾട്ട് പരിശീലനം നടത്തിയ കായിക അദ്ധ്യാപകർ ആരാണ് എന്നതിന്റെ വിവരം പോലും ഫയലിൽ ലഭ്യമല്ല. നഗരസഭ നേരിട്ട് പരിശീലനം നടത്താത്ത സാഹചര്യത്തിൽ വാങ്ങിയ ഉപകരണം ഫലപ്രദമായി ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. മേൽ സാഹചര്യത്തിൽ Fibre Glass Vaulting Poles എന്ന ഉപകരണം വാങ്ങുന്നതിനായി ചെലവഴിച്ച 69500/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-64 സ്വയം തൊഴിൽ സബ്സിഡി നൽകൽ വനിത വ്യക്തിഗതം - പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ**

2022-23 സാമ്പത്തിക വർഷം പാലാ നഗരസഭയിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 225/ 23 സ്വയം തൊഴിൽ സബ്സിഡി നൽകൽ വനിത വ്യക്തിഗതം എന്ന പ്രോജക്ട് പ്രകാരം 20 വനിതകൾക്കായി സ്വയം തൊഴിൽ സബ്സിഡി ഇനത്തിൽ വികസനഫണ്ടിൽ (ജനറൽ) നിന്നും 681320/-രൂപ (ബിൽ നമ്പർ 1/27.03.23= 531039+ ബിൽ നമ്പർ 2/31.03.23=150281) അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ശ്രീമതി. ലില്ലു അഗസ്റ്റ്യൻ, നടൂപ്പറമ്പിൽ, (റെഡ് റോസ് ഡിസൈനേഴ്സ് ) എന്ന ഗുണഭോക്താവിന് പ്രോജക്ട് പ്രകാരം 90000-/-രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്.. ഗുണഭോക്താവ് സമർപ്പിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ട് പ്രകാരം ആകെ Project Cost- 80000-/- ( Fixed Investment- 65000, Working Capital-15000 ) രൂപയാണ്. സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദിക്കാവുന്ന പരമാവധി സബ്സിഡി 60000-/- (75% Of Project Cost )രൂപയാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 38/23.01.24ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിന്റെ 3 മാസത്തെ പ്രവർത്തനം വിലയിരുത്തിയപ്പോഴാണ് സംരംഭം ആരംഭിക്കുന്നതിനായി പ്രോജക്ട് തുകയേക്കാൾ അധികതുക മുതൽമുടക്കിയതായി കാണാൻ കഴിഞ്ഞത് എന്നും 3 മാസം കൊണ്ട് സംരംഭത്തിൽ മുതൽമുടക്കിയ ആകെ തുക മൂലധനമായി കണക്കാക്കി സബ്സിഡി അനുവദിച്ചത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ യഥാർത്ഥ മൂലധന നിക്ഷേപം സ്ഥാപന ഉടമ ഹാജരാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയായി മാത്രമേ പരിഗണിക്കാൻ സാധിക്കൂ. സ്ഥാപനം തുടങ്ങിയതിന് ശേഷം മൂന്ന് മാസങ്ങളിലായി ദൈനംദിന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക മൂലധന നിക്ഷേപമായി കണക്കാക്കുവാൻ സാധിക്കുകയില്ല. എന്നാൽ ഗുണഭോക്താവിന് 90000-/-രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. Project Cost- അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന പരമാവധി സബ്സിഡി 60000-/- (80000x75%) രൂപ മാത്രമാണ്. അധികമായി 30000-/- (90000- 60000) രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചതിൽ വിശദീകരണം ലഭ്യമാക്കേണ്ടതും യൂണിറ്റിന്റെ നിലവിലുള്ള പ്രവർത്തനവിവരം, ഗ്രേഡിങ് നടത്തിയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

2) ശ്രീമതി. ഷൈനി കുര്യാക്കോസ്, കിഴക്കയിൽ (ഫൈൻ ബേക്കറി) എന്ന ഗുണഭോക്താവിന് പ്രോജക്ട് പ്രകാരം 32250-/-രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പിട്ടാപ്പിള്ളിൽ ഏജൻസീസ് പാലാ എന്ന സ്ഥാപനത്തിൽ നിന്നുള്ള ടാക്സ് ഇൻവോയിസ് നമ്പർ PLDG-F5SI 2601/ 25.03.23 തീയതിയിലെ 19000/- രൂപയുടേയും, ടാക്സ് ഇൻവോയിസ് നമ്പർ PLDG-F5SI 2602/ 25.03.23 തീയതിയിലെ 45000/- രൂപയുടേയും, കല്ലറക്കൽ സ്റ്റീൽ ഹൗസ് പാലാ എന്ന സ്ഥാപനത്തിൽ നിന്നുള്ള B14759/01.03.23

തീയതിയിലെ 1000/-രൂപയുടേയും ബില്ലുകളാണ് ഹാജരാക്കിയിട്ടുള്ളത്. ശ്രീമതി. കൊച്ചുറാണി എഫ്രേം, മുകാല (ഫൈൻ ബേക്കറി) എന്ന ഗുണഭോക്താവിന് പ്രോജക്ട് പ്രകാരം 32250-/-രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പിട്ടാപ്പിള്ളിൽ ഏജൻസീസ് പാലാ എന്ന സ്ഥാപനത്തിൽ നിന്നുള്ള ടാക്സ് ഇൻവോയിസ് നമ്പർ PLDG-F5SI 2602/ 25.03.23 തീയതിയിലെ 45000/- രൂപയുടെ ബില്ലാണ് ഹാജരാക്കിയിട്ടുള്ളത്. ഒരേ തീയതിലും നമ്പരിലുമുള്ള ബില്ലാണ് രണ്ട് ഗുണഭോക്താക്കളും ഹാജരാക്കിയിട്ടുള്ളത്. ഇൻവോയ്സ് നമ്പരിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് മറുപടി പ്രകാരമുള്ള അധിക വിശദീകരണത്തിൽ ഗുണഭോക്താക്കൾക്ക് സപ്ലയർ നൽകിയ ഇൻവോയ്സ് /ബില്ല് അഡ്രസ്സ് തെറ്റി നൽകിയതാണെന്ന് പരാമർശിച്ചിട്ടുള്ളത് പ്രഥമദൃഷ്ട്യാ വിശ്വസനീയമല്ല. മേൽ അപാകത നിലനിൽക്കുന്നതിനാൽ അനുവദിച്ച സബ്സിഡി 64000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബിൽ സംബന്ധിച്ച ആധികാരികത പരിശോധിക്കുന്നതിന് ജി എസ് ടി വകുപ്പിനെ അറിയിക്കേണ്ടതാണ്. സംരംഭകത്വ വികസന പ്രോജക്ടുകൾ നടപ്പിലാക്കുകയെന്ന പദ്ധതി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ട് പ്രകാരം നൽകുന്ന സബ്സിഡി ഗുണഭോക്താക്കൾ കൂടുതൽ മുതൽമുടക്കുന്നതിനും സ്ഥായിയായ വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിനും സഹായകരമാകേണ്ടതുണ്ട്. ആയതിനാൽ തുടർ മോണിറ്ററിംഗ് നടത്തി വിശദമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

**1-65 ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം ആരംഭിക്കാതെ ഫർണ്ണിച്ചറുകൾ വാങ്ങിയത് ചെലവു തുക തടസ്സപ്പെടുത്തുന്നു**

പ്രോജക്ട് നം :-214/22-23

അടങ്കൽ :- 1,50,000/- വികസനഫണ്ട് (പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ് :- 34,000/-

ബിൽ നം. :-341/28.03,.023

2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം ജെന്റർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനാവശ്യത്തിലേക്ക് ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്. 22/03/2023 ലെ പർച്ചേസ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം ചെറുവള്ളീൽ ഫർണ്ണീച്ചർ, പാലാ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ഇൻവോയിസ് നം.245 തീയ്യതി 25/03/2023 പ്രകാരം 34000/- രൂപയുടെ ഫർണ്ണീച്ചറുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഫർണ്ണീച്ചർ ഇനം | തുക |
|---|---|---|
| 1 | സ്റ്റീല് അലമാര | 13,000 |
| 2 | ഓഫീസ് ടേബിൾ | 5500 |
| 3 | എക്സിക്യൂട്ടീവ് ചെയർ | 6000 |
| 4 | വിസിറ്റേഴ്സ് ചെയർ (2 എണ്ണം) | 9500 |
| | ആകെ തുക | 34,000 |

ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ പ്രവർത്തനം സംബന്ധിച്ച മിനിട്സ് , എവിടെയാണ് സെന്റർ പ്രവർത്തിക്കുന്നത് ഫർണ്ണീച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നത് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26 തീയ്യതി 20.01.2024) മറുപടിയായി നിലവിൽ ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീയായി വരുന്നു എന്നും ഫർണ്ണീച്ചറുകൾ പാലാ മുൻസിപ്പാലിറ്റി 132-ാം നമ്പർ അങ്കണവാടിയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.പ്രവർത്തനം ആരംഭിക്കാതെ ജെന്റർ റിസോഴ്സ് സെന്ററിനായി ഫർണ്ണീച്ചറുകൾ വാങ്ങിയതിനാൽ ചെലവു തുക 34,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം

പൂർത്തീയാക്കേണ്ടതാണ്.

**1-66 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്**

| | |
|---|---|
| പദ്ധതി നം. | 223/2023 |
| പദ്ധതി | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 187500 - വികസനഫണ്ട് (ജനറൽ)<br>187500 - മറ്റുള്ളവ |
| ചെലവ് | 1,87,500/-<br>(വികസന ഫണ്ട് - ജനറൽ) |
| ബിൽ നം./തീയതി | 04/2022-23/28.02.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട്, 1,87,500/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (ട്രഷറി അകൗണ്ട് നം. 708011400000050) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും, ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രോജക്ട് പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ, വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-67 കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല-**

തൻവർഷം വിവിധ വിഷയങ്ങളിൻമേൽ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. അവയിൽ പ്രസക്തമായവ ചുവടെ ചേർക്കുന്നു.

1. 4/07-04-22 - ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 606/2018/02-07-20 ഉത്തരവ് പ്രകാരം ഖരമാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തുന്ന നഗരസഭകളിൽ നിന്നും പ്രതിമാസം ഒരു ലക്ഷം വീതം 01-04-20 മുതൽ Environmental Compensation ഈടാക്കുന്നതാണ്. 01-04-20 മുതൽ പാലാ നഗരസഭയ്ക്കുള്ള എൻവിയോൺമെന്റ് കൊമ്പൻസേഷൻ 23 ലക്ഷം രൂപയാണ്.ഈ വിഷയത്തിൽ എൻവിയോൺമെന്റ് എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ് കോട്ടയത്തിന് മറുപടി നൽകുന്നതിന് സെക്രട്ടറിയേ ചുമതലപ്പെടുത്തി തീരുമാനിച്ചു. -(**തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല**)
2. 16/10-05-22- വിവിധ മരങ്ങൾ മുറിച്ചിട്ടിരിക്കുന്നത്- 3 ആഞ്ഞിലി, 7 തേക്ക്, 1 പ്ലാവ്, 10 പൊന്തൻവാക, 5 പൂവാക, 1 മുള്ള് വേങ്ങ, 3 വട്ട- ആകെ30 മരങ്ങൾ മുറിച്ച് സ്റ്റാക്ക് ചെയ്യുന്നതിനും ലേലം ചെയ്യുന്നതിനും തീരുമാനിച്ചു. -(**ലേലം ചെയ്തതിന്റെ വിശദാംശങ്ങളോ, മറുപടിയോ ലഭ്യമാക്കിയില്ല**)
3. 1/30-05-22 – കൊട്ടാരമറ്റം ടോയ് ലറ്റ് കോംപ്ലക്സ് പൊളിച്ചുമാറ്റിയത് - ലേലം ചെയ്യൽ- റഷീദ് ഉല്ലാസിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. -(**മറുപടി ലഭ്യമാക്കിയില്ല**)
4. 7/30-05-22 - ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു റിസോഴ്സ് പേഴ്സണെ പ്രതിമാസം 9000-നിരക്കിൽ നിയമിക്കാൻ തീരുമാനിച്ചു. -(**തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല**)
5. 18/30-05-22 - അമൃത് 2.0 ആസൂത്രണം നിർവഹണം എന്നിവയ്ക്കും മേൽനോട്ടം വഹിക്കുന്നതിനു അമൃത് മിഷൻ ഡയറക്ടറുടെ CBE/ SMEU / അമൃത് -2.0/01/2021 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ കോർ കമ്മിറ്റി രൂപീകരിച്ചു. KWA മുഖാന്തിരം തയ്യാറാക്കിയ 4.96 കോടി രൂപ അടങ്കൽ വരുന്ന Augmentation Of UWSS To Pala Municipality എന്ന സിറ്റി വാട്ടർ ആക്ഷൻ പ്ലാൻ അംഗീകരിക്കുന്നതിനും അമൃതിന്റെ പോർട്ടലിൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചു. അമൃത് മിഷൻ ഡയറക്ടറുടെ 27-05-22 ലെ SMU /4/2022/UPI നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ ബോഡി റിജുവനേഷന്റെ ഭാഗമായി നാലു കോടി അടങ്കലുള്ള റിജുവനേഷൻ ഓഫ് ളാലം തോട് എന്ന പ്രോജക്ട് അംഗീകരിക്കുന്നതിനും തീരുമാനിച്ചു. -(**തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല**)
6. 18/ 30-05-22 – കേന്ദ്രസർക്കാർ - Ministry Of Environment,forest And Climate Change ( MoEFCC )

ന്റെ 12-08-21 ലെ GSR.571(E) നം ഉത്തരവ് പ്രകാരം ഒറ്റ ത്തവണ ഉപയോഗത്തിനുള്ള പ്ലാസ്റ്റിക് സാധനങ്ങൾ നിരോധിക്കുന്നത് സംബന്ധിച്ച് വ്യാപാരി വ്യവസായി പ്രതിനിധികളുടെയും ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷന്റെയും ഒരു യോഗം വിളിക്കുന്നതിനും തുടർനടപടികൾക്കുമായി ഹെൽത്ത് സൂപ്പർവൈസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. -( **തീരുമാനം നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. )**

7. 8/20-06-22 – KL 35-c-3433 നം ജീപ്പ് കണ്ടം ചെയ്യുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. - **(തുടർനടപടികൾ സ്വീകരിച്ചിട്ടില്ല)**

8. 24/20-06-22 - നഗരസഭയിലെ എല്ലാ വാർഡിലും വാർഡൊന്നിന് കുറഞ്ഞത് ഒരു മിനി എം സി എഫ് എന്ന രീതിയിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചു. സ്ഥലം കണ്ടുപിടിക്കുന്നതിന് എച്ച്ഐ മാരെ ചുമതലപ്പെടുത്തി. RRF സ്ഥാപിച്ച് അജൈവമാലിന്യങ്ങൾ തരംതിരിച്ച് ഹരിത സേനയുടെ പ്രവർത്തനം ഊർജിതപ്പെടുത്തുന്നതിനും തീരുമാനിച്ചു .- **(തീരുമാനം ഫലപ്രദമായി നടപ്പാക്കിയില്ല. മുനിസിപ്പൽ ഓഫീസിന് പുറകുവശം സ്റ്റേഡിയത്തിന് സമീപം സ്ഥാപിച്ച എംസിഎഫിനുള്ളിലും പുറത്തും പോലും വിവിധയിടങ്ങളിൽ നിന്ന് ശേഖരിച്ച മാലിന്യം നിറഞ്ഞ ചാക്കുകൾ കൂട്ടിയിട്ടിരിക്കുന്നു)**

9. 31/20-06-22 - മഴക്കാലപൂർവ്വ ശുചീകരണം - പതിനായിരം വീതം തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനും ശുചിത്വമിഷൻ ഫണ്ട് ലഭിക്കുമ്പോൾ റീ ഇമ്പസ്സ് ചെയ്യുന്നതിനും തീരുമാനിച്ചു. **-(വിശദാംശങ്ങൾ ലഭ്യമാക്കിയില്ല )**

10. 5 ( അനുബന്ധം 3) /25-07-22- പിഎംകിസാൻ സ്ഥാൻനിധി പദ്ധതി പ്രകാരം കൃഷിഭൂമിയുടെ വിവരങ്ങൾ പോർട്ടലിൽ സമർപ്പിക്കുന്നതിന് ലാൻഡ് വെരിഫിക്കേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. -( **തീരുമാനം നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല)**

11. 15/ 11-08-22 - പാലാ റിംഗ് റോഡ് നിർമ്മാണ പൂർത്തീകരണത്തിനായി ഏറ്റുമാനൂർ പൂഞ്ഞാർ ഹൈവേയിൽ ചെത്തിമറ്റത്ത് നിന്നും കളരിയാമ്മാക്കാൽ പാലത്തിലേക്ക് നിലവിലുള്ള റോഡ് പൊതുമരാമത് വകുപ്പിന് കൈമാറുന്നതിന് തീരുമാനിച്ചു. ആയതിനു സർക്കാർ അനുമതിക്ക് കത്ത് അയക്കുന്നതിന് തീരുമാനിച്ചു. -( **സർക്കാർ അനുമതി ലഭിച്ചതിന്റെയും തുടർനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല)**

12. 16/29-08-22 - പാലാ ജനറൽ ആശുപത്രിയിലെ CFLTC ക്കായി ചെലവഴിച്ച തുകയിൽ 4494806 -രൂപ കളക്ടർ ടെ 11-07-22ലെ DM1-6182/20 നമ്പർ ഉത്തരവ് പ്രകാരം ലഭ്യമായി. പ്ലാൻ ഫണ്ടിൽനിന്ന് അനുവദിച്ചിരുന്ന തുക അടിയന്തിര സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ തനത് ഫണ്ടിന് സമാനമായി ഉപയോഗിക്കുന്നതിനും സാധൂകരണത്തിനായി സർക്കാരിലേക്ക് കത്തയക്കുന്നതിനും തീരുമാനിച്ചു. -( **സർക്കാർ സാധൂകരണത്തിനായി കത്തയച്ചതിന്റെയും സാധൂകരണം ലഭ്യമായതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല)**

13. 17/29-08-22 - Kurdfc ലോൺ സമയബന്ധിതമായി ലഭിക്കാത്ത സാഹചര്യത്തിലും, മൂന്നാനി ചേമ്പേഴ്സ് കെട്ടിടം നിർമ്മിച്ച വകയിൽ കോൺട്രാക്ടർക്ക് തുക നൽകാൻ സാധിക്കാത്തതിനാലും, ടിയാൻ ഹൈക്കോടതിയെ സമീപിച്ചതിനാലും, മൂന്നാനി ലോയേഴ്സ് ചേംബർ അടിയന്തിരമായി ലേലം ചെയ്യുന്നതിനും ലഭിക്കുന്ന തുകയിൽ നിന്നും കോൺട്രാക്ടർ വിനോയ് ആന്റണിയുടെ കുടിശ്ശിക തീർത്ത് നൽകുന്നതിനും നിലവിലെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കണക്കുകൾ പ്രത്യേകം പ്രത്യേകം റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനും, ലോൺ തിരിച്ചടവ് പിഴ പലിശ ഒഴിവാക്കുന്നതിനും സർക്കാരിലേക്കും കെ യു ആർ ഡി എഫ് സി യിലേക്കും കത്തയക്കുന്നതിനും തീരുമാനിച്ചു. ചേമ്പർ പൂർത്തീകരിച്ച ഇനത്തിൽ 19653777-രൂപയും ഇലക്ട്രിക്കൽ ഫയർ പ്രവർത്തനങ്ങൾക്ക് 5500000-രൂപയും നൽകുന്നതിനും കെ യു ആർ ഡി എഫ് സിയിൽ നിന്നും തുകഅനുവദിക്കുന്ന മുറയ്ക്ക് ലേലത്തുക നിക്ഷേപിക്കുന്നതിനായി എസ്ക്രോ അക്കൗണ്ട് തുടങ്ങുന്നതിനും തീരുമാനിച്ചു. -( **പിഴപ്പലിശ ഒഴിവാക്കുന്നതിന് സർക്കാർ അനുമതി നേടിയതിന്റെയും തുടർ നടപടികൾ സ്വീകരിച്ചതിന്റെയും**

**വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.)**

14. 3/29-10-22 - കേരള സർക്കാരിന്റെ ഇ-മൊബിലിറ്റി പദ്ധതിയുടെ ഭാഗമായി ഇലക്ട്രിക് വാഹനങ്ങൾ ലീസിന് കൊടുക്കുന്ന പദ്ധതിയോടൊപ്പം തന്നെ ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തുടങ്ങിയിട്ടുണ്ടെന്നും ചാർജിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുമായി 1500 Sqft സ്ഥലം ആവശ്യമാണെന്നുമുള്ള അനേർട്ട് ന്റെ കത്ത് വായിച്ചു. തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് മുനിസിപ്പൽ എൻജിനീയറെ ചുമതലപ്പെടുത്തി. -**( തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.)**

15. 1/08-11-22 - നഗരസഭ കെട്ടിടത്തിൽ ഉള്ള ജനകീയ ഹോട്ടലിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിർദ്ദേശപ്രകാരം ലൈസൻസ് എടുക്കുന്നതിനായി കെട്ടിടത്തിന് നമ്പർ ഇട്ട് നൽകണമെന്ന് ഹരിതശ്രീ കുടുംബയൂണിറ്റ് ആവശ്യപ്പെട്ടു. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണങ്ങൾ പ്രകാരം നിയമങ്ങൾ പാലിക്കപ്പെടാത്തതിനാൽ പ്രസ്തുത കെട്ടിടത്തിന് ഒക്യുപെൻസി നൽകാൻ സാധ്യമല്ല. എന്നാൽ KMBR -19- റൂൾ 3(4) പ്രകാരം തസ്വഭ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് ഇളവുകൾ നൽകാൻ സർക്കാരിന് അധികാരമുള്ളതിനാൽ സർക്കാർ അനുമതിക്കായി അപേക്ഷിക്കുന്നതിനും നിലവിൽ തൽസ്ഥിതി തുടരുന്നതിനും തീരുമാനിച്ചു. -**( സർക്കാർ അനുമതിയ്ക്ക് അപേക്ഷിച്ചതിന്റെയോ ലഭ്യമായതിന്റെയോ രേഖകൾ ലഭ്യമാക്കിയില്ല. )**

16. 16/08-11-22- നഗരസഭയിൽ Rural Self Employment Institute ( RSETI ) ന കെട്ടിടം നിർമ്മിക്കുന്നതിന് 40 - 50 സെന്റ് സ്ഥലം ലഭ്യമാകുമോയെന്ന കളക്ടറുടെ കത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. -**( തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.)**

17. 28/08-11-22 - കേരള വാട്ടർ അതോറിറ്റിയിൽ 27 കണക്ഷനുകളുടെ 58713545 - രൂപ കുടിശ്ശികയുള്ളത് ആംനസ്റ്റി അദാലത്തിൽ ഉൾപ്പെടുത്തി ഇളവ് നൽകണമെന്ന നഗരസഭയുടെ കത്തുമാനിച്ച് 30119322- രൂപ ഇളവ് അനുവദിക്കാം എന്നും 29341069- രൂപ എത്രയും വേഗം അടയ്ക്കണം എന്നുമുള്ള KWA യുടെ കത്തിന് നഗരസഭയുടെ സാമ്പത്തിക സ്ഥിതി കാണിച്ചുകൊണ്ട് മറുപടി നൽകുന്നതിന് തീരുമാനിച്ചു. –

**( തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.)**

18. 4/16-12-22 - കെട്ടിടം- മുറികളുടെ ലൈസൻസ് കൈമാറ്റം - കൗൺസിലിന്റെ അനുവാദത്തോടെ ലൈസൻസ് കൈമാറ്റം അനുവദിക്കാമെന്ന് നിയമോപദേശം ലഭിച്ചിട്ടുള്ളതിനാൽ അപ്രകാരം ഓഡിറ്റ് റിപ്പോർട്ട് ന മറുപടി നൽകുന്നതിനും ഈ വിഷയത്തിന്മേൽ സർക്കാർ സാധൂകരണം ലഭിക്കുന്നതിലേക്കായി കത്ത് അയയ്ക്കുന്നതിനും തീരുമാനിച്ചു. - **(സർക്കാർ സാധൂകരണം ലഭ്യമാക്കിയില്ല. സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.)**

19. 5/30-03-23 -ജീവനക്കാരുടെ പി എഫ് വിഹിതം അതാത് മാസം പതിനഞ്ചാം തീയതിക്കുള്ളിൽ CPF ൽ ഒടുക്കേണ്ടതാണെന്നും എന്നാൽ 1 /22 മുതൽ 10 /22 വരെയുള്ള കാലയളവിലെ പിഎഫ് വിഹിതം ഒടുക്ക് വരുത്തിയതിൽ കാലതാമസം ഉണ്ടായതിനാൽ പിഴപ്പലിശയിനത്തിൽ 90463 -രൂപ ഒടുക്ക് വരുത്തണമെന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ 22-2-23 ലെ കത്ത് ചർച്ച ചെയ്തു. പിഴപ്പലിശ ഒടുക്കാതിരുന്നാൽ കൂടുതൽ തുക പിഴപ്പലിശ ഒടുക്കേണ്ടി വരുമെന്നതിനാൽ തുക അടവാക്കുന്നതിനും, സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാണിച്ചുകൊണ്ട് സർക്കാരിലേക്ക് കത്ത് അയക്കുന്നതിനും തീരുമാനിച്ചു. -**( സർക്കാരിൽ നിന്നും അനുകൂല ഉത്തരവ് ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല)**

20. 7/30-03-23- Os 17/20 നംബരായി പാലാ സബ് കോടതിയിലുള്ള കേസിൽ പാലാ മാർക്കറ്റിംഗ് കമ്പനിക്ക് അനുകൂലമായി കോടതി വിധിക്കുകയും നഗരസഭ 1848470- രൂപയും 16-06-20 മുതൽ 9% പലിശയും പാലാ മാർക്കറ്റിംഗ് കമ്പനിക്ക് നൽകാൻ വിധിയ്ക്കുകയും ചെയ്തിരുന്നു. 29 -8 -22ലെ 14 ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന്

തീരുമാനിക്കുകയും അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തു . എന്നാൽ EP 64/2023 നമ്പരായി പാലാ മാർക്കറ്റിംഗ് കമ്പനി നഗരസഭയ്ക്ക് എതിരെ വിധി നടത്തു ഹർജി കോടതിയിൽ ഫയൽ ചെയ്തു. വിഷയം അഭിഭാഷകനുമായി ചർച്ച ചെയ്തു റിപ്പോർട്ട് ചെയ്യുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. വിഷയം മാറ്റി വയ്ക്കുന്നതിൽ കുറേ അംഗങ്ങൾ വിയോജിപ്പും രേഖപ്പെടുത്തി. -**(തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല).**

21. 35/30-03-23 - നഗരസഭ20-21 മുതൽ 21-22 വരെയുള്ള ലൈബ്രറിസെസ്സ് 2560411- അടയ്ക്കാതെ കുടിശ്ശിക വരുത്തിയിട്ടുള്ളതായും തുക രണ്ട് ശതമാനം പലിശ സഹിതം ഒടുക്കണമെന്നും സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി കത്തയച്ചത് ചർച്ച ചെയ്തു .നഗരസഭ തീവ്രമായ സാമ്പത്തിക പ്രതിസന്ധിയിൽ ആണെന്നും തനത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി ഒടുക്കുന്നതിന് ചീഫ് അക്കൌണ്ടന്റിനെ ചുമതലപ്പെടുത്തുകയും പ്രത്യേക സാഹചര്യങ്ങൾ സൂചിപ്പിച്ച് സർക്കാരിലേക്ക് പിഴപ്പലിശ ഒഴിവാക്കുന്നതിന് കത്തയക്കുന്നതിനും തീരുമാനിച്ചു. -( **തൻവർഷം ലൈബ്രറി സെസ് അടവാക്കിയില്ല. പിഴപലിശ ഒഴിവാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവും ലഭ്യമാക്കിയില്ല)**

കമ്മിറ്റി തീരുമാനങ്ങളിന്മേലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് ( നം. 24) മറുപടി ലഭ്യമാക്കിയില്ല. തീരുമാനങ്ങളിൻമേലുള്ള ഭരണതല നടപടികളുടെ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. തീരുമാനങ്ങളിൻമേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ടെന്നതും ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | വാർഷിക ധനകാര്യപത്രിക അംഗീകരിച്ച തീരുമാന നം. / തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2022-23 | 16/19.07.2023 | 16.01.2024 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 ൽ സംയുക്ത പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടില്ല.

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ നഗരസഭ നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് പ്രകാരം ഭൂഗർഭ ജല വകുപ്പിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| ഭൂജലവകുപ്പ് | 242/23, പൂതക്കുന്ന് കുടിവെള്ള പദ്ധതിക്ക് അധിക തുക നൽകൽ | 2160000/- | 0 | 2160000/- |

കുറിപ്പ്:- മുൻവർഷങ്ങളിൽ ഉൾപ്പെടെ നൽകിയ തുക വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

### 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | KURDFC/ ULB- 363/13/ 19.03.13 | 45000000 | 0 | | | 38412652 | |
| കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | | 59094000 | | | | | |
| മൂന്നാനി ലോയേഴ്സ് ചേംബർ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | KURDFC/ ULB- 373/14/ 21.06.19 | 23344382 | കൃത്യമായ വിവരം ലഭ്യമല്ല | | | കൃത്യമായ വിവരം ലഭ്യമല്ല | |
| പി എം എ വൈ – ഭവന നിർമ്മാണം | ജി.ഓ(എംഎസ്) 34/18/16.03.18, ജി.ഒ(എംഎസ്) 110/18/13.08.18 | 1.02 കോടി | 11853332 | 0 | 960000 | | 10,893,332 |
| ദേശീയ ചേരി | സ.ഉ(എംഎസ്) | 383000 | 383000 | | | | 383000 |

| | | | | | | | |
|---|---|---|---|---|---|---|---|
| നിർമ്മാർജ്ജനം | എ1-8326 /99/23-03-2001 | | | | | | |

KURDFC വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. രജിസ്റ്റർ പ്രകാരം KURDFC വായ്പ ഇനത്തിലുള്ള നീക്കിയിരിപ്പ് തുക 38412652/- രൂപയാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് തുക 44161598/- രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ ദേശീയ ചേരി നിർമ്മാർജ്ജനം വായ്പയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല .

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം നഗരസഭയുടെ സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 89839 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 4577 |
| തൻവർഷം പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 94416 |
| ബാങ്ക് | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പാലാ ടൗൺ |
| പലിശ നിരക്ക് | 5.1% |
| കാലാവധി | 15/06/21 മുതൽ 15/06/22 വരെ |

പൂർണ്ണമായ കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മെന്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ ലഭ്യമല്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. സ്ഥിര നിക്ഷേപം 89839/- രൂപയുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല .

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 മുതൽ 2000-01 വരെ | | 2003-04 | 6.4 | ഇൻഡോർ സ്റ്റേഡിയം നിർമ്മാണം പാഴ്ചെലവ് | നഗരസഭയ്ക്ക് ഉണ്ടായതായ 1644092/- രൂപയുടെ നഷ്ടം 12% പലിശ ഉൾപ്പെടെ നഗരസഭാ ചെയർമാനിൽ നിന്നും അന്നത്തെ |

| | | | | | |
|---|---|---|---|---|---|
| | | | | | കൗൺസിൽ അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കുവാൻ LFAC(2010-11)യുടെ 27-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 94 ൽ നിർദ്ദേശിച്ചിരുന്നു. |
| 2005-06 | 2-4 | 2008-09 | 3-2-2 | ജനസേവന കേന്ദ്രം ഓഫീസ് കമ്പ്യൂട്ടർ വത്ക്കരണം ഭീമമായ തുക ഡിപിസി അംഗീകാരമില്ലാതെ ഐ.കെ.എം. ൽ നിക്ഷേപിച്ചു. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | | 2011-12 | പ്രവർത്തനാവലോകനം ഖ.3.2.13 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 3-1 | 2016-17 | 4.6.3 | മുനിസിപ്പൽ പാർക്ക് നിർമ്മാണം - അശാസ്ത്രീയമായ ധനവിനിയോഗവും പ്രവർത്തന കലണ്ടറിന്റെ അപര്യാപ്തതയും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

**4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ (രസീത് & പേയ്മെന്റ് പ്രകാരം) | : 255745631.53 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് & പേയ്മെന്റ് പത്രിക പ്രകാരം) | : 225047673 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : 217823312 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 226217276 |

| | |
|---|---|
| (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1,92,90,561 |

**(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-40 | 1366901 | ശ്രീ. ജൂഹി മരിയ ടോം സെക്രട്ടറി |
| 1-43 | 2160000 | ശ്രീ. ജൂഹി മരിയ ടോം സെക്രട്ടറി |
| 1-44 | 1414145 | ശ്രീ. ജൂഹി മരിയ ടോം സെക്രട്ടറി |
| 1-46-1 | 106000 | ശ്രീ. ജൂഹി മരിയ ടോം സെക്രട്ടറി |
| 1-47 | 1418762 | ശ്രീ. ജൂഹി മരിയ ടോം സെക്രട്ടറി |
| 1-48 | 5241857 | ശ്രീ. സാം മാത്യു സാബു, അസി.എഞ്ചിനീയർ |
| 1-49 | 898766 | ശ്രീ. സാം മാത്യു സാബു, അസി.എഞ്ചിനീയർ |
| 1-50 | 479095 | ശ്രീ. സാം മാത്യു സാബു, അസി.എഞ്ചിനീയർ |
| 1-50-1 | 1589803 | ശ്രീ.സിയാദ് എ, മുനിസിപ്പൽ എഞ്ചിനീയർ |
| | 1627710 | ശ്രീ. സാം മാത്യു സാബു, അസി.എഞ്ചിനീയർ |
| 1-51 | 88695+<br>245867 | ശ്രീ. സാം മാത്യു സാബു, അസി.എഞ്ചിനീയർ |
| 1-54 | 411090 | ശ്രീ. സാം മാത്യു സാബു, അസി.എഞ്ചിനീയർ |
| 1-55 | 129870 | ശ്രീ. സാം മാത്യു സാബു, അസി.എഞ്ചിനീയർ |
| 1-56 | 52000 | ശ്രീ. സാം മാത്യു സാബു, അസി.എഞ്ചിനീയർ |
| | 1700000 | ശ്രീ.ജൂഹി മരിയ ടോം സെക്രട്ടറി |
| 1-58 | 45000 | ശ്രീ.സതീഷ്കുമാർ ജി, ഹെൽത്ത് സൂപ്പർവൈസർ |
| 1-59 | 147500 | ശ്രീ.സതീഷ്കുമാർ ജി, ഹെൽത്ത് സൂപ്പർവൈസർ |
| 1-63 | 69500 | ശ്രീ.സതീഷ്കുമാർ ജി, ഹെൽത്ത് സൂപ്പർവൈസർ |
| 1-64-2 | 64000 | ചന്ദ്രൻ പി, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-65 | 34000 | ശ്രീമതി ജ്യോതി എസ് കുമാർ<br>ഐസിഡിഎസ് സൂപ്പർവൈസർ |
| **ആകെ** | 1,92,90,561 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

ഇല്ല

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91 | എൽ.എഫ്.കെ.(എം.എൽ)1027/99 /7.6.2000 | - |
| 1991-92 | എൽ.എഫ്.കെ.(എം.എൽ)713/96-2.8.97/7.11.97 | - |
| 1992-93 | എൽ.എഫ്.കെ.(എം.എൽ)742/97/18.6.98/ 9.12.98 | - |
| 1996-97 | എൽ.എഫ്.കെ.(എം.എൽ)1166/10/5.1.11 | - |
| 1997-98 | എൽ.എഫ്.കെ.(എം.എൽ) 921/01/ 16.11.2001 / 28.09.2001 | - |
| 1998-99 ചെലവ് | എൽ.എഫ്.കെ.(എം.എൽ)1282/01/9.4.02/ 7.10.02 | - |
| 1999-00 | എൽ.എഫ്.കെ.(എം.എൽ)922/07/4.7.09 /8.9.09 | - |
| 2000-01 | എൽ.എഫ്.കെ.പി.8/626/15/15.4.16 | - |
| 2001-02 | എൽ.എഫ്.കെ.പി.8/625/15/03.12.15 | - |
| 2002-03 ചെലവ് | എൽ.എഫ്.കെ.(എം.എൽ)264/06/22.7.08 /6.9.08 | - |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി 8/628/15/3.12.15 | - |
| 2003-04 വരവ് | എൽ.എഫ്.കെ.പി 8/620/15/15.04.16 | - |
| 2004-05 (ചെലവ്) | എൽ.എഫ്.കെ.(എം.എൽ)924/07/4.7.09/ 8.9.09 | - |
| 2005-06 ചെലവ് | എൽ.എഫ്.കെ.(എം.എൽ)1260/10/16.07.11 /03.08.11 | - |
| 2005-06 വരവ് | എൽ.എഫ്.കെ.പി8/627/15/10.08.15 | - |
| 2006-07 | എൽ.എഫ്.കെ.(എം.എൽ)1319/10/07.01.11 | - |
| 2007-08 | എൽ.എഫ്.കെ.(എം.എൽ)128/11/5.9.11 | - |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.കെ.പി8/236/11/14.3.12 | - |
| 2009-10 | എൽ.എഫ്.കെ.പി8/1622/11/20.4.12 | - |
| 2010-11 | എൽ.എഫ്.കെ.പി8/7/12/11.7.12 | - |
| 2011-12 | എൽ.എഫ്.കെ.പി8/344/13/31.5.13 | - |
| 2012-13 | എൽ.എഫ്.കെ.പി8/379/15/4.6.15 | - |
| 2013-14 | എൽ.എഫ്.കെ.പി8/769/15/28.01.16 | - |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി-8/872/16 /08.02.17 | - |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി-17/656/17/ 18.03.18/21.03.18 | - |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-17/1637/17/ 17.04.18 | - |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി-17/192/19/ 30.08.19 | - |
| 2018-19 | നം.കെ.എസ്.എ-കെ.ടി.എം.പി.17/ 104/2020 /02.11.20 | - |
| 2019-20 | നം.കെ.എസ്.എ-കെ.ടി.എം.പി.17/2087 /2022/ 10.04.2023 | - |
| 2020-21 | നം.കെ.എസ്.എ-കെ.ടി.എം.പി.17/199 /2022/ 20.04.2023 | - |
| 2021-22 | നം.കെ.എസ്.എ-കെ.ടി.എം.പി.17/282 /2023/ 11.12.2023 | - |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 16 dated 19-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pala Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pala Municipality for the year 2022-2023

**Date: 14/03/2024**

**Senior Deputy Director**
**District Office Kottayam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Pala Municipality for the Year 2022-2023 .

**1.Major Observations**

1. Discrepencies/Omissions in carrying forward of the closing balance of Municipal General fund .
2. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not been updated. Depreciation not charged against the corresponding fixed assets and shown separetely as Accumulated Depreciation ÂÂ. Value of certain Fixed Assets are not included in B-11 Schedule (Eg. Value of Municipal Bus Stands).
3. Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contribution of current year are not available.
4. Two accounts of Health grant opened in CANARA bank during the year are not included in the Annual

Financial statement, and balance of Rs.8327096 /- in A/c no.110048958180 as on 31.03.23 not reflected in Schedule B-17.

5. Suchithwa Mission Fund allocated for Salary and Pension-No accounting adjustments have been made in the Annual Financial Statement so as to reflect the liability of Rs.19785400/- on account of fund diversion to be settled.

**2.Other Observations**

1. As the Pension Fund accounts are not kept separately and expenditure on account of Pensionary claims are directly charged, wrongly against ownfund , absolute pension expenditure is booked under the head for Pension Contribution remittance .
2. Advance Amounts Deposited in KWA for deposit works in previous year not fully accounted in Annual Financial Statements.The corresponding schedule (B-18) not reflecting actual position of civil advance to be settled (on receipt of Utilisation certificate from the departments and agencies ).
3. Deposit register not properly maintained . Hence the correctness of B-7 schedule balances can not be ascertained.
4. The balance amounts on 31.03.2023 under the head Works-Civil Works not disclosed in detail.
5. Fixed Deposit Certificate and Investment Register not produced for verification.
6. Due to payment of CFC Grant UnTied fund before getting allotment , the balance amount of UnTied fund became negative in 31/03/2023 balance sheet.
7. Mismatch in Loan balance amount accounted in B-5 schedule and B-16 schedule.
8. Depreciation of Assets accounted for the year has not disclosed in detail and necessary worksheet not maintained.
9. Details of Unsecured Loan Accounted in B-6 Schedule is not produced for verification.
10. Adequate data and adjustment details not provided for verifying capital work in progress .
11. Mandatory financial statements such as ratios, notes on account are not included in AFS ( Hence self disclosure on provisional figures are not made by the Secretary.Ratio analysis on favourable and unfavourable financial indicators are also not possible in the absence of reliable ratios ).
12. Government and other dues register not maintained.(Total liability as per B-9 schedule is Rs.4.54 Cr. as on 31.03.23).
13. Appropriation Control Register(ACR) has not maintained . Hence the correctness of B4 schedule balances cannot be ascertained.(B-4 schedule shows a liability of Rs.1.89 Cr. as on 31.03.23).
14. Advance register not properly maintained . Hence the correctness of B-18 schedule balances cannot be ascertained.(B-18 Schedule is not reliable).
15. Correctness of amounts adjusted as prior periods cannot be ascertained.
16. DCB of various Accural items not prepared. Hence he correctness of B-15 schedule balances can not be ascertained. (B-15 schedule shows Rs.11.15 Cr. as arrears on account of tax and nontax revenues).
17. AUEGS Receipts & Payments does not match with Cashbook.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാലാ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം – 3

## മുൻവർഷ വാടക കുടിശ്ശിക – വിശദാംശം

**RENT ARREAR LIST**

**UPTO 03/22**

| SL. NO | ROOM NO: | NAME | AMOUNT | PERIOD |
|---|---|---|---|---|
| 1 | MCB-S1 | SHINTOMON JACKSON | 226459 | 06/19 to 03/22 |
| 2 | MCB-F24 | SHAJU.V.THURUTHAN | 18123 | 12/20 to 03/23 |
| 3 | MCB-S3 | JANSON ANTONY | 22823 | 04/21 to 03/22 |
| 4 | MCB-S3(1) | SILVY JOHN | 12081 | 04/21 to 03/22 |
| 5 | MCB-S(8) | SHABU PAUL | 10143 | 11/21 to 03/22 |
| 6 | VST F5 | ANILKUMAR V.S | 108994 | 08/19 to 03/22 |
| 7 | NCB F8 | ARUN SEBASTIAN | 32346 | 02/21 to 03/22 |
| 8 | KBT (N) F12 | RAJESH K JACOB | 177432 | 07/20 to 03/22 |
| 9 | KBT (N) S9 | RAJEEV JOSEPH | 33711 | 08/21 to 03/22 |
| 10 | KBT (N) S14 | SANTHOSH K.R | 118201 | 07/19 to 03/22 |
| 11 | KBT (N) S16 | SURYA SOMAN | 36724 | 04/21 to 03/22 |
| 12 | MCCB G11 | PRESIDENT KARSHIKA SANKADANA | 205166 | 12/19 to 03/22 |
| 13 | MCCB G13 | PRESIDENT KARSHIKA SANKADANA | 205166 | 12/19 to 03/22 |
| 14 | MCCB G20 | M.K JOSEPH | 51769 | 04/21 to 03/22 |
| 15 | MCCB F17 | JACOB THOMAS | 38625 | 11/21 to 03/22 |
| 16 | TKRA F2 | SOPHITH V S | 152739 | 4/19 to 03/22 |
| 17 | TKRA S1 | P.K PRAKASH | 268328 | 06/16 to 03/22 |
| 18 | TKRA S2 | ANILKUMAR V S | 167463 | 02/18 to 03/22 |
| 19 | TKRA S3 | ANJUMOL P R | 254422 | 06/16 to 03/22 |
| 20 | TKRA S4 | JYOTHISH KUMAR S NAIR | 9849 | 12/21 to 03/22 |
| 21 | TKRA S5 | JYOTHISH KUMAR S NAIR | 9849 | 12/21 to 03/22 |
| 22 | TKRA S7 | SATHEESH C K | 34587 | 02/21 to 03/22 |
| 23 | TKRA S9 | JINU GEORGE | 78190 | 06/21 to 03/22 |